# മാനന്തവാടി രൂപതാ ബുള്ളറ്റിന്‍

**"ദൈവത്തോട് ചേര്‍ന്നു നില്‍ക്കുവിന്‍;
അവിടുന്ന് നിങ്ങളോടും
ചേര്‍ന്നു നില്‍ക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 05 സെപ്റ്റംബര്‍–2014 ലക്കം 9**

| | |
|---|---|
| ഒറ്റപ്രതി 10 രൂപ | വാര്‍ഷിക വരിസംഖ്യ 120 രൂപ |

# ഉള്ളടക്കം


സർക്കുലർ ........................................................ 05

ലോകമിഷൻ ഞായർ ........................................... 07

സർക്കുലർ ........................................................ 13

അവർക്ക് പാർക്കാൻ ദുരന്ത കൂടാരങ്ങൾ ................. 18

രൂപതാകച്ചേരി വാർത്തകൾ .................................. 22

വൈദികസമ്മേളനം റിപ്പോർട്ട് ............................... 28

ലഹരിവിമുക്ത വർഷാചരണം ............................... 34

ബൈബിൾ അപ്പോസ്തലേറ്റ് ...................................... 45

വൈദികരുടെ മാസധ്യാനം ................................... 47

അവധിക്കാല ക്യാമ്പ് ........................................ 48

മതബോധനരംഗം ................................................ 50

ചെറുപുഷ്പമിഷൻലീഗ് ........................................ 52

*Department of Youth Ministry* ............................ 57

കെ.സി.വൈ.എം. ................................................ 62

കുടുംബപ്രേഷിതത്വം .......................................... 69

വിമൻസ് കമ്മീഷൻ .............................................. 75

സീയോൻ വാർത്തകൾ ......................................... 76

വിൻസെന്റ് ഡി പോൾ സൊസൈറ്റി ..................... 79

സാമൂഹ്യ സേവനരംഗം (WSSS) ............................. 84

കേരള ലേബർ മൂവ്മെന്റ് ................................... 88

റേഡിയോ മാറ്റൊലി ........................................... 89

*Mary Matha Arts & Science College* ....................... 90

*CEADOM* വിദ്യാഭ്യാസ മേഖല ................................. 91

അറിയിപ്പുകൾ ..................................................... 94

പാസ്റ്ററൽ സെന്റർ, പ്രോഗ്രാം .............................. 96

ബിഷപ്സ് പ്രോഗ്രാം .............................................. 97



# സർക്കുലർ

*Circular Letter No. 10/2014*
*Prot. No. 16244/2014*

കർത്താവിനാൽ സ്നേഹിക്കപ്പെട്ട ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, മാതാപിതാക്കളേ, മതബോധനാധ്യാപകരേ, പ്രിയപ്പെട്ട കുട്ടികളേ,

മാനന്തവാടി രൂപതയിൽ ജന്മമെടുത്ത ക്രിസ്തുദാസി സമൂഹം കുട്ടികൾക്കായി ഒരു പുതിയ പരിശീലനപദ്ധതി ഐക്കൺ (EIKON) എന്ന പേരിൽ ആരംഭിക്കുകയാണ്. കുട്ടികളെ യേശുവിന്റെ ഛായയിലും സാദൃശ്യത്തിലും രൂപപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കുറച്ചുകൂടി കൃത്യമായി പറഞ്ഞാൽ ഒരു പരിപൂർണ്ണനേതാവായ യേശുവിന്റെ നേതൃത്വശൈലിയിലേയ്ക്ക് കുട്ടികളെ വളർത്തിക്കൊണ്ടുവരുക എന്നതാണ് ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ഇതിനായി കുട്ടികളെ തെരഞ്ഞെടുത്ത് അവരിൽ ഒളിഞ്ഞു കിടക്കുന്ന കഴിവുകളെ കണ്ടെത്തി വികസിപ്പിക്കാൻ ആവശ്യമായ പരിശീലനം കൊടുക്കുക എന്നതാണ് ഈ പദ്ധതിയുടെ ഒരു പ്രധാന ഭാഗം. അതുപോലെതന്നെ ക്രൈസ്തവമൂല്യങ്ങളിൽ അടിയുറച്ച ഒരു സ്വഭാവം അവരിൽ രൂപീകരിക്കുകയും മത്സരാധിഷ്ഠിതമായ ഇന്നത്തെ ലോകത്തിൽ മത്സരിക്കാനും നല്ല ഫലം പുറപ്പെടുവിക്കുന്നവരാകാനും അവരെ പ്രാപ്തരാക്കാനും ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നു. പദ്ധതിയുടെ വിശദവിവരങ്ങൾ ബഹുമാനപ്പെട്ട ക്രിസ്തുദാസി സഹോദരിമാരിൽ നിന്ന് തന്നെ ലഭിക്കുന്നതാണ്.

ക്രിസ്തുദാസി സമൂഹത്തിലെ സഹോദരിമാരുടെ സാന്നിദ്ധ്യമുള്ള എല്ലാ ഇടവകകളിലേയ്ക്കും ഈ പദ്ധതി ക്രമേണ വ്യാപിപ്പിക്കാൻ അവർ ആഗ്രഹിക്കുന്നു. ഈ യജ്ഞത്തിൽ നിങ്ങളുടെ എല്ലാവരുടെയും, പ്രത്യേകിച്ച് ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ, സഹായ

സഹകരണങ്ങൾ ഉണ്ടാകണം എന്ന് അഭ്യർത്ഥിക്കുന്നു. വളരെ പ്രധാന പ്പെട്ട ഈ ശുശ്രൂഷയേയും അത് നടത്തുന്നവരേയും ഇതിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികളേയും പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥ ത്തിന് ഭരമേൽപ്പിക്കുന്നു. നമ്മുടെ കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽ നിന്നും 2014 ഓഗസ്റ്റ് മാസം 01-ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2014 സെപ്റ്റംബർ 7-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# ലോകമിഷൻ ഞായർ - 2014

## ഫ്രാൻസിസ് പാപ്പായുടെ സന്ദേശം

**പ്രിയ സഹോദരീ സഹോദരന്മാരേ,**

ഇന്നും ധാരാളം പേർ ക്രിസ്തുവിനെ അറിയുന്നില്ല. അതുകൊണ്ട് ക്രിസ്തുവിനെ അറിയാത്തവരെ സംബന്ധിച്ച പ്രേഷിതവേല അടിയന്തിര സ്വാഭാവമുള്ള ഒന്നാണ്. സഭയുടെ എല്ലാ അംഗങ്ങളും ഈ ദൗത്യത്തിൽ പങ്കുചേരാൻ കടപ്പെട്ടവരാണ്. എന്തെന്നാൽ സഭ പ്രകൃത്യാ പ്രേഷിതയാണ്. 'മുന്നേറാൻ' ജനിച്ചവളാണു സഭ. ലോക മിഷൻദിനം സവിശേഷാനുകൂല്യമുള്ള ദിവസമാണ്. അന്ന് വിവിധ ഭൂഖണ്ഡങ്ങളിലെ വിശ്വാസികൾ, മിഷൻ പ്രദേശങ്ങളിലുള്ള യുവസഭ കൾക്ക് സഹായം നല്കാൻ പ്രാർത്ഥിക്കുകയും മൂർത്തമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നു. അത് കൃപാവരത്തി ന്റെയും സന്തോഷത്തിന്റെയും ആഘോഷമാണ്.

അതു കൃപാവരത്തിന്റെ ആഘോഷമാണ്. കാരണം, പിതാവ് അയച്ച പരിശുദ്ധാത്മാവ്, അവിടുത്തെ പ്രവർത്തനത്തോടു വിധേയത്വ മുള്ളവർക്ക് ജ്ഞാനവും ശക്തിയും നല്കുന്നു. അത് സന്തോഷത്തിന്റെ ആഘോഷമാണ്. എന്തെന്നാൽ പിതാവായ ദൈവത്തിന്റെ പുത്രനും ലോകത്തെ സുവിശേഷവത്കരിക്കാൻ അയയ്ക്കപ്പെട്ടവനുമായ യേശുക്രിസ്തു നമ്മുടെ പ്രേഷിതവേലയെ സഹായിക്കുകയും നമ്മോ ടൊപ്പം സഞ്ചരിക്കുകയും ചെയ്യുന്നു. യേശുവിന്റെയും പ്രേഷിതരായ ശിഷ്യരുടെയും സന്തോഷത്തിന് ലൂക്കായുടെ സുവിശേഷത്തിൽ കാണുന്ന (cf 10:21-23) ബൈബിൾപരമായ ഒരു ഐക്കൺ നിർദേശി ക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

1. ദൈവരാജ്യം സമീപിച്ചിരിക്കുന്നുവെന്ന് പ്രസംഗിക്കാനും യേശു വിനെ കണ്ടുമുട്ടാൻ ജനങ്ങളെ ഒരുക്കാനും വേണ്ടി കർത്താവ് എഴുപത്തിരണ്ടു ശിഷ്യന്മാരെ ഈരണ്ടുപേരെവീതം നഗരങ്ങളിലേക്കും ഗ്രാമങ്ങളിലേക്കും അയച്ചുവെന്നു സുവിശേഷകൻ പറയുന്നു. ഈ പ്രഘോഷണദൗത്യം നിർവഹിച്ചിട്ട് ശിഷ്യന്മാർ സന്തോഷഭരിതരായി തിരിച്ചുവന്നു. പ്രഥമവും അവിസ്മരണീയവുമായ ഈ പ്രേഷിതത്വാ നുഭവത്തിന്റെ പ്രബലമായ ഒരു പ്രമേയം സന്തോഷമാണ്. എന്നാലും ദിവ്യഗുരു അവരോട് ഇങ്ങനെ പറഞ്ഞു: "പിശാചുക്കൾ നിങ്ങൾക്കു

കീഴടങ്ങുന്നു എന്നതിൽ നിങ്ങൾ സന്തോഷിക്കേണ്ട; മറിച്ച് നിങ്ങളുടെ പേരുകൾ സ്വർഗത്തിൽ എഴുതപ്പെട്ടിരിക്കുന്നു എന്നതിൽ സന്തോഷി ക്കുവിൻ. ആ സമയം തന്നെ പരിശുദ്ധാത്മാവിൽ ആനന്ദിച്ച് അവൻ പറഞ്ഞു: സ്വർഗത്തിന്റെയും ഭൂമിയുടെയും കർത്താവായ പിതാവേ, അവിടുത്തെ ഞാൻ സ്തുതിക്കുന്നു... അവൻ ശിഷ്യരുടെ നേരേ തിരിഞ്ഞ് അവരോടു മാത്രമായി പറഞ്ഞു: "നിങ്ങൾ കാണുന്നവ കാണുന്ന കണ്ണുകൾ ഭാഗ്യമുള്ളവ" (ലൂക്കാ 10:20-21;23).

വിശുദ്ധ ലൂക്കാ ഇവിടെ മൂന്നു രംഗങ്ങൾ അവതരിപ്പിക്കുന്നു: യേശു ആദ്യം തന്റെ ശിഷ്യരോടു സംസാരിക്കുന്നു. പിന്നീട് പിതാവി നോടും വീണ്ടും ശിഷ്യന്മാരോടും സംസാരിക്കുന്നു. തന്റെ സന്തോഷ ത്തിൽ ശിഷ്യന്മാർ പങ്കുകൊള്ളണമെന്ന് യേശു ആഗ്രഹിച്ചു. ശിഷ്യ ന്മാർ മുമ്പ് അനുഭവിച്ചിട്ടുള്ള എല്ലാ സന്തോഷങ്ങളിൽ നിന്നും വ്യത്യ സ്തവും അവയെക്കാൾ വലുതുമാണ് ഈ സന്തോഷം.

2. ശിഷ്യന്മാർ സന്തോഷംകൊണ്ടു നിറഞ്ഞവരായി. പിശാചു ക്കളിൽ നിന്ന് ആളുകളെ സ്വതന്ത്രരാക്കാനുള്ള കഴിവുകൊണ്ട് ഉത്തേജി തരായി. എന്നാൽ അവർ സ്വീകരിച്ച അധികാരത്തിലല്ല, അവർ സ്വീക രിച്ച സ്നേഹത്തിലാണ് കൂടുതൽ സന്തോഷിക്കേണ്ടതെന്ന് യേശു അവർക്കു മുന്നറിയിപ്പു നല്കി: "എന്തെന്നാൽ നിങ്ങളുടെ പേരുകൾ സ്വർഗത്തിൽ എഴുതപ്പെട്ടിരിക്കുന്നു" (ലൂക്കാ 10:20). ദൈവസ്നേഹ ത്തിന്റെ ഒരനുഭവം ശിഷ്യന്മാർക്കു നല്കപ്പെട്ടു. മാത്രമല്ല ആ സ്നേഹ ത്തിൽ പങ്കു ചേരാനുള്ള സാധ്യതയും അവർക്ക് നല്കപ്പെട്ടു. ഈ അനു ഭവം യേശുവിന്റെ ഹൃദയത്തിൽ കൃതജ്ഞതയുടെയും സന്തോഷത്തി ന്റെയും കാരണമായി. ലൂക്കാ സുവിശേഷകൻ ഈ സന്തോഷപ്രകട നത്തെ ത്രിത്വാത്മകസംസർഗത്തിന്റെ വീക്ഷണത്തിൽ കാണുന്നു. "യേശു പരിശുദ്ധാത്മാവിൽ സന്തോഷിക്കുകയും" പിതാവിങ്കലേക്കു തിരിഞ്ഞ് അവിടുത്തെ സ്തുതിക്കുകയും ചെയ്തു. സ്വർഗത്തിന്റെയും ഭൂമിയുടെയും നാഥനും ജ്ഞാനികളിലും ബുദ്ധിമാന്മാരിലും നിന്നു മറച്ച് ഈ വസ്തുതകൾ ശിശുക്കൾക്കു വെളിപ്പെടുത്തിയവനുമായ (cf ലൂക്കാ 10:21) തന്റെ പിതാവിനോടുള്ള അളവറ്റ പുത്രനടുത്ത സ്നേഹത്തിൽ നിന്നാണ് അഗാധമായ സന്തോഷത്തിന്റെ ഈ നിമിഷം ഉദ്ഭവിക്കുന്നത്. ദൈവം മറച്ചുവയ്ക്കുകയും വെളിപ്പെടുത്തുകയും ചെയ്യുന്നു. സ്തുതി യുടെ ഈ പ്രാർത്ഥനയിൽ അവിടുത്തെ വെളിപ്പെടുത്തലാണ് ശ്രദ്ധേ യമായിട്ടുള്ളത്. എന്താണ് ദൈവം വെളിപ്പെടുത്തുകയും മറച്ചുവയ്ക്കു കയും ചെയ്യുന്നത്? തന്റെ രാജ്യത്തിന്റെ രഹസ്യങ്ങൾ, യേശുവിന്റെ ദൈവികകർത്തൃത്വത്തിന്റെ വെളിപ്പെടുത്തൽ, സാത്താന്റെ മേലുള്ള

വിജയം. തങ്ങളെക്കൊണ്ടുതന്നെ നിറഞ്ഞിരിക്കുകയും എല്ലാ കാര്യങ്ങളും തങ്ങൾക്ക് അറിയാമെന്ന് അവകാശപ്പെടുകയും ചെയ്യുന്നവരിൽ നിന്ന് ദൈവം ഇത് മറച്ചുവച്ചു. അവർ മുൻവിധികൊണ്ട് അന്ധരായിരിക്കുന്നു. ദൈവത്തിന് ഒരു സ്ഥാനവും അവർ നല്കുന്നില്ല. യേശു ആവർത്തിച്ചാവർത്തിച്ച് മുന്നറിയിപ്പു നല്കിയവരും അവിടുത്തെ സമകാലികരുമായ ചിലരെപ്പറ്റി ചിന്തിക്കാൻ ആർക്കും എളുപ്പമുണ്ട്. പക്ഷേ, അപകടം എപ്പോഴുമുണ്ട്. അതു നമ്മെയും ബാധിക്കുന്നു. ചെറിയവർ എന്നു പറയുന്നത് വിനീതരും ലളിതഹൃദയരും ദരിദ്രരും പാർശ്വവത്കരിക്കപ്പെട്ടവരും ശബ്ദമില്ലാത്തവരും ക്ഷീണിതരും ഭാരം വഹിക്കുന്നവരുമാണ്. അവരെയാണ് യേശു അനുഗൃഹീതരെന്നു വിളിച്ചത്. മറിയത്തെയും യൗസേപ്പിനെയും യേശു പ്രഘോഷിക്കാൻ പോയപ്പോൾ വിളിച്ച ഗലീലിയിലെ മത്സ്യബന്ധനക്കാരെയും ശിഷ്യന്മാർ എന്നിവരെയുംക്കുറിച്ച് നാം പെട്ടെന്ന് ചിന്തിക്കുന്നു.

3. "അതേ, പിതാവേ, അതായിരുന്നു അവിടുത്തെ കൃപാപൂർണമായ അഭീഷ്ടം" (ലൂക്കാ 10:21). യേശുവിന്റെ ഈ വാക്കുകൾ അവിടുത്തെ ആന്തരിക സന്തോഷാതിരേകത്തെ പരാമർശിക്കുന്നതായി മനസ്സിലാക്കണം. കൃപാപൂർണമായ എന്നത് മനുഷ്യവംശത്തെ സംബന്ധിച്ച് പിതാവിനുള്ള രക്ഷാകരവും ഉപകാരപ്രദവുമായ പദ്ധതിയെ വിവരിക്കുന്നു. ദൈവികമായ ഈ കൃപാപൂർണതയാണ് യേശുവിനെ സന്തുഷ്ടനാക്കിയത്. പിതാവ് തന്റെ പുത്രനോടുള്ള അതേ സ്നേഹത്തോടെ ജനങ്ങളെ സ്നേഹിക്കാൻ ഇഷ്ടപ്പെട്ടു. ഇതിനോടു സമാനമായ മറിയത്തിന്റെ സന്തോഷപ്രകടനവും ലൂക്കാസുവിശേഷകൻ സൂചിപ്പിക്കുന്നുണ്ട്: "എന്റെ ആത്മാവ് കർത്താവിന്റെ മഹത്ത്വത്തെപ്പറ്റി പ്രഘോഷിക്കുന്നു. എന്റെ മനസ്സ് എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു" (ലൂക്കാ 1:47). ഇതാണ് രക്ഷയിലേക്കു നയിക്കുന്ന സദ്വാർത്ത. അതിശ്രേഷ്ഠ സുവിശേഷപ്രഘോഷകനായ യേശുവിനെ ഉദരത്തിൽ വഹിക്കുന്ന മറിയം ഏലീശ്വായെ കണ്ടുമുട്ടുകയും പരിശുദ്ധാത്മാവിൽ സന്തോഷിക്കുകയും മഹത്ത്വകീർത്തനം (Magnificat) ആലപിക്കുകയും ചെയ്തു. യേശു തന്റെ ശിഷ്യരുടെ ദൗത്യനിർവഹണത്തിലുള്ള വിജയവും തത്ഫലമായി അവർക്കുണ്ടായ സന്തോഷവും കണ്ട് പരിശുദ്ധാത്മാവിൽ സന്തോഷിച്ചു. തന്റെ പിതാവിനെ വിളിച്ചു പ്രാർത്ഥിക്കുകയും ചെയ്തു. ഈ രണ്ടുസംഭവങ്ങളിലും രക്ഷയ്ക്കായുള്ള പ്രവർത്തനത്തിലുള്ള സന്തോഷവും പിതാവിനു പുത്രനോടുള്ള സ്നേഹവും നമ്മിലേക്കു വരുന്നു. പരിശുദ്ധാത്മാവിലൂടെ അതു നമ്മിൽ നിറയുന്നു. പരിശുദ്ധത്രിത്വത്തിന്റെ ജീവിതത്തിൽ നമുക്കു പങ്കു നല്കുകയും ചെയ്യുന്നു.

പിതാവാണ് സന്തോഷത്തിന്റെ ഉറവിടം. പുത്രനാണ് അതിന്റെ ആവിഷ്കരണം, പരിശുദ്ധാത്മാവാണ് അതിന്റെ ദായകൻ. മത്തായി സുവിശേഷകൻ പറയുന്നതനുസരിച്ച് യേശു പിതാവിനെ സ്തുതിച്ചിട്ട് ഉടനെതന്നെ ഇങ്ങനെ പറഞ്ഞു: "അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം. ഞാൻ ശാന്തശീലനും വിനീതഹൃദയനുമാകയാൽ എന്റെ നുകം വഹിക്കുകയും എന്നിൽ നിന്നു പഠിക്കുകയും ചെയ്യുവിൻ. അപ്പോൾ നിങ്ങൾക്ക് ആശ്വാസം ലഭിക്കും. എന്തെന്നാൽ എന്റെ നുകം വഹിക്കാൻ എളുപ്പമുള്ളതും ചുമട് ഭാരം കുറഞ്ഞതുമാണ്" (മത്താ. 11:28-30). യേശുവിനെ കണ്ടുമുട്ടുന്ന എല്ലാവരുടെയും ഹൃദയത്തിലും ജീവിതത്തിലും സുവിശേഷത്തിന്റെ സന്തോഷം നിറയുന്നു. അവിടുന്നു നല്കുന്ന രക്ഷയുടെ വാഗ്ദാനം സ്വീകരിക്കുന്നവർ പാപത്തിൽ നിന്നും ദുഃഖത്തിൽ നിന്നും ആന്തരിക ശൂന്യതയിൽ നിന്നും ഏകാന്തതയിൽ നിന്നും സ്വതന്ത്രരായിത്തീരുന്നു. ക്രിസ്തുവിനോടുകൂടെ സന്തോഷം നിരന്തരം പുതുതായി ജനിക്കുന്നു" *(Evangelii Gaudium, 1).*

യേശുവുമായുള്ള ഈ കണ്ടുമുട്ടലിന്റെ അനന്യമായ അനുഭവം കന്യകാമറിയത്തിനുണ്ടായി. അങ്ങനെ അവൾ "നമ്മുടെ സന്തോഷത്തിന്റെ കാരണ"മായിത്തീർന്നു. യേശുവിനെ അനുഗമിക്കാനും സുവിശേഷം പ്രഘോഷിക്കാൻ യേശുവിനാൽ അയയ്ക്കപ്പെടാനുമുള്ള വിളി ശിഷ്യന്മാർ സ്വീകരിച്ചു (cf.മർക്കോ 3:14). അതുകൊണ്ട് അവർ സന്തോഷം നിറഞ്ഞവരായി. നമുക്കും എന്തുകൊണ്ട് ഈ സന്തോഷത്തിന്റെ അതിസമൃദ്ധിയിലേക്കു പ്രവേശിച്ചുകൂടാ?

4. ''ഉപഭോഗസംസ്കാരം നിറഞ്ഞിരിക്കുന്ന ഇന്നത്തെ ലോകത്തിലെ വലിയ അപകടം ഇതാണ്: തൃപ്തിപ്പെട്ടതും എന്നാലും ദുരാഗ്രഹം നിറഞ്ഞതുമായ ഹൃദയത്തിൽ നിന്നുണ്ടാകുന്ന ഒറ്റപ്പെടലും തീവ്രവേദനയും, ക്ഷണികസുഖങ്ങൾക്കുവേണ്ടിയുള്ള ഭ്രാന്തമായ അന്വേഷണവും, മൂർച്ചയില്ലാത്ത മനസ്സാക്ഷിയും'' *(Evangelii Gaudium,2).* യേശുകൊണ്ടുവന്ന രക്ഷ സ്വീകരിക്കുകയെന്നത് മനുഷ്യവംശത്തിന്റെ വലിയ ഒരാവശ്യമാണ്. യേശുവിന്റെ സ്നേഹത്താൽ കൂടുതൽ കൂടുതൽ ആശ്ലേഷിക്കപ്പെട്ടവരും ദൈവരാജ്യത്തിനും സുവിശേഷസന്തോഷത്തിന്റെ പ്രഘോഷത്തിനുംവേണ്ടിയുള്ള വികാരാഗ്നിയാൽ മുദ്രിതരാക്കപ്പെട്ടവരുമാണ് അവിടുത്തെ ശിഷ്യന്മാർ. കർത്താവിന്റെ എല്ലാ ശിഷ്യന്മാരും സുവിശേഷവത്കരണത്തിന്റെ സന്തോഷം വളർത്താൻ കടപ്പെട്ടവരാണ്. ഈ പ്രഘോഷണത്തിന് ഒന്നാമതായി ഉത്തരവാദിത്വപ്പെട്ടവരാണു മെത്രാന്മാർ. ആ നിലയ്ക്ക് പ്രാദേശികസഭയിലെ പ്രേഷിതത്വ

സമർപ്പണത്തിലുള്ള ഐക്യം വളർത്താൻ അവർക്കു കടമയുണ്ട്. നിത്യം എത്തിച്ചേരാവുന്ന തങ്ങളുടെ അധികാരാതിർത്തിക്കുള്ളിലെന്ന പോലെ ഏറ്റവും അകലെയുള്ള സ്ഥലങ്ങളിലും യേശുവിനെ അറിയിക്കുന്നതിലുള്ള സന്തോഷം അംഗീകരിക്കാൻ അവർക്കു കടമയുണ്ട്. അകലെയുള്ള പ്രദേശങ്ങളിൽ ദരിദ്രരിൽ വലിയ വിഭാഗം ഈ സന്ദേശം കാത്തിരിക്കുന്നുണ്ട്.

ലോകത്തിന്റെ പല ഭാഗങ്ങളിലും വൈദികജീവിതത്തിലേക്കും സന്ന്യാസത്തിലേക്കുമുള്ള വിളിയുടെ ദൗർലഭ്യം അനുഭവിക്കുന്നുണ്ട്. മിക്കപ്പോഴും ഇതിന്റെ കാരണം സമൂഹങ്ങളിൽ പ്രേഷിതതീക്ഷ്ണതയുടെ ആകർഷണമില്ലായ്മയാണ്. സമൂഹങ്ങൾ ആവേശരഹിതമാകുകയും ആകർഷിക്കുന്നതിൽ പരാജയപ്പെടുകയും ചെയ്യുന്നു. ക്രിസ്തുവിനെ കണ്ടുമുട്ടുന്നതിൽ നിന്നും ദരിദ്രരുമായി പങ്കുവയ്ക്കുന്നതിൽ നിന്നുമാണ് സുവിശേഷസന്തോഷം ഉണ്ടാകുന്നത്. ഇക്കാരണത്താൽ തീവ്രതയാർന്ന സാഹോദര്യത്തിന്റെ ജീവിതം നയിക്കാൻ ഇടവക സമൂഹങ്ങളെയും പ്രസ്ഥാനങ്ങളെയും ഗ്രൂപ്പുകളെയും ഞാൻ പ്രോത്സാഹിപ്പിക്കുന്നു. ആ ജീവിതം യേശുവിനോടുള്ള സ്നേഹത്തിലും ഏറ്റവും ദരിദ്രരായിട്ടുള്ളവരോടു പുലർത്തുന്ന താത്പര്യത്തിലും അടിയുറച്ചതായിരിക്കണം. ക്രിസ്തുവിനെ മറ്റുള്ളവരിലേക്ക് എത്തിച്ചുകൊടുക്കുന്നതിലുള്ള സന്തോഷവും ആവേശവും ആഗ്രഹവും ഉള്ള സ്ഥലങ്ങളിലെല്ലാം യഥാർത്ഥ വിളികൾ ഉണ്ടാകും. ഈ വിളികളിൽ പ്രേഷിതവേലയ്ക്കായി അല്മായർക്കുള്ള വിളികളെ അവഗണിക്കരുത്. സഭയിൽ അല്മായർക്കുള്ള തനിമ, ദൗത്യം എന്നിവയെക്കുറിച്ച് വർധമാനമായ ബോധം ഉണ്ടായിട്ടുണ്ട്. സുവിശേഷപ്രചാരണത്തിൽ വർധമാനമായ പ്രാധാന്യമുള്ള ഒരു ധർമം ഏറ്റെടുക്കാൻ അവർ വിളിക്കപ്പെട്ടിരിക്കുന്നുവെന്നത് അംഗീകരിക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് ഫലപ്രദമായ പ്രേഷിതപ്രവർത്തനത്തിനായി അവർക്ക് സമുചിതമായ പരിശീലനം നല്കണം.

5. "സന്തോഷപൂർവം നല്കുന്നവനെയാണ് ദൈവം സ്നേഹിക്കുന്നത്" (2 കോറി 9:7). വിജാതീയർക്കുവേണ്ടിയുള്ള പ്രേഷിതപ്രവർത്തനത്തിൽ സന്തോഷപൂർവം പങ്കെടുക്കാനുള്ള ആഗ്രഹവും ധാർമികകടമയും പുനരുജ്ജ്വലിപ്പിക്കാനുള്ള ഒരവസരവും കൂടിയായിരിക്കണം ലോകമിഷൻ ദിനാചരണം. വ്യക്തികൾ നല്കുന്ന സാമ്പത്തിക സഹായം ഒന്നാമതായി കർത്താവിനും രണ്ടാമതായി മറ്റുള്ളവർക്കും ആത്മസമർപ്പണം നടത്തുന്നതിന്റെ ഒരടയാളമാണ്. ഇങ്ങനെ സ്നേഹത്തിൻമേൽ പടുത്തുയർത്തപ്പെട്ട ഒരു മനുഷ്യവംശത്തിനായുള്ള

സുവിശേഷവത്കരണത്തിനുള്ള ഒരു മാർഗമായിത്തീരും ഈ ഭൗതിക സംഭാവന.

പ്രിയ സഹോദരീസഹോദരന്മാരേ, ഈ ആഗോളമിഷൻ ദിനത്തിൽ ഞാൻ പ്രാദേശികസഭകളെപ്പറ്റി ചിന്തിക്കുന്നു. നമ്മൾ സുവിശേഷവത്കരണത്തിന്റെ സന്തോഷം പിടിച്ചുപറിക്കപ്പെട്ടവരാകാതിരിക്കട്ടെ! സുവിശേഷസന്തോഷത്തിൽ മുങ്ങാനും നിങ്ങളുടെ വിളിയും ദൗത്യവും പ്രകാശിപ്പിക്കാൻ കഴിയുന്ന ഒരു സ്നേഹം വളർത്താനും ഞാൻ നിങ്ങളെ ക്ഷണിക്കുന്നു. ആന്തരിക തീർത്ഥാടനം നടത്തുന്നവരെന്ന നിലയിൽ നിങ്ങളുടെ ഹൃദയത്തെ യേശു ക്രിസ്തു ഊഷ്മളമാക്കാൻ നല്കിയ "പ്രഥമസ്നേഹ"ത്തെക്കുറിച്ച് ഓർമിക്കാൻ ഞാൻ നിങ്ങളെ ഓരോരുത്തരെയും ക്ഷണിക്കുന്നു. ആ സ്നേഹം ഗൃഹാതുരത്വത്തിനുവേണ്ടിയല്ല സന്തോഷത്തിൽ സ്ഥിരം നിലനില്ക്കുന്നതിനുവേണ്ടിയാണ് ഓർമ്മിക്കേണ്ടത്. കർത്താവിന്റെ ശിഷ്യന്മാർ അവിടുത്തെ സാന്നിധ്യം മനസ്സിലാക്കുകയും അവിടുത്തെ ഇഷ്ടം നിറവേറ്റുകയും തങ്ങളുടെ വിശ്വാസവും പ്രത്യാശയും സുവിശേഷാത്മകസ്നേഹവും മറ്റുള്ളവരുമായി പങ്കുവയ്ക്കുകയും ചെയ്യുമ്പോൾ സന്തോഷത്തിൽ സ്ഥിരം മുന്നേറും.

വിനീതവും സന്തോഷപൂർണവുമായ സുവിശേഷവത്കരണത്തിന്റെ മാതൃകയായ മറിയത്തിന്റെ മധ്യസ്ഥതയിലൂടെ നമുക്കു പ്രാർത്ഥിക്കാം. സഭ എല്ലാ ജനതകൾക്കും സ്വാഗതമരുളുന്ന ഭവനവും അമ്മയും നമ്മുടെ ലോകത്തിന്റെ പുനർജനനത്തിനുള്ള ഉറവിടവും ആയിത്തീരാൻ വേണ്ടി പ്രാർത്ഥിക്കാം.

വത്തിക്കാനിൽ നിന്ന് 8 ജൂൺ 2014, പെന്തക്കുസ്താത്തിരുനാൾ ദിവസം

**ഫ്രാൻസിസ് പാപ്പാ**

# കെസിബിസി വിദ്യാഭ്യാസ കമ്മീഷൻ പുറപ്പെടുവിക്കുന്ന

## സർക്കുലർ

അഭിവന്ദ്യ പിതാക്കന്മാരേ, സമർപ്പിതസമൂഹശ്രേഷ്ഠരേ, വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ചുമതല വഹിക്കുന്ന വന്ദ്യവൈദികരേ, ബഹുമാനപ്പെട്ട സഹോദരിമാരേ, സ്ഥാപനങ്ങളിലെ അധ്യാപക അനധ്യാപക ശുശ്രൂഷകരേ,

കത്തോലിക്കാസഭയുടെ വിദ്യാഭ്യാസദർശനം നിങ്ങളുമായി പങ്കുവെയ്ക്കുന്നതിനും നമ്മുടെ കലാലയങ്ങളിലും വിദ്യാലയങ്ങളിലും മൂല്യബോധനക്ളാസ്സുകൾ തികഞ്ഞ ഗൗരവത്തോടും നിരന്തരമായ ശ്രദ്ധയോടും കൂടി നിർവ്വഹിക്കണമെന്ന് ഓർമ്മിപ്പിക്കുന്നതിനും വേണ്ടിയാണ് ഈ സർക്കുലർ നിങ്ങൾക്ക് അയക്കുന്നത്. നിങ്ങൾക്കറിയാവുന്നവയും അനുവർത്തിക്കുന്നവയുമാണെങ്കിലും ഇടയ്ക്കിടെ ഓർമ്മിപ്പിക്കുന്നത് കൂടുതൽ പ്രോത്സാഹജനകമാകുമെന്ന് പ്രതീക്ഷിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലും, ഭാരതകത്തോലിക്കാമെത്രാൻ സമിതിയും നമ്മുടെ വിദ്യാഭ്യാസപ്രവർത്തനങ്ങൾക്കായി നല്കിയിട്ടുള്ള മാർഗ്ഗരേഖകളുടെ വെളിച്ചത്തിൽ നമ്മുടെ പ്രവർത്തനങ്ങൾ വിലയിരുത്തുവാൻ ഈ കത്ത് സഹായിക്കട്ടെ.

കത്തോലിക്കാസഭ അമ്മയെന്ന നിലയിൽ മനുഷ്യമക്കളുടെ സാമൂഹിക ഉന്നമനത്തിനും ഉൽക്കർഷത്തിനുമായി നിരവധി പരിശ്രമങ്ങൾ വിവിധങ്ങളായ പദ്ധതികളിലൂടെ നടത്തുന്നത് ഏവരും അംഗീകരിക്കുന്ന കാര്യമാണല്ലോ. അതിൽ പ്രഥമസ്ഥാനം വിദ്യാഭ്യാസത്തിനാണ്. ലോകത്തിൽ യഥാർത്ഥ ഐക്യവും സമാധാനവും മറ്റു മനുഷ്യരുമായി സഹോദരതുല്യമായ സൗഹൃദവും സ്ഥാപിക്കുന്നതിന് വിദ്യാഭ്യാസം ഉപകരിക്കുമെന്ന ബോധ്യത്തോടെയാണ് സഭ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നത്. അതുകൊണ്ട് ഓരോ വ്യക്തിയുടെയും സ്വഭാവത്തിനും ലിംഗഭേദത്തിനും സംസ്കാരത്തിനും ദേശീയ പാരമ്പര്യത്തിനും അനുരൂപമായ പദ്ധതികളിലൂടെ ഓരോരുത്തർക്കും

തങ്ങളുടെ ലക്ഷ്യപ്രാപ്തിക്ക് ഉതകുന്ന വിദ്യാഭ്യാസം നൽകാനാണ് സഭ ആഗ്രഹിക്കുന്നത്. മനുഷ്യവ്യക്തിയെന്ന മാഹാത്മ്യത്തിന്റെ ഉടമകളെന്ന നിലയിൽ ആർക്കും അന്യാധീനപ്പെടുത്താൻ പാടില്ലാത്തതാണ് വിദ്യാഭ്യാസത്തിനുള്ള അവകാശം. ഏതു ജാതിയിലോ മതത്തിലോ പരിതസ്ഥിതിയിലോ പ്രായത്തിലോ ആയിരിക്കട്ടെ വിദ്യാഭ്യാസത്തിനുള്ള അവകാശം നിഷേധിക്കപ്പെടാൻ പാടില്ല. കാരണം മന:ശാസ്ത്രത്തിലും ബോധനശാസ്ത്രത്തിലും ധാർമ്മികശാസ്ത്രത്തിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന പുരോഗതിക്കനുസൃതമായി ശാരീരികവും ബൗദ്ധികവും ധാർമ്മികവുമായ സ്വഭാവഗുണങ്ങൾ സമന്വയിപ്പിച്ച് കരുത്തുള്ളവരായി വളർന്നു വരുവാൻ കുട്ടികളും യുവജനങ്ങളും സഹായിക്കപ്പെടുന്നത് വിദ്യാഭ്യാസത്തിലൂടെയാണ്.

എന്തിനുവേണ്ടിയാണ് നാം വിദ്യ അഭ്യസിപ്പിക്കുന്നത്? പലപ്പോഴും ഗൗരവപൂർവ്വം ഈ ചോദ്യം ഉന്നയിക്കപ്പെടുന്നില്ല. ഉപജീവനോപാധികൾ കണ്ടെത്താൻ സഹായിക്കുകയെന്ന ലളിതമായ ഉത്തരം നൽകി കടന്നുപോകാനാണ് നാം ശ്രമിക്കുന്നത്. എന്നാൽ, സഭ അഞ്ച് പ്രധാന ആശയങ്ങൾ മുന്നോട്ടു വയ്ക്കുന്നു.

1. കുട്ടികളും യുവജനങ്ങളും സ്വജീവിതത്തിൽ സ്ഥിരപരിശ്രമം വഴി പരിശീലിക്കേണ്ട തികഞ്ഞ ഉത്തരവാദിത്വബോധം നേടിയെടുക്കുന്നതിന് അവരെ വിദ്യ അഭ്യസിപ്പിക്കണം.
2. സാമൂഹികജീവിതത്തിൽ ഭാഗഭാഗിത്വം വഹിക്കുന്നതിന് ആവശ്യമായ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന് നാം അവരെ വിദ്യ അഭ്യസിപ്പിക്കണം.
3. മനുഷ്യ സമ്പർക്കസമൂഹങ്ങളിൽ ഉൾചേരുന്നതിന് അവർ പരിശീലിപ്പിക്കപ്പെടണം.
4. പൊതുനന്മയ്ക്കായുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് അവർ പ്രാപ്തരാകണം.
5. ധാർമ്മികമൂല്യങ്ങൾ ശരിയായ മനസ്സാക്ഷിയോടെ വിലയിരുത്തുന്നതിനും നിഷ്ഠയോടെ ആശ്ലേഷിക്കുന്നതിനും അവർ കരുത്തുള്ളവരായിത്തീരണം.

നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങൾ തങ്ങളുടെ വിദ്യാർഥികളിൽ സന്നിവേശിപ്പിക്കേണ്ട ഗുണങ്ങൾ എന്തൊക്കെയാണെന്നും സഭ നിഷ്കർഷിക്കുന്നുണ്ട്.

1. ബൗദ്ധികമായ കഴിവുകൾ.
2. തെറ്റും ശരിയും വിവേചിക്കാനുള്ള കഴിവ്.
3. പൂർവ്വികരുടെ സംസ്കാരപൈതൃകം എന്തെന്നു ബോധ്യപ്പെടുത്തൽ.

4. സനാതനമൂല്യങ്ങളിൽ അവബോധമുള്ളവരാകൽ.
5. തൊഴിൽപരമായ നൈപുണികൾ വികസിപ്പിക്കൽ.
6. കൂട്ടായ്മയുടെ പ്രാധാന്യവും പ്രസക്തിയും.
7. പരസ്പരം മനസ്സിലാക്കുന്നതിനുള്ള ചൈതന്യം.

അങ്ങനെ ഓരോ വിദ്യാഭ്യാസ സ്ഥാപനവും മാതാപിതാക്കളും, അധ്യാപകരും, സാംസ്കാരിക, രാഷ്ട്രീയ, മതസമൂഹങ്ങളും ഒരു പോലെ പങ്കു വഹിക്കുന്ന പ്രവർത്തനങ്ങൾക്കും വളർച്ചയ്ക്കുമുള്ള പൊതുവേദികളായി പരിണമിക്കണമെന്ന് സഭ പഠിപ്പിക്കുന്നു.അങ്ങനെ വരുമ്പോൾ വിദ്യാഭ്യാസപ്രക്രിയയിൽ എല്ലാവർക്കും തുല്യവും ഗൗരവപൂർണ്ണവുമായ ഉത്തരവാദിത്വമുണ്ടെന്ന വസ്തുത അംഗീകരിക്കപ്പെടും.

ഓരോ സ്ഥലത്തെയും പ്രത്യേകതകൾക്കനുസൃതമായി അനുരൂപമായ വിദ്യാഭ്യാസസമ്പ്രദായങ്ങളും പഠന പദ്ധതികളും കണ്ടുപിടിക്കണമെന്ന് സഭ വിശ്വാസസമൂഹത്തോട് ആവശ്യപ്പെടുന്നുണ്ട്. അവ ശരിയായവിധം പരിശീലിപ്പിക്കുന്നതിന് സമർത്ഥരായ അധ്യാപകരെ രൂപീകരിക്കുന്ന ഉത്തരവാദിത്വവും അവർക്കു തന്നെയാണെന്നും, ധാർമ്മികബോധനം നൽകുന്നതിൽ നിർബന്ധബുദ്ധിയുണ്ടാകണമെന്നും സഭ നിഷ്കർഷിക്കുന്നു. സഭയുടെ വിദ്യാഭ്യാസസ്ഥാപനങ്ങൾ തീർച്ചയായും സഭയുടെ സജീവമായ സാന്നിദ്ധ്യമാണ് സമൂഹമധ്യേ പ്രകാശിപ്പിക്കുന്നത്. മാത്രമല്ല സ്വാതന്ത്ര്യത്തിന്റെയും സ്നേഹത്തിന്റെയും സുവിശേഷചൈതന്യത്താൽ സജീവമായ അന്തരീക്ഷമായിരിക്കണം സ്ഥാപനാങ്കണത്തിൽ ഉണ്ടാകേണ്ടതെന്നും സഭ ബന്ധപ്പെട്ടവരെ ഓർമ്മിപ്പിക്കുന്നു. അധ്യാപകരാകട്ടെ, ബൗദ്ധികവിഷയങ്ങളിൽ ബിരുദമുള്ളവർ മാത്രമായാൽപ്പോരാ, അവർ അധ്യാപനകലയിൽ നിപുണരും തമ്മിൽതമ്മിലും വിദ്യാർത്ഥികളോടും സ്നേഹം പുലർത്തുന്നവരുമായിരിക്കണം. അവർ തങ്ങളുടെ ജീവിതം വഴിയും പ്രബോധനം വഴിയും ഏകഗുരുവായ യേശുക്രിസ്തുവിനു സാക്ഷ്യം വഹിക്കണം. പാഠ്യവിഷയങ്ങൾക്കു പുറമേ വ്യക്തിജീവിതവിശുദ്ധിക്കു സഹായകരമായ ഉപദേശവും സ്നേഹവും നൽകി കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നവരുമായിരിക്കണം. ഇതിന് മനസ്സിന്റെയും ഹൃദയത്തിന്റെയും സവിശേഷമായ കഴിവുകളും അങ്ങേയറ്റം ശുഷ്കാന്തിയോടെയുള്ള ഒരുക്കവും തുടർച്ചയായ നവീകരണത്തിനും അനുരൂപണത്തിനുമുള്ള സന്നദ്ധതയും ആവശ്യമാണ്.

നമ്മുടെ വിദ്യാഭ്യാസപ്രവർത്തനങ്ങളിൽ അവശ്യം ഉണ്ടായിരിക്കേണ്ട നന്മ സഹകണത്തിന്റേതാണ്.വിദ്യാഭ്യാസപ്രവർത്തനത്തിൽ

അത്യന്താപേക്ഷിതമാണത്. നമ്മുടെ എല്ലാ സ്ഥാപനങ്ങളും ഒരേ ഭൗതിക നിലവാരത്തിലോ ആധുനിക ഭൗതിക സംവിധാനങ്ങളുടെ കാര്യത്തിലോ തുല്യമായിരിക്കില്ല. എന്നാൽ ഒരേ ലക്ഷ്യമാണ് നമ്മുടേത് എന്നതുകൊണ്ട് സഹകരണത്തിന്റെ വലിയ പാഠം സമൂഹത്തെ പഠിപ്പിക്കാൻ നമുക്കു കഴിയും. അതിനാൽ സ്ഥാപനങ്ങൾ തമ്മിൽ യുക്തമായ ഏകോപനമുണ്ടാകുന്നതും ഒരുമിച്ചുള്ള സമ്മേളനങ്ങൾ കൂടുന്നതും ശാസ്ത്രഗവേഷണങ്ങൾ പങ്കുവെയ്ക്കുന്നതും കണ്ടുപിടുത്തങ്ങളും അധ്യാപകരുടെ സേവനങ്ങളും കൈമാറുന്നതുമൊക്കെയായി പരസ്പരസഹകരണത്തിന് ഉതകുന്നവ പ്രോത്സാഹിപ്പിക്കാൻ നമുക്കു കഴിയണം. കാരണം മനുഷ്യസമൂഹത്തിന്റെ നന്മയാണല്ലോ ഈദൃശ പ്രവൃത്തികളുടെ ലക്ഷ്യങ്ങൾ.

ചുരുക്കത്തിൽ സനാതനമൂല്യങ്ങളും ക്രൈസ്തവമൂല്യങ്ങളും പങ്കു വെയ്ക്കപ്പെടുകയാണ്. പ്രകൃതിയെയും മനുഷ്യനെയും ഇതര ജീവജാലങ്ങളെയും അർഹിക്കുന്ന ആദരവോടെ പരിഗണിക്കാനും പരിചരിക്കാനും പരിപോഷിപ്പിക്കാനും ക്രിസ്തുസ്നേഹത്തിൽ പരിശീലിപ്പിക്കുകയാണ്. നന്മയും തിന്മയും ശരിയും തെറ്റും വിവേചിക്കാനും നന്മയെ നിഷ്ഠയോടെ ആശ്ലേഷിക്കാനും ശരിയുടെ ഭാഗത്ത് ചങ്കുറപ്പോടെ പക്ഷം ചേരുവാനും സുവിശേഷചൈതന്യത്താൽ പ്രേരിതരായി പരസ്നേഹപ്രവർത്തികളിൽ വ്യാപരിക്കുവാനും കത്തോലിക്കാവിദ്യാലയങ്ങളിൽ നിന്ന് പഠിച്ചിറങ്ങുന്ന വിദ്യാർഥികൾ പ്രാപ്തരാകണം. അതിനു സഹായകരമാകുംവിധം മൂല്യബോധനക്ളാസ്സുകൾ ക്രമീകരിക്കുകയും പൊതുവായ സിലബസ് എല്ലാവരും അനുവർത്തിക്കുകയും വേണം. സഭയുടെ കാഴ്ചപ്പാടുകൾ വ്യക്തമാക്കുന്നതും സനാതനമൂല്യങ്ങൾ പരിശീലിപ്പിക്കാൻ കഴിയുന്നതുമായ പാഠപുസ്തകങ്ങൾ തയ്യാറാക്കപ്പെടണം. ഈ ചിന്തകളുടെ വെളിച്ചത്തിൽ നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നൽകിവരുന്ന മൂല്യബോധനക്ളാസ്സുകൾക്ക് ഒരു ഏകോപനം ഉണ്ടാകണമെന്ന് കഴിഞ്ഞ ജൂൺ മാസത്തിലെ കെ.സി.ബി.സി. യോഗത്തിൽ ധാരണയായി. അടുത്ത അധ്യയനവർഷം മുതൽ നമ്മുടെ എല്ലാ മലയാളം, ഇംഗ്ളീഷ് മീഡിയം വിദ്യാലയങ്ങളിലും പന്ത്രണ്ടാം ക്ലാസ്സുവരെയുള്ള കുട്ടികളെ പരിശീലിപ്പിക്കുവാൻ ഉതകുന്ന മൂല്യബോധന പുസ്തകങ്ങൾ പി.ഒ.സി.യിൽ നിന്ന് പ്രസിദ്ധീകരിക്കുകയും അവ എല്ലാ വിദ്യാലയങ്ങളും ഉപയോഗിക്കുകയും വേണമെന്നാണ് അഭിവന്ദ്യപിതാക്കന്മാർ ആഗ്രഹിക്കുന്നത്. ഇപ്പോൾതന്നെ പല വിദ്യാലയങ്ങളും പി.ഒ.സി. പ്രസിദ്ധം ചെയ്തിട്ടുള്ള മലയാളം ടെക്സ്റ്റു ബുക്കുകൾ ഉപയോഗിക്കുന്നുണ്ട്.

എല്ലാ ക്ലാസ്സുകളിലെയും വാർഷികപരീക്ഷ കെ.സി.ബി.സി. വിദ്യാഭ്യാസകമ്മീഷൻ തയ്യാറാക്കുന്ന ചോദ്യപേപ്പർ ഉപയോഗിച്ചാകണം നടത്തേണ്ടത്. ആയത് മൂല്യബോധനക്ലാസ്സുകളുടെ ചുമതലയുള്ള രൂപതാഡയറക്ടർമാർ വിദ്യാഭ്യാസകമ്മീഷന്റെ ഓഫീസിൽനിന്നും വാങ്ങേണ്ടതും അവരുടെ മേൽനോട്ടത്തിൽ പരീക്ഷകൾ നടത്തി മൂല്യനിർണ്ണയം ചെയ്ത് അർഹരായവർക്ക് രൂപതാതലത്തിൽ പ്രോത്സാഹനങ്ങൾ നൽകേണ്ടതുമാണ്.

എന്നാൽ പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിലെ വാർഷികപരീക്ഷയുടെ ഉത്തരക്കടലാസ്സുകൾ മൂല്യനിർണ്ണയം നടത്തി 80% ത്തിൽ അധികം മാർക്ക് ലഭിക്കുന്ന ഉത്തരക്കടലാസ്സുകൾ കെ.സി.ബി.സി. വിദ്യാഭ്യാസകമ്മീഷന്റെ ഓഫീസ്സിലേക്ക് അയയ്ക്കേണ്ടതാണ്. അവ സംസ്ഥാന തലത്തിൽ പുന:മൂല്യനിർണ്ണയം നടത്തുന്നതും അർഹരായവർക്കു പ്രോത്സാഹനങ്ങൾ നൽകുന്നതുമായിരിക്കും.

കെ.സി.ബി.സി. വിദ്യാഭ്യാസകമ്മീഷന്റെ പ്രവർത്തനങ്ങൾക്ക് നിങ്ങൾ ഓരോരുത്തരും നൽകി വരുന്ന പ്രോത്സാഹനങ്ങൾക്കും സഹകരണങ്ങൾക്കും കൃതജ്ഞത പ്രകാശിപ്പിക്കുന്നു. സഭയുടെ വിദ്യാഭ്യാസ മേഖലയിൽ സജീവമാകാനും ആവശ്യമായ ക്രിയാത്മക നേതൃത്വം കൊടുക്കാനും വിദ്യാഭ്യാസകമ്മീഷൻ കൂടുതൽ ശ്രദ്ധിക്കുന്നതാണ്. ഈ പ്രേഷിതമേഖലയിൽ നിങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ കമ്മീഷനുമായി പങ്കുവെയ്ക്കുന്നതിന് നിങ്ങൾ താത്പര്യം കാണിക്കുമല്ലോ. കഴിയുന്നത്രവിധത്തിൽ നിങ്ങളെ സഹായിക്കാൻ കമ്മീഷൻ പ്രതിജ്ഞാബദ്ധമാണ്.

സഭയുടെ വിദ്യാഭ്യാസരംഗത്തെ എല്ലാ ശുശ്രൂഷകർക്കും പരമഗുരുവായ യേശുക്രിസ്തുവിന്റെ കൃപയും സമാധാനവും ആശംസിക്കുന്നു.

**ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്,**
ചെയർമാൻ, കെ.സി.ബി.സി. വിദ്യാഭ്യാസകമ്മീഷൻ
**ബിഷപ്പ് സാമുവേൽ മാർ ഐറിനോസ്**
**ബിഷപ്പ് വിൻസെന്റ് സാമുവൽ**
വൈസ് ചെയർമാൻ, കെ.സി.ബി.സി. വിദ്യാഭ്യാസകമ്മീഷൻ

---

**NB:- ഈ സർക്കുലർ സൗകര്യപ്രദമായ ഒരു ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കുകയോ ചെയ്യേണ്ടതാണ്.**

# അവർക്ക് പാർക്കാൻ ദുരന്ത കൂടാരങ്ങൾ

മൂല്യങ്ങളിലും ചിരപുരാതനമായ ധാരണകളിലും വന്നുകൊണ്ടിരിക്കുന്ന വിശ്വാസരാഹിത്യമാണ് ലോകസമൂഹം ഇന്നു നേരിട്ടുകൊണ്ടിരിക്കുന്ന ഏറ്റവും വ്യാപകവും ആഴവുമേറിയ ദുരന്തം. മതവും മതാത്മക മൂല്യങ്ങളും സമൂഹം പാരമ്പര്യമായി നെഞ്ചോടുചേർത്തു സൂക്ഷിച്ചുപോരുന്ന സങ്കല്പങ്ങളിലുമുള്ള വിശ്വാസം വ്യർത്ഥമാണെന്ന ചിന്തയാണ് ഇതിന്റെ അടിസ്ഥാനം.

മാനുഷിക മൂല്യങ്ങളും സാമൂഹിക മൂല്യങ്ങളും പഴഞ്ചനും തകർക്കപ്പെടേണ്ടവയുമാണെന്ന് ചിന്തിക്കുന്നവരുടെ എണ്ണം വർദ്ധിച്ചു വരുന്നു. ഈ ചിന്തകൾ ചെന്നു നിൽക്കുന്നത് കുടുംബം, ദാമ്പത്യം, കുടുംബ ബന്ധങ്ങൾ, സാമൂഹിക ബന്ധങ്ങൾ എന്നിവയൊക്കെ വെറും ആചാരങ്ങളും സമൂഹം അടിച്ചേൽപ്പിക്കുന്ന അടിമത്വത്തിന്റെ ചിഹ്നങ്ങളുമാണെന്ന വ്യാജപ്രചാരണത്തിലാണ്. സമ്പത്തും സ്ഥാനമാനങ്ങളും അധികാരവും മാത്രം മൂല്യശ്രേണിയിൽ ഉൾപ്പെടുമ്പോൾ, മതം പുറത്താവുന്ന കാഴ്ച.

എന്നാൽ, തങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച് മതത്തെ സൃഷ്ടിക്കാനുള്ള പ്രവണതയും ഇവിടെയുണ്ട്. വ്യവസ്ഥാപിത മതത്തിന്റെ കെട്ടുപാടുകളിൽ നിന്ന് പുറത്തുചാടി ചില വ്യക്തികൾ തങ്ങളുടെ സ്വാർത്ഥലക്ഷ്യങ്ങൾക്കുവേണ്ടി രൂപപ്പെടുത്തുന്ന ഇത്തരം സംവിധാനങ്ങൾ ഇരുപതാം നൂറ്റാണ്ടിലാണ് പലയിടത്തും തലയുയർത്തിയത്. ക്രൈസ്തവ പരികല്പനയിൽ ഇവയെ 'സെക്ടുകൾ' വിശ്വാസവിരുദ്ധ പ്രസ്ഥാനങ്ങൾ എന്ന് വിളിക്കാം.

സഭയുടെ ആരംഭം മുതൽ വ്യാജ പ്രവാചകന്മാരും അവർ നേതൃത്വം കൊടുത്ത പ്രസ്ഥാനങ്ങളും ഉണ്ടായിട്ടുണ്ട്. ഇസ്രായേൽ ചരിത്രത്തിൽ തുടങ്ങി അപ്പസ്തോലന്മാരുടെ കാലഘട്ടത്തിൽ വരെ ഇതിന്റെ ആദ്യനിഴലാട്ടങ്ങൾ നാം കാണുന്നുണ്ട്. ആധുനിക കാലഘട്ടത്തിൽ തെറ്റായ പഠനങ്ങളിലൂടെ വേരുറപ്പിച്ച ആയിരക്കണക്കിന് സഭാവിഭാഗങ്ങളും ഉപവിഭാഗങ്ങളും രൂപം കൊള്ളുന്നതിനും ചരിത്രം സാക്ഷിയായി. പതിനാറാം നൂറ്റാണ്ടിൽ ജർമ്മനിയിൽ മാർട്ടിൻ ലൂഥറിന്റെ നേതൃത്വത്തിൽ തുടങ്ങിയ പ്രൊട്ടസ്റ്റന്റ് സഭ തന്നെ ഇന്നു എത്രയോ വിഭാഗങ്ങളായി തിരിഞ്ഞിരിക്കുന്നു!

എന്നാൽ ഇതിൽ നിന്നൊക്കെ വ്യത്യസ്തമായാണ് ചില വ്യക്തികൾ ഒറ്റയ്ക്ക് രൂപംകൊടുത്ത ചില പ്രസ്ഥാനങ്ങളുടെ ചരിത്രം. ഇവയെ ഒരിക്കലും സഭകളെന്നു പേരിട്ട് വിളിക്കാനാവില്ല; അവർ അങ്ങനെ അവകാശപ്പെടാറുണ്ടെങ്കിലും ഇവ ചില വിമത പ്രസ്ഥാനങ്ങളും ഗ്രൂപ്പുകളും മാത്രമാണ്. കലയിലും സാഹിത്യത്തിലും ബൗദ്ധിക ചിന്താതലങ്ങളിലും ഓരോരോ കാലത്ത് പൊട്ടിമുളയ്ക്കുകയും ഏതാനും വർഷങ്ങൾക്കുശേഷം രംഗത്തു നിന്നു നിഷ്ക്രമിക്കുകയും ചെയ്യുന്ന മറ്റേതൊരു പ്രസ്ഥാനവുമെന്നപോലെ ഹ്രസ്വമാണ് വിശ്വാസവിരുദ്ധ പ്രസ്ഥാനങ്ങളുടെ ആയുസ്സും.

വിശ്വാസ വിരുദ്ധ പ്രസ്ഥാനങ്ങൾ എന്തുകൊണ്ട് സഭയിലുണ്ടാകുന്നു, എങ്ങനെ അവ വിശ്വാസികളെ സത്യവിശ്വാസ പാതയിൽ നിന്നു അടർത്തി മാറ്റുന്നു, എങ്ങനെ അവ കുറച്ചുകാലത്തേക്കെങ്കിലും അണികളെ അവരോടൊപ്പം ചേർത്ത് നിർത്തുന്നു, പിന്നീട് എങ്ങനെ അവ ക്ഷയിച്ചില്ലാതാവുന്നു എന്നു തുടങ്ങിയ കാര്യങ്ങളെപ്പറ്റി പലരും പഠനങ്ങൾ നടത്തിയിട്ടുണ്ട്. ഇവയെല്ലാം ആഴമേറിയ ചിന്തയ്ക്കും കർമ്മ പരിപാടികൾക്കും സഭാവൃത്തങ്ങളിൽ വഴിയൊരുക്കിയിട്ടുമുണ്ട്.

ഈ പഠനങ്ങളിൽ പൊതുവിൽ കാണുന്ന ഒരു കാര്യമാണ് കൂടുതൽ ശ്രദ്ധേയം. അത് പ്രസ്ഥാനങ്ങളുടെ പ്രവർത്തന ശൈലിയെ സംബന്ധിച്ചുള്ളതും അവയുടെ അന്തസത്തയെ സംബന്ധിച്ചുള്ളവയുമാണ്. അവയുടെ വളർച്ച, പ്രവർത്തനങ്ങൾ, ഒടുവിൽ കൂട്ട ആത്മഹത്യയോ കൂട്ടക്കൊലപാതകമോ വഴിയുള്ള അന്ത്യവും കൗതുകകരമാണ്.

ലോകത്തിൽ ഇതുവരെയുണ്ടായിട്ടുള്ള ക്രൈസ്തവ വിശ്വാസ വിരുദ്ധ പ്രസ്ഥാനങ്ങളുടെ ചരിത്രത്തിലെ എക്കാലത്തെയും വൻ ദുരന്തമായിരുന്നു അമേരിക്കയിലെ 'പീപ്പിൾസ് ടെമ്പിൾ' എന്ന പ്രസ്ഥാനത്തിന്റെ തകർച്ച.

ജയിംസ് വാറൻ ജോൺസ് എന്ന ജിം ജോൺസാണ് 1950 കളിൽ അമേരിക്കയിൽ 'പീപ്പിൾസ് ടെബിൾ' എന്ന പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്. ക്രൈസ്തവനും പ്രാർത്ഥനാ സമ്മേളനങ്ങളിലെ പ്രഗൽഭ പ്രഭാഷകനുമായിരുന്നു ജിം ജോൺസ്. വ്യവസ്ഥാപിത ക്രൈസ്തവ മതത്തിനെതിരെ പ്രതിഷേധമായാണ് സ്വതന്ത്രമായി ഈ പ്രസ്ഥാനം ജിം ജോൺസ് ആരംഭിച്ചത്. ലോകാവസാനം അടുത്തെത്തി, രക്ഷപ്പെടാൻ തന്റെ പ്രസ്ഥാനത്തിൽ ചേരുകയെന്നതായിരുന്നു ജിം ജോൺസിന്റെ ആഹ്വാനം.

തുടക്കത്തിൽ പ്രാർത്ഥന, പ്രഭാഷണം, സംഗീതത്തിലൂടെ സാമൂഹികാരാധന തുടങ്ങിയവയാണ് ഇതിലേക്ക് ആളുകളെ ആകർഷിച്ചത്. എന്നാൽ പിന്നീട് ഇത് ആയുധം ശേഖരിക്കുന്നതിലേക്കും ധാർമിക അരാജകത്വത്തിലേക്കും കൂപ്പുകുത്തുകയായിരുന്നു. 'പീപ്പിൾസ് ടെമ്പിൾ' പ്രസ്ഥാനം സാമൂഹിക ഭദ്രതയ്ക്ക് ഭീഷണിയാവുന്നതിനെതിരെ പൊതുസമൂഹം ആശങ്ക പ്രകടിപ്പിക്കാൻ തുടങ്ങിയപ്പോഴാണ്, അമേരിക്കൻ ഭരണകൂടം പുതിയ പ്രസ്ഥാനത്തിലേക്ക് ശ്രദ്ധ തിരിച്ചത്.

1970 കളുടെ ആരംഭത്തോടെ പീപ്പിൾസ് ടെമ്പിളിന് അമേരിക്കയിൽ പിടിച്ചുനിൽക്കാനാവാതായി. സർക്കാർ ഒട്ടേറെ നിബന്ധനകൾ മുന്നോട്ടു വച്ചത്, പ്രസ്ഥാനത്തിന്റെ സ്വതന്ത്രമായ പ്രവർത്തനങ്ങൾക്ക് വിഘാതം സൃഷ്ടിച്ചു. അങ്ങനെ ജിം ജോൺസ്, സൗത്ത് അമേരിക്കയിലേക്ക് തന്റെ പ്രസ്ഥാനത്തെ പറിച്ചു നട്ടു. മുൻകാലത്ത് ഫ്രഞ്ച് കോളനിയായിരുന്ന ഗയാനയിൽ നാലായിരം ഏക്കർ വരുന്ന വനത്തിന്റെ മധ്യത്തിലായിരുന്നു പുതിയ സങ്കേതം.

എന്നാൽ അവിടെയും പീപ്പിൾസ് ടെമ്പിളിന് സ്വസ്ഥത കിട്ടിയില്ല. അമേരിക്കൻ സർക്കാർ അവരുടെ പ്രവർത്തനങ്ങളെ സൂക്ഷ്മമായി നിരീക്ഷിച്ചുകൊണ്ടിരുന്നു. അമേരിക്കയിലെ മാധ്യമങ്ങളിൽ 'പീപ്പിൾസ് ടെമ്പിളി'നെപ്പറ്റിയുള്ള ബീഭത്സമായ കഥകൾ പ്രചരിക്കാൻ തുടങ്ങിയതോടെ, പൊതുജനങ്ങൾ ശക്തമായി രംഗത്തെത്തി. പ്രസ്ഥാനത്തിൽ ചേർന്നവരുടെ ബന്ധുക്കൾ ഇതിന്റെ മുൻനിരയിലുണ്ടായിരുന്നു. അങ്ങനെ 1978 നവംബറിൽ അമേരിക്കൻ കോൺഗ്രസ് പ്രതിനിധി റയാന്റെ നേതൃത്വത്തിലുള്ള ആയുധധാരികൾ അവർക്കുനേരെ നിറയൊഴിച്ചു. റയാനും മൂന്നു പത്രപ്രവർത്തകരും മറ്റു രണ്ടു പേരും മരിച്ചു വീണു.

ഈ വാർത്ത അറിഞ്ഞു ജനരോഷത്തിൽ അമേരിക്ക പ്രക്ഷുബ്ധമായി. 'പീപ്പിൾസ് ടെമ്പിൾ' എന്ന സാമൂഹിക വിരുദ്ധ പ്രസ്ഥാനത്തിനെതിരെ അതിരൂക്ഷമായ സൈനിക നടപടി ഏതുനിമിഷവും അമേരിക്കയുടെ നേതൃത്വത്തിലുണ്ടാകാമെന്ന ഉദ്വേഗത്തിന്റെ നിമിഷങ്ങളായിരുന്നു തൊട്ടടുത്ത ദിവസങ്ങളിൽ.

ജിം ജോൺസനും വെറുതെയിരുന്നില്ല. തങ്ങൾക്കെതിരെ ഏതു നിമിഷവും അമേരിക്കയുടെ സൈനിക നടപടി ഉണ്ടായേക്കാം എന്ന് അയാൾ കണക്കു കൂട്ടി. അപ്പോഴാണ് അയാൾ തന്റെ വിശ്വരൂപം പുറത്തെടുത്തത്.

അനുയായികളെ വിളിച്ചുകൂട്ടി. ഒരു കുന്നിൻ ചരിവിലായിരുന്നു അത്. സ്ത്രീകളും കുട്ടികളും പുരുഷന്മാരുമുൾപ്പെടെ ആയിരത്തോളം

പേർ. സംഭവങ്ങൾ മറച്ചുവച്ച് അയാൾ പ്രഖ്യാപിച്ചു: സമയം സമാഗത മായി. ലോകാവസാനം ഇതാ, ഇവിടെ നമ്മുടെ പടിവാതിലിൽ. നമുക്ക് പുറപ്പെടാം. പിന്നെ, കുന്നിൻ ചരിവിൽ പലയിടത്തായി നിറച്ചുവച്ചിരുന്ന വിഷദ്രാവക പാത്രങ്ങൾ ചൂണ്ടിക്കാട്ടി അയാൾ ഭ്രാന്തമായി ആക്രോ ശിച്ചു. എടുത്തു കുടിക്കുക; സ്വർഗ്ഗത്തിലേക്ക് എന്നോടൊപ്പം പുറപ്പെടുക. മരണത്തിന്റെ സുന്ദരമായ വാതിൽ കടന്ന്....

സ്ത്രീകളും കുട്ടികളും ഉൾപ്പെടെയുള്ള അനുയായി വൃന്ദം വാവിട്ടു കരഞ്ഞു. കുഞ്ഞുങ്ങൾ അമ്മമാരെ കെട്ടിപ്പിടിച്ചു. ഭാര്യമാരും ഭർത്താക്കന്മാരും പൊന്നോമനകളെ നെഞ്ചോടു ചേർത്തു പിടിച്ചു തേങ്ങി. ജിം ജോൺസിന്റെ കിങ്കരന്മാർ തോക്കുകളുമായി ജനക്കൂട്ട ത്തിലേക്കിറങ്ങി... വിഷം കുടിക്കാൻ വിസമ്മതിച്ചവരുടെ വായിൽ അവർ അതൊഴിച്ചുകൊടുത്തു. എന്നിട്ടു ചെറുത്തു നിന്നവരെ തോക്കിനിര യാക്കി. കുഞ്ഞുങ്ങളുടെചുണ്ടിൽ സയനൈഡ് എന്ന മാരകവിഷം മുലപ്പാലിനൊപ്പം അലിഞ്ഞിറങ്ങി...

അന്ന് 914 പേർ അവിടെ പിടഞ്ഞുവീണു മരിച്ചു. ദിവസങ്ങൾക്കു ശേഷം ആ കൂട്ടക്കുരുതിയുടെ ഹൃദയം പിളർക്കുന്ന കഥയറിഞ്ഞ് ലോകം സ്തംഭിച്ചു നിന്നു... 'പീപ്പിൾസ് ടെമ്പിൾ' അതോടെ ചരിത്ര ത്തിൽ നിന്നു മാഞ്ഞുപോയി...

ഒരു മനുഷ്യൻ മൂലം നിരപരാധികളായ നൂറുകണക്കിനുപേർ വിശ്വാസത്തിൽ നിന്നും വഴിതെറ്റി ഒടുവിൽ സ്വയം നശിച്ച് ദുരന്തം ഏറ്റു വാങ്ങേണ്ടി വന്ന കഥകൾ ഇനിയുമേറെയുണ്ട്. എല്ലാ വിശ്വാസ വിരുദ്ധ പ്രസ്ഥാനങ്ങളുടെയും വിദൂര ചക്രവാളങ്ങളിൽ കാലം കുറിച്ചിടുന്ന ദുരന്ത മുന്നറിയിപ്പുകളെപ്പറ്റി നാം കൂടുതൽ ജാഗരൂകരാകേണ്ടിയിരി ക്കുന്നു.

*കടപ്പാട്: കേരളസഭ ജൂലൈ 2014, പുസ്തകം 45, ലക്കം 7*

# രൂപതാകച്ചേരി വാർത്തകൾ

## സ്നേഹസ്മരണ

സെപ്റ്റംബർ 19-ാം തീയതി ബഹു. ജോർജ് കഴിക്കച്ചാലിൽ, ബഹു. മാത്യു ഇല്ലിയ്ക്കൽ എന്നീ ബഹു. വൈദികരുടെ ചരമദിനമാണ്. അന്നേദിവസം അവരെ നമ്മുടെ പ്രാർത്ഥനകളിലും വി. കുർബാനയിലും പ്രത്യേകം അനുസ്മരിക്കാം.

## പാസ്റ്ററൽ കൗൺസിൽ

മാനന്തവാടി രൂപതയിലെ പാസ്റ്ററൽ കൗൺസിലിന്റെ ഒരു യോഗം 2014 സെപ്റ്റംബർ 13-ാം തീയതി ശനിയാഴ്ച രാവിലെ 10.30 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേരുന്നതാണ്. അംഗങ്ങൾ എല്ലാവരും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. വിശദവിവരങ്ങൾ അംഗങ്ങളെ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്. ആർക്കെങ്കിലും കത്ത് കിട്ടാതെ വന്നാൽ ഇതൊരറിയിപ്പായി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## കൂരിയ അവധി

ബഹുമാനപ്പെട്ട വൈദികരുടെ വാർഷികധ്യാനം പ്രമാണിച്ച് സെപ്റ്റംബർ 14 മുതൽ 19 വരെയും 21 മുതൽ 26 വരെയും രൂപതാകൂരിയ അവധിയായിരിക്കും.

## മതബോധനദിനം

സെപ്റ്റംബർ 28-ാം തീയതി നമ്മുടെ രൂപതയിൽ മതബോധന ദിനമായി ആഘോഷിക്കുകയാണല്ലോ. അന്നേദിവസം വളരെ പ്രത്യേകമായി വിശ്വാസപരിശീലന രംഗത്ത് നമ്മുടെ ഇടവകകളിൽ ത്യാഗബുദ്ധിയോടെയും ആത്മാർത്ഥതയോടെയും സേവനം ചെയ്യുന്ന അധ്യാപകരെ പ്രത്യേകം ഓർത്ത് പ്രാർത്ഥിക്കുകയും രൂപത മുഴുവന്റെയും കൃതജ്ഞതയും അനുമോദനങ്ങളും അറിയിക്കുകയും പ്രത്യേകം ആദരിക്കുകയും ചെയ്യുമല്ലോ. മാതാപിതാക്കളും അധ്യാപകരും ഇടവക ജനം മുഴുവനും ബഹു. വികാരിയച്ചന്മാരോട് ചേർന്ന് നമ്മുടെ കുട്ടി

കളുടെ വിശ്വാസപരിശീലനത്തിൽ അതീവ ശ്രദ്ധ ചെലുത്തണമെന്ന കാര്യം മതബോധന ദിനം നമ്മെ ഓർമ്മപ്പെടുത്തുന്നു.

രൂപതയുടെ മതബോധനപ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്ന ബഹുമാനപ്പെട്ട റോയി വട്ടക്കാട്ടച്ചനെയും അച്ചനോടൊപ്പം പ്രവർത്തിക്കുന്ന രൂപതാ ടീം അംഗങ്ങളെയും ഇത്തരുണത്തിൽ നന്ദി യോടെ ഓർക്കുകയും അവർക്ക് എല്ലാവിധ ഭാവുകങ്ങളും വിജയങ്ങളും ആശംസിക്കുകയും ചെയ്യുന്നു.

രൂപത മതബോധനപ്രവർത്തനങ്ങൾ കൂടുതൽ ക്രിയാത്മകമാകു വാൻ സഹായകമായ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സഹകരണവും ഇടവകകളിൽ നിന്നും പ്രതീക്ഷിക്കുന്നു.

മതബോധനദിനത്തോടനുബന്ധിച്ച് മുൻകൂട്ടി ദൈവജനത്തെ ഉദ്ബോധിപ്പിക്കുകയും അന്നേദിവസം പ്രത്യേക സ്തോത്രക്കാഴ്ച സ്വീകരിച്ച് രൂപതാ കാര്യാലയത്തിൽ എത്തിക്കുകയും ചെയ്യേണ്ടതാണ്.

**സ്വാഗതം**

മാനന്തവാടി രൂപതയുടെ മേരിമാതാ ആർട്സ് ആന്റ് സയൻസ് കോളേജിന്റെ പുതിയ പ്രിൻസിപ്പാളായി ഉത്തരവാദിത്വം ഏറ്റെടുത്തിരി ക്കുന്ന ഡോ. സാബൻ കെ.വി. കുറുന്തോട്ടത്തിന് ഹൃദ്യമായ സ്വാഗ തവും വിജയാശംസകളും.

**അഭിനന്ദനങ്ങൾ**

കഴിഞ്ഞ 19 വർഷങ്ങളായി മുഴുവൻ സമയവും മദ്യനിരോധനം, മദ്യവിരുദ്ധ ജനകീയമുന്നണി, കെ.സി.ബി.സി. മദ്യവിരുദ്ധസമിതി, രൂപത, സംസ്ഥാനതലത്തിൽ ചെയ്ത സേവനങ്ങൾ പരിഗണിച്ച് തിരുവനന്തപുരം റോട്ടറിക്ലബിന്റെ ആഭിമുഖ്യത്തിൽ ഏർപ്പെടുത്തിയ സംസ്ഥാനതലത്തിലുള്ള ജനസേവ അവാർഡിന് അർഹയായ സി. ജോവിറ്റ FCC ക്കും മികച്ച പെയിൻ ആന്റ് പാലിയേറ്റീവ് പ്രവർത്ത കർക്കുള്ള തിരുവനന്തപുരം റോട്ടറി ക്ലബിന്റെ കർമ്മയോഗി അവാർഡിന് അർഹയായ ഡോ. സി. സ്റ്റെഫിന FCC യ്ക്കും അഭിനന്ദ നങ്ങൾ.

**ബഹു. വൈദികരുടെ വാർഷികധ്യാനം**

നേരത്തെ അറിയിച്ചിരുന്നതുപോലെ നമ്മുടെ രൂപതയിലെ ബഹു. വൈദികരുടെ വാർഷികധ്യാനം 2 ബാച്ചുകളിലായി സെപ്റ്റം ബർ 15 മുതൽ 19 വരെയും 21 മുതൽ 26 വരെയും ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നതാണ്. ബഹു. ക്രിസ്റ്റി കപ്പൂച്ചിൻ അച്ചനാണ് ധ്യാനം നയിക്കുന്നത്. തക്കതായ കാരണത്താൽ ധ്യാനത്തിൽ സംബന്ധിക്കാൻ സാധിക്കാത്തവർ എത്രയും വേഗം പാസ്റ്ററൽ

സെന്റർ ഡയറക്ടർ ബഹു. ജോഷി പെരിയപ്പുറം അച്ചനെ വിവരം അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.  മറ്റു ചില കാര്യങ്ങൾകൂടി ഓർമ്മിപ്പിക്കട്ടെ.

1. ധ്യാനവിവരം മുൻകൂട്ടി ഇടവകകളിൽ അറിയിക്കുക. ഇതുവഴി ജനങ്ങൾക്ക് വൈദികർക്കുവേണ്ടി പ്രാർത്ഥിക്കാനും അവരുടെ ആവശ്യങ്ങൾ ക്രമീകരിക്കാനും സാധിക്കും.
2. ധ്യാനത്തിനു വരുമ്പോൾ കുർബാന കണക്ക് നിർബന്ധമായും കൊണ്ടുവരേണ്ടതാണ്. തക്കതായ കാരണത്താൽ ധ്യാനത്തിൽ സംബന്ധിക്കാൻ സാധിക്കാത്തവർ 2013 സെപ്റ്റംബർ മുതൽ 2014 ഓഗസ്റ്റ് 31 വരെയുള്ള ബൈനേഷന്റെ കണക്കുകൾ കത്തു മുഖേനയോ, ഫോൺ വഴിയോ സെപ്റ്റംബർ അവസാനത്തോടെയെങ്കിലും ബിഷപ്സ് ഹൗസിൽ അറിയിക്കേണ്ടതാണ്.
3. PPF-ന്റെ വരിസംഖ്യ നൽകാത്തവർ ധ്യാനത്തിന് വരുമ്പോൾ കൊണ്ടുവരണമെന്ന് ഓർമ്മിപ്പിക്കുന്നു.
4. വളരെ ഗൗരവതരമായ കാരണങ്ങളാൽ ധ്യാനത്തിൽ സംബന്ധിക്കാൻ സാധിക്കാത്തവർ ഡിസംബർ 31 ന് മുൻപായി എവിടെയെങ്കിലും ധ്യാനത്തിൽ സംബന്ധിച്ച് വിവരം അറിയിക്കുകയും കുർബാന കണക്കു പുസ്തകം ബഹുമാനപ്പെട്ട ജനറാളച്ചന്റെ പക്കൽ പരിശോധനയ്ക്ക് എത്തിക്കുകയും ചെയ്യേണ്ടതാണ്.

# ANNUAL RETREAT FOR PRIESTS

## Ist Batch - 2014 September 14 Sunday to 19 Friday

| SN | Rev.Frs. Housename & Name | SN | Rev.Frs. Housename & Name |
|---|---|---|---|
| 1 | Aikkarathazhath Joseph | 14 | Kakkonal Manoj |
| 2 | Ambalathara Francis | 15 | Kalappura Alex |
| 3 | Athickal Mathew | 16 | Kalappura Jose |
| 4 | Chakkittakudiyil James | 17 | Kallumgatharayil Agustine |
| 5 | Chakkittukudy Jose | 18 | Kallupura Johny |
| 6 | Chelackapallil Thomas | 19 | Kappiarumalayil Jose |
| 7 | Chempalayil Augustine | 20 | Karukapally Joseph |
| 8 | Elavanappara Sebastian | 21 | Kassamkuttiyil Sebastian |
| 9 | Elayidathu Mani | 22 | Kattamkottil Joseph |
| 10 | Elemkunnel Sebastian | 23 | Kattuthuruthiyil Thomas |
| 11 | Iykkarakkanayil Thomas | 24 | Kavalakkadan Varghese |
| 12 | Kachirayil Thomas | 25 | Kavumkal Joseph |
| 13 | Kakkattikalayil Sebastian | 26 | Kochuparackal Kurian |

27 Kokkandathil John
28 Kollarthottam Mathew
29 Koottala Paul
30 Korattiparambil Vincent
31 Kottayil Joseph
32 Kulathinal James
33 Kunnath Johny
34 Kuzhikandathil Joseph
35 Madapallikunnel Mathew
36 Madathil Abraham
37 Madathil Sebastian
38 Mampallil Anto
39 Mampallil George
40 Manakkunnel Thomas
41 Mankottil James
42 Mavara Stanislaus
43 Mecheril Joseph
44 Moothedath Thomas
45 Mukkattukavunkal Thomas
46 Mulakudiyankal Varghese
47 Mulavelikunnel Jacob
48 Mundolickal Paul
49 Muthirakalayil Joseph
50 Muthukathaniyil Varghese
51 Muthukattil Shantidas
52 Myladoor George
53 Nanthikatt Joseph
54 Nedumkallel Joseph
55 Nilackappillil Augustine
56 Olickal Thomas
57 Ottaplackal Thomas
58 Padinjarayil George
59 Paikkatt Mathew
60 Painumkal George
61 Palackeel Sebastian
62 Palath Joseph
63 Palathadathil George
64 Parambil Kuriakose
65 Pariyappanal Thomas
66 Periappuram Mathew
67 Pinakkatt Joseph
68 Ponparackal John
69 Poothakkuzhy Jacob
70 Poovathinkal Peter
71 Pullamkunnel Joy
72 Pulpayil Joseph
73 Punakkatt Chandy
74 Puthenpura John
75 Puthenpurackal Mathew
76 Puthukulangara Thomas
77 Puthukulathil John
78 Thekkepera Mathew
79 Therakam Thomas Joseph
80 Thondiparambil Sebastian
81 Thuruthel Thomas
82 Thykunnumpuram Thomas
83 Urumbil Joseph
84 Vadakkancheril Mathew
85 Vadakkemulanjanal Michael
86 Valakodiyil Dominic
87 Valloppilly Joseph
88 Vathelil Abraham
89 Vattakkatt Paul
90 Vazhachalil Thomas
91 Vazhakatt Joseph

**Religious Priests**

1 Chakkanikunnel Paul CMI
2 Kizhakkalamthottam Cyriac CMF
3 Mangalath Antony VC
4 Moonnanal Francis CMI
5 Mukulath Joseph OSFS
6 Njavarakkatt Augustine CST
7 Pathazhathinkal Biju PSDP
8 Peruvelil Thomas CMI
9 Ponnambel Joseph TOR
10 Poovakulath Jose SAC
11 Poovannikunnel Jose CSsR
12 Thenattil Thomas
13 Vadakkel Jovial Joseph O.Pream

## II[nd] Batch - 2014 September 21 Sunday to 26 Friday

| SN | Rev.Frs. Housename & Name | SN | Rev.Frs. Housename & Name |
|---|---|---|---|
| 1 | Ambalathinkal Sebastian | 36 | Malayil Mathew |
| 2 | Changanamthundathil George | 37 | Manikuttiyil Kurian |
| 3 | Chembakkara James | 38 | Manjakunnel Joshy |
| 4 | Chettaniyil Thomas | 39 | Mannoor Thomas |
| 5 | Chettiyassery Joseph | 40 | Maplassery Lukose |
| 6 | Choorapuzhayil John | 41 | Mekkatt Philip |
| 7 | Chozhenparambil John | 42 | Meppurath Chacko |
| 8 | Edakkudiyil Mathew | 43 | Moloparambil Jose |
| 9 | Edayakondattu Paul | 44 | Moolayil Thomas |
| 10 | Elavunkal Johny | 45 | Moonnanal Justin |
| 11 | Kalambukattu Joseph | 46 | Moothedath Mathew |
| 12 | Kalliyatt Devassia | 47 | Mundackal Jose |
| 13 | Kappiarumalayil John | 48 | Munjanattu Mathew |
| 14 | Karuthedath Mathew | 49 | Nadukunnel Abraham |
| 15 | Kattamkottil Thomas | 50 | Nechikatt Joseph |
| 16 | Kattarath Mathew | 51 | Nellikunnel Francis |
| 17 | Kattath Thomas | 52 | Ousepparampil Joseph |
| 18 | Kazhuthadiyil Mathew | 53 | Padinjarayil Mathew |
| 19 | Keezheth Sebastian | 54 | Painumkal Kuriakose |
| 20 | Kizhakkanputhupally Varghese | 55 | Palakatt Augustine |
| 21 | Kizhakkumpuram George | 56 | Pallichankudiyil Mathai |
| 22 | Kocharackal Jose | 57 | Parayil Sebastian |
| 23 | Kochuparackal Mathew | 58 | Parunthanolil Thomas |
| 24 | Koipuram Sebastian | 59 | Paruvummel Joseph |
| 25 | Korandiyarkunnel Paul | 60 | Peedikappara James |
| 26 | Kottackal Stephen | 61 | Perumattikunnel John |
| 27 | Kottaram Jose | 62 | Perumattikunnel Mathew |
| 28 | Koyikattil Thomas | 63 | Perumattikunnel Thomas |
| 29 | Kulirany Jose | 64 | Plassanal Thomas |
| 30 | Kumbukal James | 65 | Ponthottiyil Thomas |
| 31 | Kunnathett James | 66 | Pudussery Martin |
| 32 | Kuthukallunkal Francis | 67 | Pudussery Vincent |
| 33 | Kuttikattukunnel Thomas | 68 | Pulinthanam Jose |
| 34 | Kuttimakkal James | 69 | Punchayil Lucka |
| 35 | Madathinakam Leopold | 70 | Punnakkapadavil Sebastian |

71 Puthanapra Kurian
72 Puthenpurayil Joseph
73 Puthenpurayil Manuel
74 Puthukattil Mathew
75 Thamarasseril Vincent
76 Thanniyil Augustine
77 Thekkanady Jose
78 Therakam George
79 Thondiparambil Joseph
80 Thuruthel Joseph
81 Thuruthel Kuriakose
82 Unnippally Sebastian
83 Vadayaparambil Jose
84 Vadayaparambil Emmanuel
85 Valachanath Cyriac
86 Vattukunnel Issac
87 Vazhakkala Chackochan
88 Vazhakkalayil Jose
89 Vazhayil Kurian

**Religious Priests**

1 Cheradiyil Abraham CMF
2 Ellickal Chacko OFM Cap.
3 Kanjiramparambil Johny MSFS
4 Kulangara Jose TOR
5 Narippara Joseph
6 Parekattil Baby TOR
7 Payyappully Joseph SDV
8 Thalachirayil Santhosh CSJB
9 Thanickal Lijoy O'Carm
10 Thottumkara Manoj O.Praem
11 Vadakkedath Saji MSFS,
12 Vattakatt Thomas CMI

**മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ**

പ്രോട്ടോസിഞ്ചെല്ലൂസ്

# വൈദികസമ്മേളനം റിപ്പോർട്ട്

മാനന്തവാടി രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരുടെയും ഒരു സമ്മേളനം (Priests' Conference) 2014 ഓഗസ്റ്റ് 13-ന് ബുധനാഴ്ച രാവിലെ 10.30 മുതൽ ഉച്ചകഴിഞ്ഞ് 2 മണിവരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. റവ.ഫാ. ബിജു പുന്നയ്ക്കാപടവിൽ നടത്തിയ പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. പ്രോട്ടോസിഞ്ചെല്ലൂസ് മോൺ മാത്യു മാടപ്പള്ളിക്കുന്നേൽ സ്വാഗതം ആശംസിച്ചു. തുടർന്ന് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് ആമുഖ പ്രഭാഷണം നടത്തി. നമ്മളാരും മെത്രാനുവേണ്ടിയോ രൂപതയ്ക്കുവേണ്ടിയോ ജോലി ചെയ്യുന്നവരല്ല എന്നും കർത്താവിനുവേണ്ടി ജോലി ചെയ്യുന്നവരാണ് എന്നുമുള്ള ബോധ്യം നമുക്കുണ്ടാകണം. അങ്ങനെ വരുമ്പോൾ നമ്മുടെ ജീവിതത്തിലുണ്ടാകുന്ന വേദനകൾ സന്തോഷത്തോടെ ഏറ്റെടുക്കാൻ നമുക്ക് സാധിക്കും. പിതാവ് ആമുഖ പ്രഭാഷണത്തിൽ സൂചിപ്പിച്ചു. പൗരോഹിത്യ ജീവിതത്തിൽ രോഗാവസ്ഥയിലും എങ്ങനെ സന്തോഷത്തോടെ ജീവിക്കണം എന്നതിന്റെ ഒരു ഉത്തമ ഉദാഹരണമാണ് മോൺ. ജോർജ് മൂലയിൽ എന്ന് പിതാവ് ചൂണ്ടിക്കാട്ടി. പുരോഹിതരായ നാം മാനുഷിക കാഴ്ചപാടിലൂടെയല്ല കാര്യങ്ങളെ കാണേണ്ടത്, മറിച്ച് ദൈവിക കാഴ്ചപ്പാടിലൂടെ വേണം എല്ലാം കാണുവാൻ. മാനുഷിക പരിഗണനന വച്ച് നോക്കിയാൽ ഒരുപാട് ദു:ഖങ്ങളും വേദനകളും നമ്മൾ സഹിക്കേണ്ടിവരും. എല്ലാം കർത്താവിന്റെ കാഴ്ചപ്പാടിലൂടെ കാണുവാൻ ഒരു വൈദികൻ പരിശ്രമിക്കണം, പിതാവ് ആഹ്വാനം ചെയ്തു.

തുടർന്ന് തൃക്കൈപറ്റ ഇടവക രൂപീകരണത്തെകുറിച്ചും പുഴമുടി സ്വതന്ത്ര കുരിശുപള്ളിയെ ഇടവകയായി ഉയർത്തുന്നതിനെകുറിച്ചും പിതാവ് സൂചിപ്പിച്ചു.

ഫൊറോന വികാരി സ്വന്തം ഇടവകയുടെ മാത്രം ഉത്തരവാദിത്വം ഉള്ള വൈദികൻ അല്ലെന്നും ആ ഫൊറോനയിലെ എല്ലാ ഇടവകകളുടെമേലും ഉത്തരവാദിത്വം ഉണ്ടെന്നും ഫൊറോന വികാരിമാർ ഇടവകകളും രൂപതാ കേന്ദ്രവും തമ്മിൽ ഒരു link ആയി പ്രവർത്തിക്കേണ്ടവരാണെന്നും ഫൊറോന വികാരിക്ക് അതാത് ഫൊറോനകളിൽ പല ഉത്തരവാദിത്വങ്ങളും കടമകളും നിർവ്വഹിക്കാനുണ്ടെന്നും വർഷത്തിൽ ഒരിക്കൽ എങ്കിലും തന്റെ ഫൊറോനയിലുള്ള ഇടവകകൾ ഫൊറോന വികാരിമാർ ഔദ്യോഗികമായി സന്ദർശിക്കണമെന്നും

റിപ്പോർട്ട് കൂരിയായിൽ സമർപ്പിക്കണമെന്നും പിതാവ് പറഞ്ഞു. ഫൊറോനയിലെ വൈദികർ ആരെങ്കിലും രോഗിയായിട്ടുണ്ടെങ്കിൽ അക്കാര്യം രൂപതാകേന്ദ്രത്തെ അറിയിക്കുവാനും പകരം സഹായത്തിന് ഒരു വൈദികനെ കണ്ടെത്തുവാനും ഫൊറോന വികാരി മുൻകൈ എടുക്കണമെന്നും ഫൊറോന വികാരി എന്ന നിലയിലുള്ള ഉത്തരവാദി ത്വങ്ങളും കടമകളും നിർവ്വഹിക്കേണ്ടിവരുമ്പോൾ ഉണ്ടാകുന്ന യാത്രാ ചെലവുകളും മറ്റും അതാത് ഫൊറോനപള്ളിയിൽ നിന്ന് വഹിക്കണ മെന്നും പിതാവ് സൂചിപ്പിച്ചു.

മാനന്തവാടി രൂപതയിൽ ഉടൻതന്നെ Department of Youth Ministry ആരംഭിക്കുന്ന കാര്യവും ഭാവിയിൽ Women's Department, Formation Department എന്നിവ ആരംഭിക്കാൻ ആഗ്രഹിക്കുന്ന കാര്യവും പിതാവ് പങ്കുവച്ചു. കുട്ടികളുടെ രൂപീകരണത്തിനായി രൂപം കൊടുത്ത SKD സിസ്റ്റേഴ്സിന്റെ EIKON എന്ന പ്രോഗ്രാമിനെക്കുറിച്ചും SH സിസ്റ്റേഴ്സിന്റെ SHARE എന്ന പ്രോഗ്രാമിനെക്കുറിച്ചും പിതാവ് സൂചിപ്പിക്കുകയും എല്ലാ വൈദികരുടെയും സഹകരണം ഇക്കാര്യത്തിൽ അഭ്യർത്ഥിക്കുകയും ചെയ്തു.

കുടുംബങ്ങളുടെ അജപാലന ശുശ്രൂഷയിൽ വൈദികർ കൂടുത ലായി ശ്രദ്ധിക്കണമെന്നും വിവാഹിതരാകാൻ ഒരുങ്ങുന്നവർക്ക് വേണ്ടി മാത്രമല്ല വിവാഹിതരായവർക്കുവേണ്ടിയും സെമിനാറുകളും ബോധ വത്ക്കരണ പരിപാടികളും സംഘടിപ്പിക്കണമെന്നും വിവാഹിത രാകാതെ നിൽക്കുന്നവർക്ക് ജീവിത പങ്കാളിയെ കണ്ടെത്താൻ രൂപത യുടെ മാട്രിമോണിയൽ വെബ്സൈറ്റ് ഉപയോഗിക്കുന്നതിന് പ്രോത്സാ ഹിപ്പിക്കണമെന്നും പിതാവ് സൂചിപ്പിച്ചു.

നമ്മുടെ രൂപത നേരിട്ട് നടത്തുന്ന ചിൽഡ്രൻസ് ഹോമിലെ കുട്ടികളുടെ ചെലവുകൾക്ക് ഏതാനും ഫൊറോനകൾ ചേർന്ന് ഫണ്ടു കൾ രൂപീകരിക്കുന്നത് നന്നായിരിക്കുമെന്ന ആശയം പിതാവ് പങ്കുവച്ചു. നമ്മുടെ രൂപതയിൽ ഒരു Housing Fund രൂപീകരിക്കുന്നത് നന്നായിരി ക്കുമെന്ന് പിതാവ് പറഞ്ഞു. ഉദാ: ഒരു ഇടവകയിൽ വീടില്ലാത്ത 10 കുടും ബങ്ങൾ ഉണ്ടെങ്കിൽ വരുന്ന 10 വർഷങ്ങൾകൊണ്ട് ഇടവകയുടെ നേതൃ ത്വത്തിൽ ആ 10 കുടുംബങ്ങൾക്കും വീട് വച്ച് നൽകുക.

ഇടവകകളിൽ ഒരു Building Fund രൂപീകരിക്കുന്നത് നന്നായിരി ക്കുമെന്നും ഈ ഫണ്ടിലേക്ക് മാറ്റി വയ്ക്കുന്ന തുക മറ്റ് ഒരു കാര്യ ത്തിനും ഉപയോഗിക്കാതെ പള്ളിയുടെയും അനുബന്ധകെട്ടിടങ്ങളു ടെയും Maintanence നു വേണ്ടി മാത്രം ഉപയോഗിക്കാനും ആവശ്യ പ്പെട്ടു. സമയാസമയങ്ങളിൽ കെട്ടിടങ്ങളുടെ Maintanence നടത്താൻ വൈദികർ കൂടുതൽ ശ്രദ്ധ ചെലുത്തണമെന്നും പിതാവ് പറഞ്ഞു.

ലഹരിവിമുക്ത വർഷത്തെക്കുറിച്ച് ഇടവകകളിൽ നിന്നും വ്യക്തികളിൽ നിന്നും നല്ല പ്രതികരണങ്ങളാണ് ലഭിക്കുന്നതെന്നും ഈ വർഷം മാത്രം നീണ്ടു നിൽക്കേണ്ട ഒരു വർഷാചരണത്തെക്കാളുപരി പ്രാർത്ഥനയും പ്രവർത്തനവും വഴി ലഹരിവിമുക്ത വർഷാചരണ പരിപാടിയുടെ ലക്ഷ്യം മുന്നോട്ടു കൊണ്ടുപോകണമെന്നും പിതാവ് പറഞ്ഞു. സമർപ്പിതരുടെ വർഷം നമ്മുടെ രൂപതയിൽ ആരംഭിക്കുക 2015 മാർച്ചിനുശേഷമായിരിക്കുമെന്നും പിതാവ് സൂചിപ്പിച്ചു.

പലരും സെക്റ്റുകളിലേക്ക് പോകുന്നതിന്റെ ഒരു കാരണം അവരുടെ ആത്മീയ, ഭൗതിക, മാനസിക ആവശ്യങ്ങൾ നിറവേറ്റപെടാതെ പോകുന്നതുകൊണ്ടു കൂടിയാണെന്നും കുടുംബ കൂട്ടായ്മകൾ സജീവമാക്കുകയും ചർച്ചകൾ നടത്തുകയും വൈദികരുടെയും സമർപ്പിതരുടെയും അത്മായ വിശ്വാസികളുടെയും സജീവമായ ഇടപെടൽ ഇക്കാര്യങ്ങളിൽ ഉണ്ടാകുകയും ദൈവവചനത്തെക്കുറിച്ച് കൂടുതൽ പഠിച്ച് പങ്കുവയ്ക്കാൻ ഏവർക്കും സാധിക്കുകയും ചെയ്യണമെന്ന് പിതാവ് പറഞ്ഞു.

2015 ഏപ്രിൽ 1-ന് മുൻപ് നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും Computerization പൂർത്തീകരിക്കണമെന്നും കണക്കുകളും രജിസ്റ്ററുകളും കംപ്യൂട്ടറൈസ് ചെയ്യാൻ ശ്രദ്ധിക്കണമെന്നും ആഹ്വാനം ചെയ്തു. ഇടവകയിലെ രജിസ്റ്ററുകൾ Digitalize ചെയ്ത് സൂക്ഷിക്കുന്നത് നല്ലതാണെന്നും അതിന് ആവശ്യമായ സഹായം മനോജ് കവലക്കാടനച്ചനെ സമീപിച്ചാൽ ചെയ്തുകിട്ടുമെന്നും സൂചിപ്പിച്ചു. പ്രത്യേക ആവശ്യത്തിനായി എടുക്കുന്ന പിരിവ് കൃത്യമായി എടുക്കുവാനും രൂപതാ കേന്ദ്രത്തിൽ എത്തിക്കുവാനും വികാരിമാർ കൂടുതൽ ശ്രദ്ധിക്കണമെന്നും പിതാവ് സൂചിപ്പിച്ചു. WSSS ന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന Biowin Factory യെ കുറിച്ചും വികാസ് പീഡിയ പ്രൊജക്ടിനെ കുറിച്ചും പിതാവ് സൂചിപ്പിക്കുകയും ഏവരുടെയും സഹകരണം ആവശ്യപ്പെടുകയും ചെയ്തു.

രൂപതയിൽ ഒരു എപ്പാർക്കിയൽ അസംബ്ലി നടത്തുന്നതിനെകുറിച്ചുള്ള ആലോചനകൾ ആരംഭിച്ചിട്ടുണ്ടെന്നും എന്നാൽ വിവിധ വിഷയങ്ങളെകുറിച്ച് സമഗ്രമായ ഒരു സർവ്വേ നടത്തിയശേഷം മാത്രമേ ഇതെകുറിച്ച് കൂടുതൽ ആലോചനകൾ നടത്താൻ സാധിക്കൂവെന്നും സർവ്വേയ്ക്ക് മുൻപായി വിവിധ ഗ്രൂപ്പിൽ പെടുന്നവർക്ക് (വൈദികർ, സമർപ്പിതർ, കൈക്കാരന്മാർ, അധ്യാപകർ) അക്കാഡമിക് സെക്ഷനുകൾ നടത്തുന്നതിനെകുറിച്ച് ചിന്തിക്കണമെന്നും പറഞ്ഞു.

ബഹു. ജനറാളച്ചൻ തൃക്കൈപ്പറ്റ ഇടവകയുടെ രൂപീകരണത്തെക്കുറിച്ച് കൂടുതൽ വിശദാംശങ്ങൾ നൽകി.

തുടർന്ന് PPF സെക്രട്ടറി ബഹു. ഷാജി മുളകൊടിയാങ്കൽ അച്ചൻ PPF ന്റെ കണക്കുകൾ അവതരിപ്പിച്ചു. PPF കുടിശിഖകൾ ഉള്ള വൈദികരും ഇടവകകളും കുടിശിഖകൾ തീർക്കുക, വ്യക്തിപരമായി അടക്കേണ്ട വിഹിതം വൈദികർ വാർഷിക ധ്യാന അവസരത്തിലും ഇടവകകളിൽ നിന്നുള്ള വിഹിതം മാർച്ച് 31 ന് മുമ്പായും അടക്കണമെന്നും ഇനിമുതൽ A ഗ്രേഡു പള്ളികൾ 5000 രൂപ, B ഗ്രേഡ് പള്ളികൾ 4000 രൂപ, C ഗ്രേഡ് പള്ളികൾ 3000 രൂപ, D ഗ്രേഡ് പള്ളികൾ 2000 രൂപ - ഇടവക വിഹിതത്തോടൊപ്പം (വികാരിയുടെ അലവൻസിന് തുല്യമായ തുകയാണ് ഇടവക വിഹിതം) അടയ്ക്കണമെന്നും അറിയിച്ചു. ബില്ലുകളിൽ വൈദികരുടെ പേരും വീട്ടുപേരും രേഖപ്പെടുത്തി ആകെ തുക Total ചെയ്ത് കൊടുക്കണമെന്നും സൂചിപ്പിച്ചു. ആശുപത്രിയിൽ അഡ്മിറ്റ് ആകുമ്പോൾ യഥാസമയം അറിയിക്കാത്തവർക്ക് PPF -ൽ നിന്നും തുക നൽകേണ്ടതില്ല എന്ന മുൻതീരുമാനം അംഗങ്ങളെ ഒരിക്കൽക്കൂടി ഓർമ്മപ്പെടുത്തി.

തുടർന്ന് വിവിധ വിഷയങ്ങളെക്കുറിച്ച് ചർച്ച നടന്നു. ഫൊറോന വികാരിയുടെ സന്ദർശനത്തെക്കുറിച്ചും മറ്റും ഒരു സർക്കുലർ അഭിവന്ദ്യ പിതാവിന്റേത് ഇടവകകളിൽ വായിക്കാൻ നൽകണമെന്ന് ഒരംഗം ആവശ്യപ്പെട്ടു. വിവാഹ നിയമങ്ങളെക്കുറിച്ച് ഉന്നയിക്കപ്പെട്ട ചോദ്യങ്ങൾ താഴെപ്പറയുന്ന വിശദീകരണങ്ങൾ നൽകപ്പെട്ടു.

- എല്ലാ വിവാഹങ്ങളും 3 പ്രാവശ്യം വിളിച്ചുചൊല്ലി നടത്തുക.
- എന്നാൽ അത്യാവശ്യസന്ദർഭങ്ങളിൽ 1 പ്രാവശ്യം വിളിച്ചുചൊല്ലൽ കുറയ്ക്കാൻ വികാരിക്കും 2 പ്രാവശ്യം വിളിച്ചുചൊല്ലൽ കുറയ്ക്കാൻ ഫൊറോന വികാരിക്കും അനുവാദം ഉണ്ടായിരിക്കും. ഇപ്രകാരം ചെയ്യുമ്പോൾ മനസ്സമ്മതത്തിനും വിവാഹത്തിനും ഇടയിൽ നിർബന്ധമായും 5 ദിവസത്തെ കാലാവധി ഉണ്ടായിരിക്കണം.
- ഒരു പ്രാവശ്യവും വിളിച്ചുചൊല്ലാതെ വിവാഹം ആശീർവ്വദിക്കാൻ അനുവാദം രൂപതാ മെത്രാനാണ് നൽകേണ്ടത് എന്നാൽ സാധാരണയായി ഈ അനുവാദം നൽകാറില്ല.
- മനസമ്മതത്തിന് മുമ്പ് വിവാഹപരസ്യം നടത്തുകയാണെങ്കിൽ നിർബന്ധമായും 3 പ്രാവശ്യം വിവാഹപരസ്യം നടത്തിയിരിക്കണം. വിവാഹം ആശീർവദിക്കപ്പെടുന്ന ഇടവക ഉൾക്കൊള്ളുന്ന ഫൊറോനയിലെ വികാരിയുടെ പക്കലാണ് അനുവാദത്തിനുള്ള അപേക്ഷ നൽകേണ്ടത്. മറ്റ് രൂപതകളിൽ നിന്നുള്ള വ്യക്തികളുമായി വിവാഹം നടക്കുമ്പോൾ ആ രൂപതയിൽ നിലവിലുള്ള നിബന്ധനകൾ കണക്കിലെടുക്കേണ്ടതാണ്. വിവാഹം ആശീർവദിക്കപ്പെടുന്ന രൂപതയിലെ നിബന്ധനകൾക്ക് മുൻഗണന കൊടുക്കണം.

- മനസമ്മതത്തിനു മുമ്പ് 3 പ്രാവശ്യം വിളിച്ചുചൊല്ലൽ നടത്തിയാൽ മനസമ്മതത്തിനും വിവാഹത്തിനും ഇടയിൽ 5 ദിവസം വേണമെന്ന് നിർബന്ധമില്ല. അല്ലെങ്കിൽ മനസ്സമ്മതത്തിനും വിവാഹത്തിനുമിട യിൽ നിർബന്ധമായും 5 ദിവസത്തെ കാലാവധി ഉണ്ടായിരിക്കണം.
- മനസമ്മതത്തിന് മുമ്പ് വിവാഹപരസ്യം നടത്തണമെങ്കിൽ അതിന് തക്കതായ കാരണം ഉണ്ടായിരിക്കണം. ഫൊറോന വികാരിക്ക് അപേക്ഷ സമർപ്പിക്കണം. അപേക്ഷയിൽ കാരണം കൃത്യമായി കാണിച്ചിരിക്കണം. വിദേശത്ത് ജോലി ചെയ്യുന്നവരെ ഉദ്ദേശിച്ചാണ് ഈ ആനുകൂല്യം വന്നത്. കുടുംബക്കാർക്ക് പങ്കെടുക്കാനുള്ള സൗക ര്യത്തെ പ്രതി മുൻകൂർ വിളിച്ചുചൊല്ലി മനസ്സമ്മതവും വിവാഹവും തൊട്ടടുത്ത ദിവസങ്ങളിൽ നടത്തുവാൻ അനുവാദം നൽകരുത്.
- ഞായറാഴ്ചകളിൽ വിവാഹം അനുവദനീയമല്ല. എന്നാൽ വളരെ അത്യാവശ്യ ഘട്ടങ്ങളിൽ രൂപത കച്ചേരിയുടെ അനുവാദത്തോടെ മാത്രം നടത്താവുന്നതാണ്. ഇടവകയിലെ അജപാലനപരമായ പ്രവർത്തനങ്ങൾക്ക് യാതൊരുവിധ തടസ്സവും ഉണ്ടാകില്ലെന്നും വിവാഹ കർമ്മത്തിൽ പങ്കെടുക്കുന്ന എല്ലാവരും ഞായറാഴ്ച വിശു ദ്ധകുർബാനയിൽ സംബന്ധിക്കുന്നുവെന്നും കുട്ടികൾ വേദപാഠ ത്തിൽ സംബന്ധിക്കുന്നുണ്ട് എന്നും ഉറപ്പുവരുത്തണം.

മാംസവർജ്ജനത്തെക്കുറിച്ചുള്ള സംശയത്തിന് ഇപ്പോഴും വെള്ളി യാഴ്ചകളിൽ മാംസവർജ്ജനം നിലവിലുണ്ട് എന്നും വിവാഹം പോലുള്ള ആഘോഷമാണെങ്കിലും വെള്ളിയാഴ്ചകളിൽ മാംസം ഉപയോഗിക്കരുത് എന്നാണ് സഭയുടെ നിയമം എന്നും വ്യക്തമാക്ക പ്പെട്ടു.

ക്രിസ്തുമസിനും ഈസ്റ്ററിനും രാത്രിയിലെ കുർബാന സമയം വികാരിമാർക്ക് സ്വന്തം ഇഷ്ടപ്രകാരം മാറ്റുവാൻ അനുവാദമില്ല. കാരണം (ക്രിസ്തുമസിന് രാത്രി 12 മണി, ഈസ്റ്റർ വെളുപ്പിന് 3 മണി) ഇത് പാരമ്പര്യത്തിന്റെ ഭാഗമാണ്.

ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും ഇടവകയിലെ എല്ലാവർക്കും വി. കുർബാനയിൽ സംബന്ധിക്കുവാൻ സാധിക്കത്ത ക്കവിധത്തിൽ 2 കുർബാന എങ്കിലും അർപ്പിക്കേണ്ടതാണ്.

ഞായറാഴ്ചകളിൽ കുട്ടികൾക്കുള്ള വിശ്വാസപരിശീലന ക്ലാസു കളുടെ സമയം ഇടവകയുടെ സൗകര്യം പരിഗണിച്ച് വ്യത്യസ്തമായ സമയങ്ങളിൽ നടത്താമെങ്കിലും പരീക്ഷകൾ എല്ലാ ഇടവകകളും ഒരേ സമയത്തുതന്നെ നടത്തേണ്ടതാണ്. മതബോധന സമയം മാറ്റി ക്രമീ കരിക്കുമ്പോഴും ഇടവകയിലെ എല്ലാവർക്കും വി.ബലിയിൽ സംബന്ധി ക്കാൻ തക്കവിധം കുർബാന സമയക്രമങ്ങൾകൂടി ക്രമീകരിക്കേണ്ട താണ്.

യുവജന ഡിപ്പാർട്ട്മെന്റിനെക്കുറിച്ച് ബഹു. ലാൽ പൈനുങ്കൽ അച്ചനും മീഡിയ കമ്മീഷനെക്കുറിച്ചും ചരിത്രപുസ്തകത്തെക്കുറിച്ചും ബഹു. ബാബു മാപ്ലശേരി അച്ചനും സംസാരിച്ചു. ഇനിയും ചരിത്രം തരാത്ത ഇടവകകൾ എത്രയും വേഗം കൊടുക്കണമെന്ന് അച്ചൻ ഓർമ്മപ്പെടുത്തുകയും ചെയ്തു.

കുടുംബയോഗങ്ങൾക്ക് ഒരു ഏകീകൃത സ്വഭാവവും പ്രവർത്തന ശൈലിയും ഉണ്ടാകുവാൻ ഒരു രൂപതാ കോഓർഡിനേറ്റർ ഉണ്ടായിരിക്കുന്നത് നല്ലതാണെന്ന് അഭിപ്രായമുണ്ടായി.

CCF ന്റെ നേതൃത്വത്തിൽ നടത്തുന്ന ക്രിസ്ത്യൻ രക്തസാക്ഷി ദിനാചരണത്തെക്കുറിച്ച് CCSS ചെയർമാൻ ബഹു. തോമസ് ജോസഫ് തേരകം അച്ചൻ സംസാരിച്ചു.

ബഹു. ബെന്നി മുതിരക്കാലായിൽ അച്ചൻ തയ്യാറാക്കിയ വൈദികർക്കുവേണ്ടിയുള്ള ഒപ്പീസ് പുസ്തകം (നമ്മുടെ രൂപതയിലെ ഉപയോഗത്തിനുള്ളത്) അഭിവന്ദ്യപിതാവ് പരിചയപ്പെടുത്തുകയും അച്ചനെ അഭിനന്ദിക്കുകയും ചെയ്തു. ഇടവകകൾക്ക് മാത്രമല്ല, എല്ലാ വൈദികർക്കും Pan Card ഉണ്ടായിരിക്കണമെന്ന് അഭിവന്ദ്യ പിതാവ് വൈദികരെ ഓർമ്മപ്പെടുത്തി.

കല്ലറയെക്കുറിച്ചുള്ള സംശയത്തിന് കുടുംബ കല്ലറ ഏതായിരിക്കുമെന്ന് ഒരിക്കലും മുൻകൂട്ടി പറഞ്ഞുവയ്ക്കരുതെന്നും അത് പ്രായോഗികമായി പല പ്രശ്നങ്ങൾക്കും ബുദ്ധിമുട്ടുകൾക്കും കാരണമായി തീരാമെന്നും യോഗം വിലയിരുത്തി. വികാസ് പീഡിയയേക്കുറിച്ച് ബഹു. ബിജോ കറുകപ്പള്ളിയച്ചൻ വിശദീകരിച്ചു.

ഇറാക്ക്, സിറിയ, പാക്കിസ്ഥാൻ തുടങ്ങിയ വിദേശ രാജ്യങ്ങളിലും, ഇന്ത്യയിലെ ചില വടക്കൻ സംസ്ഥാനങ്ങളിലും ക്രൈസ്തവ ന്യൂനപക്ഷങ്ങൾക്കെതിരെ നടക്കുന്ന അക്രമങ്ങളെ വൈദിക സമ്മേളനം അപലപിച്ചു. ഗാസയിലെ മുസ്ലീമുകൾക്കുനേരെ ഇസ്രയേൽ നടത്തുന്ന കൂട്ടക്കുരുതി ഉടൻ അവസാനിപ്പിക്കണമെന്നും ഉഭയകക്ഷി ചർച്ചയിലൂടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്നും സമ്മേളനം അംഗീകരിച്ച പ്രമേയത്തിൽ ആവശ്യപ്പെട്ടു. മതേതരത്വ ജനാധിപത്യ വ്യവസ്ഥിതി നിലനിൽക്കുന്ന ഭാരതത്തിൽ ന്യൂനപക്ഷങ്ങൾക്കു നേരെ ഉണ്ടാകുന്ന അക്രമങ്ങളിൽ സമ്മേളനം ഉത്കണ്ഠ രേഖപ്പെടുത്തി.

വൈസ് ചാൻസലർ ബഹു. മനോജ് കവലക്കാടൻ അച്ചൻ ഏവർക്കും നന്ദി അറിയിച്ചു. തുടർന്ന് പ്രാർത്ഥനയോടെ യോഗം അവസാനിച്ചു.

**ഫാ. ജോസഫ് പരുവുമ്മേൽ**
ചാൻസലർ

# ലഹരിവിമുക്ത വർഷാചരണം
## 2014-2015

മാനന്തവാടി രൂപതയുടെ ചരിത്രനിയോഗമായ ലഹരിവിമുക്ത വർഷാചരണം 6 മാസം പിന്നിടുന്നു. 2014 മാർച്ച് 1 ന് ആരംഭിച്ച വർഷാചരണം ബഹു. വൈദികരുടെയും സിസ്റ്റേഴ്സിന്റെയും അല്മായ നേതൃത്വത്തിന്റെയും ത്യാഗോജ്ജ്വലമായ പ്രവർത്തനത്തിന്റെ ഫലമായി ലക്ഷ്യപ്രാപ്തിയിൽ എത്തുമെന്ന പ്രതീക്ഷയിലാണ് നമ്മൾ. ഇടവകകളിൽ ലഹരിവിമുക്ത പ്രവർത്തനങ്ങൾ ഏറെ സജീവമായി നടക്കുന്നു. ഇതിനകം തന്നെ ധാരാളം വ്യക്തികളെ ഈ തിന്മയിൽ നിന്ന് മോചിപ്പിക്കാൻ സാധിച്ചു. ധ്യാനത്തിനും ചികിത്സക്കുമായി വളരെയേറെ ആളുകളെ പറഞ്ഞയക്കുവാൻ സാധിച്ചു. ആഘോഷവേളകളിലെ ലഹരി ഉപയോഗം ഒരു പരിധിവരെ നമ്മുടെ കുടുംബങ്ങളിൽ ഇല്ലാതാക്കാൻ സാധിച്ചു. ഏറ്റവും ശ്രദ്ധേയമായ കാര്യം ലഹരിക്ക് സമൂഹം നൽകുന്ന മാന്യതയെ പൊളിച്ചെഴുതാൻ നമുക്കായി. പൊതുസമൂഹവും രാഷ്ട്രീയ നേതൃത്വവും സാമുദായിക സാംസ്കാരിക സംഘടനകളും ഈ തിന്മക്കെതിരെ ശബ്ദിക്കാൻ തുടങ്ങി.

നമ്മുടെ രൂപതയിലെ മുഴുവൻ കുടുംബങ്ങളിൽ നിന്നും ഉയരുന്ന ലഹരി വിമോചന പ്രാർത്ഥനയ്ക്കും മുഴുവൻ ദേവാലയങ്ങളിലെയും പ്രാർത്ഥനയ്ക്ക് ദൈവം ഉത്തരം നൽകുന്നതിനെ ഓർത്ത് നമുക്ക് ദൈവത്തിന് നന്ദി പറയാം.

അടുത്ത 6 മാസത്തെ പ്രവർത്തനങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്. ലഹരി വിരുദ്ധമായ മനോഭാവം മുഴുവൻ വ്യക്തികളിലും എത്തിച്ചേരുവാൻ കൂടുതൽ തീക്ഷ്ണതയോടെ പ്രാർത്ഥനയോടെ നമുക്ക് മുന്നേറാം. വിവിധ സംഘടനകളും പ്രസ്ഥാനങ്ങളും ലഹരിവിമുക്ത വർഷത്തെ വിജയിപ്പിക്കുവാൻ നടത്തുന്ന പരിശ്രമങ്ങളെയും നന്ദിയോടെ, അഭിമാനത്തോടെ ഓർക്കുന്നു.

## സർക്കാറിന്റെ പുതിയ മദ്യനയത്തിന് പിന്തുണ

ആയിരക്കണക്കിന് കുടുംബങ്ങളുടെ കണ്ണുനീരിൽ കുതിർന്ന പ്രാർത്ഥനയുടെ ഫലമായി അസാധ്യമെന്ന് നാം കരുതിയകാര്യം ദൈവം ദൈവത്തിന്റേതായ വഴികളിലൂടെ നടപ്പാക്കിയതാണ് കേരളത്തിലെ പുതിയ മദ്യനയം. 418 ബാർ തുറക്കരുത് എന്ന് ആവശ്യപ്പെട്ട് തുടങ്ങിയ സമരം 312 ബാറുകളും പൂട്ടുന്നതിനും, പത്ത് വർഷംകൊണ്ട് കേരളത്തിൽ പൂർണ്ണ മദ്യനിരോധനം നടപ്പാക്കുന്നതിനും സർക്കാരിനെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തുതന്നെയായാലും അത് കേരളത്തിലെ സാധാരണജനങ്ങൾ അംഗീകരിക്കുന്നു. പുതിയ നയത്തിന്റെ 'ക്രഡിറ്റ്' ആരുടെ എന്നതല്ല ഈ നയം മനുഷ്യനിൽ വരുത്തുന്ന പരിവർത്തനമാണ് പ്രധാനം. സമ്പൂർണ്ണ മദ്യനിരോധിത സംസ്ഥാനമായി 2023 ഒക്ടോബർ രണ്ടിന് കേരളത്തെ മാറ്റിയെടുക്കുന്ന പുതിയ മദ്യനയത്തിന് രൂപം കൊടുക്കുന്നതിന് നിർണ്ണായക പങ്ക് വഹിച്ച കെ.പി.സി.സി. അധ്യക്ഷൻ വിഎം. സുധീരൻ, കേരളത്തിന്റെ മുഖ്യമന്ത്രി ഉമ്മൻചാണ്ടി, ഘടകകക്ഷിനേതാക്കൾ, മദ്യവിരുദ്ധ പ്രസ്ഥാനങ്ങൾ, പൊതുസമൂഹം തുടങ്ങിയവരെ മാനന്തവാടി ലഹരിവിമുക്ത വർഷാചരണ കമ്മിറ്റി അഭിനന്ദിക്കുകയും പിന്തുണ പ്രഖ്യാപിക്കുകയും ചെയ്യുന്നു.

മാനന്തവാടി 2014–2015 ഈ വർഷത്തെ മദ്യവിമുക്ത വർഷമായി പ്രഖ്യാപിച്ച് പ്രവർത്തനം ആരംഭിച്ചപ്പോൾ ഇതിനെ സ്വീകരിച്ചവരും, സംശയിച്ചവരും, മുഖ്യധാരയിൽ നിന്ന് പിൻവലിഞ്ഞവരും ഇപ്പോൾ പറയുന്നു ദൈവം നമ്മുടെ പ്രാർത്ഥന കേട്ട് സാഹചര്യങ്ങൾ നമുക്ക് അനുകൂലമാക്കിയിരിക്കുന്നു. ഇനി നമ്മുടെ ഉത്തരവാദിത്വം കൂടുകയാണ്. കഴിഞ്ഞ ആറുമാസത്തെ പ്രാർത്ഥനയിലും, പ്രവർത്തനത്തിലും, ബോധവത്ക്കരണത്തിലും പങ്കെടുത്ത എല്ലാവരെയും നന്ദിയോടെ സ്മരിക്കുന്നു. പിൻവലിയലിന്റെയും ലാഘവത്തിന്റെയും നിഴലുകളെ പിൻതള്ളി ഊർജ്ജസ്വലതയുടെ തീഷ്ണത നമുക്ക് ആർജ്ജിക്കാം. പ്രാർത്ഥന ഇനിയും തുടങ്ങാത്തവർ തുടങ്ങട്ടെ. തുടങ്ങിയവർ കൂടുതൽ ശക്തമാക്കട്ടെ. ഇടവകയിലെയും മേഖലയിലെയും പ്രവർത്തനങ്ങൾ വൈദികരുടെയും കൺവീനർമാരുടെയും നേതൃത്വത്തിൽ ചിട്ടയായ മാർഗ്ഗരേഖയിലൂടെ മുന്നോട്ട് പോകുന്നതായിതീരട്ടെ. കാലാകാലങ്ങളായി സഭയും, പൊതുസമൂഹവും, മദ്യവിരുദ്ധപ്രവർത്തകരും ആരോഗ്യപരിപാലകരും മദ്യനിരോധനത്തിന് അനുകൂലമായി ശബ്ദിച്ചിട്ടും ചെവി അടച്ച ഭരണകർത്താക്കൾ വൈകിയെങ്കിലും എടുത്ത ധീരമായ ചുവടുവയ്പ്പിനെ ദൈവീക ഇടപെടലായികണ്ട് നമുക്ക് ഗവൺമെന്റിനെ എല്ലാ

വിധത്തിലും സഹായിക്കാം. ബോധവൽക്കരണത്തിന്റെയും, മദ്യനിയന്ത്രണത്തിന്റെയും മേഖലയിൽ ഇനി പ്രവർത്തനങ്ങൾ ശക്തമാക്കണം. മദ്യം സുലഭമാക്കാനുള്ള എതിർപക്ഷങ്ങളുടെ വളഞ്ഞവഴികളെ തടയുന്നതിനും മദ്യമഹത്വവൽക്കരണം നടത്തുന്ന ഉപരിവർഗ്ഗ ജീനിയസുകളെ കൂട്ടായ ശ്രമത്തിലൂടെ ചെറുത്ത് തോൽപ്പിക്കാനും നമുക്ക് ആശയവൈരുദ്ധ്യങ്ങൾ മറന്ന് ഒന്നിക്കാം. വ്യാജമദ്യത്തിന്റെ നിർമ്മാണവും വിതരണവും മദ്യനിരോധനംവഴി ഉണ്ടാകാൻ സാധ്യതയുണ്ടെന്ന് ചർച്ചയിലൂടെ വിമർശകർ പറയുമ്പോൾ, ഇതിനെതിരെ ജാഗ്രത പുലർത്തുവാൻ ഇടവകയുടെ നേതൃത്വത്തിൽ കർമ്മസമിതികളും ജാഗ്രതാ സമിതികളും നിലവിൽവരണം. ചെറുകിട വിൽപ്പന കേന്ദ്രങ്ങളും സ്വദേശീയ മദ്യനിർമ്മാണ സ്ഥലങ്ങളും കണ്ടെത്തി ആവശ്യമായ നടപടികളും, മുൻകരുതലുകളും, നിയമസഹായവും നമ്മൾ തേടേണ്ടതായുണ്ട്. പോലീസിന്റെയും എക്സൈസ് വകുപ്പിന്റെയും സഹായം ലഭ്യമായ വിധത്തിലെല്ലാം നമുക്ക് ഉപയോഗിക്കാൻ ശ്രമിക്കാം.

## കോർകമ്മറ്റി യോഗം

ലഹരിവിമുക്ത വർഷാചരണത്തിന്റെ കോർകമ്മറ്റി യോഗം ആഗസ്റ്റ് 9 ന് 4 മണിമുതൽ ബഹു. ചെയർമാൻ മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ അച്ചന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. ഇടവക-മേഖല പ്രവർത്തനങ്ങളെ വിലയിരുത്തി. ആഗസ്റ്റ് - സെപ്റ്റംബർ മാസങ്ങളിൽ ഫൊറോന സമിതികൾ സന്ദർശിക്കുവാൻ തീരുമാനിച്ചു. ആഗസ്റ്റ് 23 ന് രൂപതാ എക്സിക്യൂട്ടീവും ആഗസ്റ്റ് 30 ന് ഫൊറോന ഡയറക്ടർ, ആനിമേറ്റർ, കൺവീനർ എന്നിവരുടെ യോഗവും ചേരാൻ തീരുമാനിച്ചു.

## ലീഫ്ലെറ്റ്

ലഹരിവിമുക്ത വർഷത്തിൽ ഭവനങ്ങളിൽ വിതരണം ചെയ്യാനുള്ള ലീഫ്ലെറ്റുകൾ KCBC മദ്യവിരുദ്ധസമിതി തയ്യാറാക്കിയിട്ടുണ്ട്. ആവശ്യമുള്ള ഇടവകകൾക്ക് രൂപതാ ഓഫീസിൽ നിന്ന് ലഭിക്കും. വില 1 രൂപ.

## മദ്യവിരുദ്ധസമിതിയുടെ സെക്രട്ടറിയേറ്റ് ധർണ്ണ

KCBC മദ്യവിരുദ്ധ സമിതിയുടെ നേതൃത്വത്തിൽ വഞ്ചനാപരമായ ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ആഗസ്റ്റ് 14 ന് സെക്രട്ടറിയേറ്റ് പടിക്കൽ ധർണ്ണ നടത്തി.

## മേഖലാ വാർത്തകൾ

### ഗൂഡല്ലൂർ

റീജണൽ ഡയറക്ടർ റവ. ഫാ. തോമസ് പൊൻതൊട്ടി, റവ. ഫാ. മാത്യു മലയിൽ എന്നിവരുടെ നേതൃത്വത്തിൽ ലഹരിവിമുക്ത പ്രവർത്തനങ്ങൾ സജീവമായി നടക്കുന്നു. എല്ലാ ഇടവകകളിലും കമ്മറ്റികൾ രൂപീകരിച്ച് പ്രവർത്തനം ശക്തമാണ്. എല്ലാ ഇടവകകളിലും മാസത്തിലൊരിക്കൽ ആരാധന നടത്തുന്നു. എല്ലാ മാസവും ഫൊറോന കമ്മിറ്റി ഒരുമിച്ച് ചേരുന്നു. കുന്നലാടി, കയ്യൂന്നി, പനഞ്ചിറ ഇടവകകളിൽ സെമിനാർ നടത്തി. മദ്യപന്മാരെ ധ്യാനത്തിനും ചികിത്സയ്ക്കും A.A കൂട്ടായ്മയ്ക്കും പറഞ്ഞയക്കുന്നു.

### മണിമൂളി ഫൊറോന

ലഹരി വിരുദ്ധ ചിത്രരചനാ മത്സരം ഫൊറോന തലത്തിൽ സംഘടിപ്പിച്ചു. ഫൊറോനയിലെ കൺവീനർമാരുടെയും ആനിമേറ്റർമാരുടെയും ജനറൽ ബോഡിയുടെയും ഏകദിന സെമിനാർ നടത്തി. സിഞ്ചല്ലൂസ് വെരി. റവ. ഫാ. ജെയിംസ് കുറ്റിമാക്കൽ ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ റവ. ഫാ. സണ്ണി മഠത്തിൽ അദ്ധ്യക്ഷത വഹിച്ചു. ആനിമേറ്റർ റവ. സി. ലീന SH സ്വാഗതം പറഞ്ഞു. ഫൊറോന ഡയറക്ടർ റവ. ഫാ. ടോമി പുത്തൻപുര ആശംസയർപ്പിച്ചു. കൺവീനർ ശ്രീ. റോയി പെരുകിനാലിൽ നന്ദിയർപ്പിച്ചു. തുടർന്ന് ബഹു. സണ്ണി മഠത്തിൽ അച്ചൻ സെമിനാർ നയിച്ചു. ഇടവകകളുടെ പ്രവർത്തനം വിലയിരുത്തി.

മണിമൂളി ഫൊറോനയിലെ മതാദ്ധ്യാപകർക്കായി ഏകദിന സെമിനാർ നടത്തി. സിഞ്ചല്ലൂസ് റവ. ഫാ. ജെയിംസ് കുറ്റിമാക്കൽ ഉദ്ഘാടനം ചെയ്തു. രൂപതാ ലഹരി വിമുക്ത വർഷാചരണ കമ്മറ്റി സെക്രട്ടറി ജോൺസൺ തൊഴുത്തുങ്കൽ ക്ലാസ്സ് നയിച്ചു. ഡയറക്ടർ റവ. ഫാ. ജോസ് കൊട്ടാരം നേതൃത്വം നൽകി.

### ബത്തേരി

ബത്തേരി മേഖലയിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന റവ. ഫാ. ജോസ് വടയാപറമ്പിൽ സി. ബ്ലസി ജോസ് SH എന്നിവരെ നന്ദിയോടെ സ്മരിക്കുന്നു. ദിവ്യകാരുണ്യ ആരാധന, ജപമാലകൾ, വി. കുർബാന എന്നിവ ഇടവകകളിൽ തുടർന്നുകൊണ്ടിരിക്കുന്നു. വിവിധ ഇടവകകളിൽ ബോധവൽക്കരണ ക്ലാസ്സുകൾ വാർഡു തലത്തിലും ഇടവക തലത്തിലും നടത്തപ്പെട്ടു. കെ.സി.വൈ.എം. മാനന്തവാടി രൂപത സംഘടിപ്പിച്ച ലഹരിവിമുക്ത റാലിയിൽ

(ലിബർത്താസ്) ധാരാളം വ്യക്തികൾ പങ്കെടുത്തു. മദ്യാസക്തരോഗികൾക്ക് ചികിത്സകൾ, കൗൺസിലിംഗ് സൗകര്യങ്ങൾ, ബോധവൽക്കരണത്തിന്റെ ഭാഗമായി, കൊളാഷ്, ജലഛായ മത്സരങ്ങൾ എന്നിവ ചെറുപുഷ്പമിഷൻലീഗിന്റെ നേതൃത്വത്തിൽ നടത്തി. ലഹരിവിമുക്ത പദയാത്രകൾ, ലഹരിക്കെതിരെയുള്ള വചനങ്ങൾ എന്നിവ പ്രചരിപ്പിച്ചു.

**ചുങ്കക്കുന്ന്**

ചുങ്കക്കുന്ന് ഫൊറോനയിൽ മേഖല ഡയറക്ടർ ബഹു. ജോജോ ചങ്ങനാംതുണ്ടത്തിലച്ചന്റെ നേതൃത്തിൽ ഫൊറോനാതല മീറ്റിംഗ് നടത്തി. വിവിധ ഇടവകയിൽ നിന്ന് ആനിമേറ്റർമാർ, കൺവീനർമാർ എന്നിവർ പങ്കെടുത്തു. വിവിധ ഇടവകകളിലെ പ്രവർത്തന റിപ്പോർട്ടും കർമ്മപരിപാടികളും അവതരിപ്പിച്ച് നിർദ്ദേശങ്ങൾ നൽകി. എല്ലാ ഇടവകയിലും ലഹരിവിരുദ്ധ വാചകങ്ങൾ എഴുതിയ ബോർഡുകൾ സ്ഥാപിക്കുക, ലഹരിക്കെതിരെ കുട്ടികളുടെ നേതൃത്വത്തിൽ പ്രസംഗ മത്സരങ്ങൾ സംഘടിപ്പിക്കുക. ലഹരിവിരുദ്ധ ചുവർചിത്ര മത്സരങ്ങൾ നടത്തുക. അടച്ചിട്ട 418 ബാറുകൾ തുറക്കാതിരിക്കാൻ പത്രവാർത്ത നൽകുക, മേഖലാ സെമിനാറുകൾ സംഘടിപ്പിക്കുക എന്നീ തീരുമാനങ്ങൾ യോഗത്തിൽ പാസാക്കി. ലഹരിവിരുദ്ധ വർഷത്തിന്റെ പ്രവർത്തനങ്ങൾ സജീവമാക്കുവാൻ ഇടവകയിലെ പാരീഷ് കൗൺസിൽ അംഗങ്ങളുടെ മേഖലാ സെമിനാർ ചുങ്കക്കുന്നിൽ വെച്ച് നടത്തപ്പെട്ടു. 400 അംഗങ്ങൾ പങ്കെടുത്തു. ബഹു. തോമസ് മണക്കുന്നേലച്ചനും ബഹു. ജോജോ അച്ചനും കൺവീനർ ശ്രീ. ബിജു പുയ്ക്കുന്നേൽ എന്നിവർ നേതൃത്വം നൽകി. അഡ്വ. ചാർളി പോൾ സെമിനാറിൽ ക്ലാസ്സുകൾ നയിച്ചു.

**ഇടവക പ്രവർത്തനങ്ങൾ**

**വാഴവറ്റ**

എല്ലാദിവസവും 6.15 മുതൽ 6.45 വരെ മദ്യപന്മാരുടെ കുടുംബത്തിനായി ആരാധന. വാർഡുപ്രാർത്ഥനകളിൽ പ്രത്യേക പ്രാർത്ഥനകൾ നടത്തുന്നു. ബഹു. ചാണ്ടി പുനക്കാട്ടച്ചന്റെ നേതൃത്വത്തിൽ അത്മായർക്കും ശ്രീ. സുനിലിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്കും സെമിനാറും സംഘടിപ്പിച്ചു. പല വ്യക്തികളെയും ധ്യാനത്തിന് പങ്കെടുപ്പിച്ചു. എല്ലാ ശനിയാഴ്ചയും കുട്ടികളുടെ നേതൃത്വത്തിൽ ജപമാല.

**കുറുമ്പാലക്കോട്ട**

മദ്യവിപത്തിനെതിരെ മാതൃസംഘത്തിലെ അമ്മമാർ ചെയിൻ റോസറിയും ചെയിൻ ഫാസ്റ്റിങ്ങും നടത്തിവരുന്നു. ഇടവകയിലെ

പത്തോളം മദ്യപന്മാരെ കണ്ടെത്തി ധ്യാനത്തിൽ പങ്കെടുപ്പിക്കുകയും അതിൽ ആവശ്യമായ വ്യക്തികൾക്ക് സാമ്പത്തിക സഹായം നൽകുകയും ചെയ്തു. കട്ടിപ്പാറ ലഹരി വിമോചന ചികിത്സാകേന്ദ്രത്തിലേയ്ക്ക് ഇടവകയിലെ മദ്യപന്മാരെയും ഇടവകാതിർത്തിയിലുള്ള അക്രൈസ്തവരടക്കം പന്ത്രണ്ട് വ്യക്തികളെയും ചികിത്സയ്ക്കായി പറഞ്ഞയച്ചു. ഇവർക്കായി എല്ലാ ഞായറാഴ്ചകളിലും വികാരിയച്ചന്റെ നേതൃത്വത്തിൽ AA മീറ്റിംഗ് കൂടുകയും ആവശ്യമായ നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകിവരികയും ചെയ്യുന്നു. ചികിത്സ കഴിഞ്ഞ് വന്നവരുടെ ഭവനങ്ങൾ സന്ദർശിച്ച് ആവശ്യമായ പ്രോത്സാഹനങ്ങൾ നൽകുകയും കട്ടിപ്പാറ ചികിത്സാകേന്ദ്രത്തിൽ നടത്തുന്ന AA മീറ്റിംഗിൽ മാസത്തിൽ ഒരിക്കൽ സംബന്ധിക്കുവാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. മദ്യപാനത്തിനെതിരെ മദ്യവിമുക്തരുടെ മദ്ധ്യസ്ഥനായ ധന്യൻ മാറ്റ് ടാൽബോത്തിനോടുള്ള നൊവേന വെള്ളിയാഴ്ചകളിൽ നടത്തിവരുന്നു. ലഹരിയ്ക്കെതിരെ വീഡിയോഷോ നടത്തി. ഇടവകയിലെ വാർഡ് പ്രാർത്ഥനകളിലും ഞായറാഴ്ച വേദപാഠത്തിനു ശേഷവും കുട്ടികൾ ലഹരി വിരുദ്ധ സന്ദേശം നൽകിവരുന്നു. വഴിതെറ്റിയ ചിന്തകളിൽ നിന്നും ലഹരി പോലുള്ള ദുശ്ശീലങ്ങളിൽ നിന്നും മോചനം നൽകുക എന്ന ഉദ്ദേശ്യത്തോടെയും അവയിൽ അകപ്പെടാതിരിക്കാനും നന്മയുടെ വഴിയേ ചരിക്കാനും സഹായിക്കുക എന്ന ഉദ്ദേശത്തോടെ സെന്റ് ജൂഡ്സ് ഹെൽത്ത് & റിക്രിയേഷൻ ക്ലബ് എന്ന പേരിൽ ഒരു ക്ലബ് ആരംഭിച്ചു.

**പനംഞ്ചിറ**

കെ.സി.വൈ.എം. റോഡ്ഷോയിൽ 18 പേർ പങ്കെടുത്തു. വി. കുർബാനയും ആരാധനയും നടത്തി. ഒരു വ്യക്തിയെ ചികിത്സയ്ക്കയച്ചു. ഫ്ളക്സ് ബോർഡ് സ്ഥാപിച്ചു.

**വഞ്ഞോട്**

മതബോധന വിദ്യാർത്ഥികൾ ലഹരിക്കെതിരെ 25 ബൈബിൾ വചനം മനഃപാഠമാക്കി. മാസാവസാന ബുധനാഴ്ച ഒരുമണിക്കൂർ ലഹരി വിമോചന ആരാധന, കുട്ടികൾ ലഹരിക്കെതിരെ 5 മിനിറ്റ് പ്രസംഗം.

**മണിമൂളി**

വാർഡുതല കൺവീനർമാരും ആനിമേറ്റർമാരും ഏകദിന ഉപവാസവും ആരാധനയും നടത്തി. എല്ലാദിവസവും 6 മുതൽ 6.35 വരെ ആരാധന നടത്തുന്നു. ബഹു. പാറയിൽ ബാബു അച്ചൻ

അമ്മമാർക്കായി ക്ലാസ്സെടുത്തു. എ. എ. ഗ്രൂപ്പ് ആരംഭിച്ചു. സർവ്വേ പൂർത്തിയാക്കി. 14 വ്യക്തികളെ ധ്യാനത്തിൽ പങ്കെടുപ്പിച്ചു. 2 പേരെ ചികിത്സയ്ക്ക് അയച്ചു. വിദ്യാർത്ഥികൾ എല്ലാ ഞായറാഴ്ചയും 9.30 മുതൽ 10 വരെ പ്രത്യേക പ്രാർത്ഥന നടത്തുന്നു. നോട്ടീസ് ബോർഡ് സ്ഥാപിച്ചു. യുവജനങ്ങൾ ഫ്ളക്സ് ബോർഡ് സ്ഥാപിച്ചു. CML ലഹരി വിരുദ്ധ സേന രൂപീകരിച്ചു.

**പൂളപ്പാടം**

A.A.കൂട്ടായ്മ ആരംഭിച്ചു. അമ്മമാർക്ക് ക്ലാസ്സ്. അമ്മമാരുടെ ഒരു വർഷം നീണ്ട് നിൽക്കുന്ന അഖണ്ഡ ഉപവാസം. എല്ലാ ദിവസവും 3 മണിക്ക് കരുണകൊന്ത ജാഗരണ പ്രാർത്ഥന നടത്തി. യുവജനങ്ങളുടെ നേതൃത്വത്തിൽ ഗ്രോട്ടോയിൽ പ്രത്യേക പ്രാർത്ഥന. ബൈബിൾ വാക്യ ശേഖരണം, കുട്ടികളുടെ ലഹരി വിരുദ്ധ സന്ദേശം.

**പയ്യമ്പള്ളി**

ആദ്യവെള്ളികളിൽ ജാഗരണ പ്രാർത്ഥന, ലഹരിവിരുദ്ധ സന്ദേശ ബോർഡുകൾ, ലഹരിവിരുദ്ധ സേന, സന്യസ്തരുടെ ഭവനസന്ദർശനം, കുട്ടികളുടെ ജപമാല, ടെലിഫിലിം പ്രദർശനം.

**നെല്ലിയോടി**

സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ഭവനസന്ദർശനം-സർവ്വേ നടത്തുന്നു. ചെയിൻ റോസറി - പരി. മാതാവിന്റെ തിരുസ്വരൂപ പ്രയാണം, ഞായറാഴ്ച 1 മണിക്കൂർ ദിവ്യകാരുണ്യ ആരാധന, കുട്ടികളുടെ 1000 വിശ്വാസപ്രമാണ സമർപ്പണം, കുട്ടികൾ ലഹരിവിരുദ്ധ സന്ദേശം നൽകുന്നു. ബൈബിൾ വായന - വചന ശേഖരണം, ഫ്ളക്സ് ബോർഡ് പ്രദർശിപ്പിച്ചു. സോഷ്യൽ മീഡിയകളിൽ ചിത്രങ്ങൾ പോസ്റ്റ് ചെയ്തു.

**കുന്നലാടി**

മദ്യപാനാസക്തരുടെ വിവരശേഖരണം. ലഹരി ഒരു മനശാസ്ത്ര വീക്ഷണം എന്ന വിഷയത്തിൽ സെമിനാർ നടത്തി. സി. ജാൻസി പോൾ SH, രഞ്ചിത്ത് എന്നിവർ ക്ലാസ്സ് നയിച്ചു. മദ്ധ്യസ്ഥ പ്രാർത്ഥനാ ഗ്രൂപ്പ് രൂപീകരിച്ചു.

**ഞാറപ്പാടം**

സർവ്വേ നടത്തി. ധ്യാനത്തിൽ പങ്കെടുപ്പിച്ചു. അമ്മമാർക്കായി എല്ലാ മാസവും ബുധനാഴ്ചകളിൽ ക്ലാസ്സ്, ബഹു. പാറയിൽ ബാബു അച്ചൻ ക്ലാസ്സ് നയിച്ചു. പിതൃവേദി രൂപീകരിക്കാൻ തീരുമാനിച്ചു.

**പാലേമാട്**

കമ്മറ്റിക്കാർ ആരാധന നടത്തി. ലീഫ്‌ലെറ്റുകൾ വിതരണം ചെയ്തു. ഏകദിന സെമിനാർ നടത്തി. സൺഡേസ്കൂൾ വിദ്യാർത്ഥികളുടെ സന്ദേശം.

**തലഞ്ഞി**

വാർഡ് തലത്തിൽ പ്രത്യേക ബോധവൽക്കരണ ക്ലാസ്സ് നടത്തി. അമ്മമാരുടെ നേതൃത്വത്തിൽ ജപമാല സമർപ്പണം. സന്യസ്തരുടെ ഭവന സന്ദർശനം ഒരു വ്യക്തിയെ ഡി-അഡിക്ഷൻ സെന്ററിൽ പറഞ്ഞയച്ചു.

**പുതിയിടംകുന്ന്**

ലഹരി ക്വിസിനായി കുട്ടികളെ ഒരുക്കുന്നു. ലഹരിവിരുദ്ധ ക്ലബ്ബ് രൂപീകരിച്ചു.

**ചുള്ളിയോട്**

ഇടവകയിൽ മദ്യവിമുക്ത കമ്മറ്റികൾ രൂപീകരിച്ചു. ഇടവകയിലെ മദ്യാസക്തരെക്കുറിച്ചുള്ള സർവ്വേ നടത്തി. മദ്യവിമുക്ത ഫ്ളെക്സ് ബോർഡുകൾ സ്ഥാപിച്ചു. യുവജനങ്ങൾക്കായി ലഹരിവിമുക്ത സെമിനാർ നടത്തി. വാർഡുകളിലും തെരുവുകളിലും ബോധവൽക്കരണത്തിന് തെരുവ് നാടകം നടത്താൻ തീരുമാനിച്ചു. അമ്മമാർക്കായി സെമിനാർ നടത്തി. ജോൺസൺ തൊഴുത്തുങ്കൽ ക്ലാസ്സ് നയിച്ചു.

**തോമാട്ടുചാൽ**

എല്ലാ ബുധനാഴ്ചകളിലും ലഹരിവിരുദ്ധ പ്രവർത്തന വിജയത്തിനായി ജപമാലയും ആരാധനയും നടത്തിവരുന്നു. വാർഡ് പ്രാർത്ഥനയിൽ ലഹരിക്കെതിരെ ബോധവത്ക്കരണം നടത്തിവരുന്നു. ലഹരിക്ക് എതിരെ തോമാട്ടുചാൽ മുതൽ മണിമൂളിവരെ 40 കിലോമീറ്റർ പദയാത്ര നടത്തി. ഇടവക വികാരിയുടെ നേതൃത്വത്തിൽ 23 പേർ പങ്കെടുത്തു. ആദ്യകുർബാന സ്വീകരിച്ച കുട്ടികളുടെ മാതാപിതാക്കൾക്ക് ലഹരിയെക്കുറിച്ച് ബോധവൽക്കരണം നടത്തി. ഇടവകയിലെ സ്ത്രീകൾക്ക് ലഹരിവിമുക്ത സെമിനാർ നടത്തി. ലഹരിവിമുക്ത വർഷാചരണ കമ്മറ്റിക്കാർക്ക് സായാഹ്ന സെമിനാർ ശ്രീ. ഷാജി (അസംപ്ഷൻ ഹോസ്പിറ്റൽ) ക്ലാസ്സ് നയിച്ചു. ആഗസ്റ്റ് 17 ന് ഇടവക സെമിനാർ ഡോ. ഗോപാൽ, ശ്രീ. ഷാജി എന്നിവർ ക്ലാസ്സ് നയിച്ചു. ആഗസ്റ്റ് 17 ന് സൺഡേസ്കൂൾ വിദ്യാർത്ഥികൾക്കായി ഉച്ചക്ക് ശേഷം ബോധവൽക്കരണ ക്ലാസ് നടത്തി.

**വടക്കനാട്**

മാസാവസാന ഞായറാഴ്ച ലഹരിവിമുക്ത കമ്മറ്റി മീറ്റിംഗ് നടക്കുന്നു. ഇടവകയിലെ ഭവനങ്ങളിൽ ലഹരിവിരുദ്ധ വചനങ്ങൾ സ്ഥാപിച്ചു. ലഹരിക്കെതിരെ ജപമാല പ്രയാണം നടത്തിവരുന്നു. വാർഡ് യോഗങ്ങളിൽ കൺവീനർ ലഹരിക്കെതിരെ ക്ലാസ്സുകൾ നയിക്കുന്നു.

**കല്ലുമുക്ക്**

ലഹരി വിമുക്ത പ്രസംഗങ്ങൾ നടത്തുകയും, ബോധവൽക്കരണ ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തു. ഇടവകയിൽ സെമിനാർ നടത്തി. ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

**ചിത്രഗിരി**

'ലിബർത്താസ്' റോഡ് ഷോയിൽ അംഗങ്ങൾ പങ്കെടുത്തു. രൂപതാ ഡയറക്ടർ ഇടവക സന്ദർശിച്ച് പ്രഭാഷണം നടത്തി. ലഹരിക്കെതിരെ തിരുഹൃദയതിരുനാളിൽ ആരാധന നടത്തി. ഇടവകയിലെ അമ്മമാർ ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

**കരണി**

കരണി ടൗണിൽ ലഹരിക്കെതിരെ റാലി നടത്തി. മതബോധന ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് ലഹരിവിമുക്ത പഠന ക്ലാസ്സ് സംഘടിപ്പിച്ചു. കുട്ടികൾക്കായി ലഹരിവിരുദ്ധ കൊളാഷ്, ജലഛായ മത്സരം എന്നിവ നടത്തി.

**പഴൂർ**

ഇടവകയിലെ കമ്മറ്റി അംഗങ്ങൾ ആരാധനയും പ്രാർത്ഥനയും നടത്തി. ഇടവകയിൽ മദ്യാസക്തർക്ക് ചികിത്സയും കൗൺസിലിംഗ് സൗകര്യവും ഏർപ്പെടുത്തി. മാതൃസംഘം ജപമാല ചൊല്ലി വരുന്നു. ലഹരിവിരുദ്ധ റാലിയിൽ കെ.സിവൈ.എം. അംഗങ്ങൾ പങ്കെടുത്തു.

**നെല്ലിയോടി**

ലഹരിവിരുദ്ധ കയ്യെഴുത്ത് മാസിക, ഭവനസന്ദർശനം, ലഹരിവിരുദ്ധ റാലി, ലഹരിവിരുദ്ധ ഫ്ളെക്സ്, കുടുംബസർവ്വേ എന്നിവ നടത്തി.

**അമ്പായത്തോട്**

ബഹു. സിസ്റ്റേഴ്സ് ലഹരി ആസക്തരുടെ കുടുംബങ്ങൾ സന്ദർശിക്കുന്നു. വാർഡ് പ്രാർത്ഥനകൾ, ജപമാലകൾ എന്നിവ നടത്തുന്നു. ലഹരിയിൽ നിന്ന് മോചിതരായവർ പള്ളിയിൽ സാക്ഷ്യം പറഞ്ഞു.

**ശാന്തിഗിരി**

രണ്ട് കുടുംബങ്ങൾ ക്യാമ്പിൽ പങ്കെടുത്തു. 'A.A'. കൂട്ടായ്മകൾ വികാരിയച്ചന്റെ നേതൃത്വത്തിൽ നടക്കുന്നു. ബഹു. സിസ്റ്റേഴ്സ് ലഹരി ആസക്തരുടെ ഭവനങ്ങൾ സന്ദർശിക്കുന്നു.

**പാൽച്ചുരം**

എല്ലാ ദിവസവും ആരാധന നടക്കുന്നു, എല്ലാ ഞായറാഴ്ചയും ലഹരിക്ക് എതിരെ യൂണിറ്റിൽ ജപമാലകൾ സംഘടിപ്പിക്കുന്നു. മൂന്ന് വ്യക്തികളെ ചികിത്സക്ക് പറഞ്ഞയച്ചു.

**ചുങ്കക്കുന്ന്**

'A.A' മീറ്റിംഗ് നടന്നുവരുന്നു. വാർഡ് തലത്തിൽ ഉപവാസ പ്രാർത്ഥന, ബോധവൽക്കരണം എന്നിവ നടത്തി. പൊതുസ്ഥലങ്ങളിൽ ലഹരി വിരുദ്ധ ബോർഡുകൾ സ്ഥാപിച്ചു. ഇടവക ജനങ്ങൾക്കുവേണ്ടി അഡ്വ. ചാർളി പോൾ ഏകദിന സെമിനാർ നടത്തി. ഇടവകയിലെ ലഹരി ആസക്തരുടെ സർവ്വേ നടത്തി അവരെ കണ്ടെത്തി പേരുകൾ അൾത്താരയിൽ സമർപ്പിച്ച് കുർബാന മദ്ധ്യേ എന്നും പ്രാർത്ഥിക്കുന്നു.

**വെള്ളൂന്നി**

ലഹരിവിമുക്ത കുടുംബസർവ്വേ നടത്തി ലഹരിക്ക് അടിമപ്പെട്ടവരുടെ കൂട്ടായ്മ സംഘടിപ്പിച്ചു. ലഹരിക്ക് അടിമപ്പെട്ടവർക്കുവേണ്ടി ദിവ്യബലിയും പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷയും നടത്തി. ലഹരി ആസക്തരുടെ കുടുംബങ്ങൾക്കുവേണ്ടി സെമിനാർ നടത്തി.

**കേളകം :** ലഹരി ആസക്തരുടെ ഭവനസന്ദർശനം, പ്രത്യേക പ്രാർത്ഥന, ആദ്യവെള്ളിയാഴ്ച ശുശ്രൂഷയും ആരാധനയും, സൺഡേസ്കൂൾ കുട്ടികൾക്ക് കൊളാഷ് മത്സരം എന്നിവ സംഘടിപ്പിച്ചു.

**കൊട്ടിയൂർ**

ലഹരിവിമുക്ത ഏകദിന സെമിനാർ അഡ്വ. ചാർളിപോളിന്റെ നേതൃത്വത്തിൽ ഇടവകയിലെ മുതിർന്നവർക്കും കുട്ടികൾക്കും വേണ്ടി സംഘടിപ്പിച്ചു. ഇടവകയിലെ മുഴുവൻ ആളുകളും പങ്കെടുത്തു.

**ഒറ്റപ്ലാവ്**

ഇടവകയിൽ ലഹരിവിമുക്ത കമ്മറ്റി രൂപീകരിച്ച് സ്റ്റിക്കർ, പ്രാർത്ഥന എന്നിവ വിതരണം ചെയ്തു. കുട്ടികളുടെ നേതൃത്വത്തിൽ പ്രത്യേക പ്രാർത്ഥന നടത്തിവരുന്നു.

**പടമല**

'A.A' കൂട്ടായ്മകൾ ആഴ്ചതോറും നടക്കുന്നു. ഒരു കുടുംബത്തെ പുതുതായി ചികിത്സയ്ക്ക് അയച്ചു. കുരിശിന്റെ വഴി, ആരാധന

പ്രത്യേക പ്രാർത്ഥനകൾ എന്നിവ ലഹരി വിമുക്തിക്കായി നടത്തി വരുന്നു. ബഹു. സിസ്റ്റേഴ്സും ബഹു. വികാരിയച്ചനും ഭവനസന്ദർശനം നടത്തുന്നു.

**ബഹു. രൂപതാ ഡയറക്ടറുടെ ഇടവക സന്ദർശനവും ലഹരി വിമുക്ത സന്ദേശവും**

| | | |
|---|---|---|
| ജൂലൈ 27 | – | യവനാർകുളം |
| ജൂലൈ 28 | – | എടയൂർക്കുന്ന് |
| ആഗസ്റ്റ് 10 | – | ദീപ്തിഗിരി, എള്ളുംമന്ദം |
| ആഗസ്റ്റ് 17 | – | വടക്കനാട് |
| ആഗസ്റ്റ് 24 | – | വെള്ളൂന്നി |

**സെമിനാറുകൾ**

| | | |
|---|---|---|
| ജൂലൈ 26 ന് | – | വിവാഹ ഒരുക്ക ടീം അംഗങ്ങൾക്ക് ക്ലാസ്സ് പാസ്റ്ററൽ സെന്റർ |
| ജൂലൈ 27 | – | കയ്യൂന്നി യുവജന സെമിനാർ |
| 27 | – | ഉച്ചകഴിഞ്ഞ് കമ്മന യുവജന സെമിനാർ |
| 21 | – | കോട്ടത്തറ ക്ലബ്ബിൽ സെമിനാർ |
| ജൂലൈ 29 | – | അസംപ്ഷൻ ഹോസ്പിറ്റൽ AA വാർഷികം, ക്ലാസ്സ് |
| ആഗസ്റ്റ് 15 | – | ഇടവകാംഗങ്ങൾക്കായി കെ.സി.വൈ.എം. നേതൃത്വത്തിൽ തലപ്പുഴയിൽ ക്ലാസ്സ് |
| ആഗസ്റ്റ് 15 | – | ചുള്ളിയോട് ഇടവകയിൽ അമ്മാർക്ക് സെമിനാർ |
| ആഗസ്റ്റ് 17 | – | വടക്കനാട് – പാരീഷ്കൗൺസിൽ അംഗങ്ങൾ – മതാധ്യാപകർ എന്നിവർക്ക് ക്ലാസ്സ് |

**ലഹരിവിമുക്ത ഓണം ആഘോഷിക്കുക**

രൂപതാ ലഹരി വിമുക്ത വർഷത്തിൽ ലഹരി വിമുക്തമായ ഓണം ആഘോഷിക്കുവാനുള്ള ആഹ്വാനം ഇടവകകളിൽ നൽകുമല്ലോ.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ സെക്രട്ടറി, ലഹരിവിമുക്തവർഷം

# ബൈബിൾ അപ്പോസ്തലേറ്റ്

ലോഗോസ് 2014 രജിസ്ട്രേഷൻ സമയബന്ധിതമായി പൂർത്തിയാക്കാൻ സഹകരിച്ച ബഹു. വികാരിയച്ചന്മാർക്കും കൊച്ചച്ചൻമാർക്കും സിസ്റ്റേഴ്സ്, മതാദ്ധ്യാപകർ, മാതൃസംഘടനാംഗങ്ങൾ, സംഘടനാഭാരവാഹികൾ എന്നിവർക്കും ഹൃദ്യമായ നന്ദി. ഈ വർഷം 21642 പേർ 160 സെന്ററുകളിലായി ലോഗോസ് ക്വിസ്സിന് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**ലോഗോസ് 2014 രൂപതാതലപരീക്ഷ**

**2014 സെപ്റ്റംബർ 28–ാം തീയതി ഉച്ചകഴിഞ്ഞ് 2 മുതൽ 3.30 വരെയാണ് പരീക്ഷ.** എല്ലാ സെന്ററുകളിലും കൃത്യ സമയത്തുതന്നെ പരീക്ഷ ക്രമീകരിക്കാൻ ശ്രദ്ധിക്കണം. അഖിലകേരള അടിസ്ഥാനത്തിൽ പരീക്ഷ നടക്കുന്നതിനാൽ എല്ലാ ഇടവകകളും ഈ സമയക്രമീകരണം പാലിക്കണം. ബഹു. വികാരിയച്ചന്മാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**'ലോഗോസ് ബൈബിൾ ക്വിസ്' പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച നിർദ്ദേശങ്ങൾ**

1. ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ പരിപൂർണ്ണ ഉത്തരവാദിത്വത്തിലായിരിക്കണം'ലോഗോസ് ബൈബിൾ ക്വിസ്' പരീക്ഷ നടത്തേണ്ടത്. പരീക്ഷാഹാളിലെ ക്രമീകരണങ്ങൾ ബഹു. വികാരിയച്ചൻമാരുടെ നിർദ്ദേശങ്ങൾ അനുസരിച്ച് മാത്രമായിരിക്കണം നടത്തേണ്ടത്.
2. പരീക്ഷ സെപ്റ്റംബർ 28 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30 വരെയുള്ള സമയത്താണ് നടത്തേണ്ടത്. കേരളത്തിലെ എല്ലാ രൂപതകളിലും പരീക്ഷ ഒരേ സമയത്താണ് ക്രമീകരിച്ചിരിക്കുന്നത്.
3. ചോദ്യപേപ്പറിൽ ആകെ 103 ചോദ്യങ്ങൾ ഉണ്ടായിരിക്കും. അവയിൽ 100 എണ്ണം ശരിയായ ഉത്തരങ്ങളുടെ കോളം കറുപ്പിക്കുവാനുള്ള

താണ്. അവസാനം കൊടുത്തിരിക്കുന്ന ചോദ്യങ്ങളുടെ ഉത്തരങ്ങൾ ചുരുങ്ങിയ വാക്കുകളിൽ എഴുതണം

4. എല്ലാ ചോദ്യങ്ങളുടെയും ഉത്തരങ്ങൾ പ്രത്യേകം നൽകിയിരിക്കുന്ന ഉത്തരകടലാസിൽ രേഖപ്പെടുത്തുക.
5. ഉത്തരകടലാസിൽ പേര്, വീട്ടുപേര് (രജിസ്ട്രേഷൻഫോമിലുള്ള തുപോലെ) ഇടവക, രജിസ്റ്റർ നമ്പർ, സെന്റർകോഡ്, പ്രായവിഭാഗം, തുടങ്ങിയവ വ്യക്തമായി എഴുതേണ്ടതാണ്.
6. ഒരു ചോദ്യത്തിന് ഒന്നിൽ കൂടുതൽ ഉത്തരങ്ങൾ അടയാളപ്പെടുത്തുവാൻ പാടുള്ളതല്ല. ഉത്തരം വെട്ടിതിരുത്തുന്നത് അനുവദനീയമല്ല.
7. എ ഗ്രൂപ്പിലെ കുട്ടികൾക്ക് പ്രത്യേകം ചോദ്യങ്ങളും ബി, സി, ഡി, ഇ, എഫ് വിഭാഗക്കാർക്ക് പൊതുവായി ഒരേ ചോദ്യവുമായിരിക്കും ഉണ്ടായിരിക്കുക.
8. പരീക്ഷാഹാളിൽ എ,ബി,സി,ഡി,ഇ,എഫ് വിഭാഗങ്ങളെ അതാതു ഗ്രൂപ്പിൽതന്നെ ഇരുത്തുകയാണ് ഉത്തരകടലാസുകൾ ഗ്രൂപ്പ് അടിസ്ഥാനത്തിൽ തിരിച്ചുവാങ്ങാൻ എളുപ്പം.
9. ഉത്തരത്തിന്റെ മൂല്യനിർണ്ണയം രൂപതാ കേന്ദ്രത്തിലാണ് നടത്തുക. അതുകൊണ്ട് ഉത്തരപേപ്പറുകൾ A,B,C,D,E,F വിഭാഗങ്ങളായി തിരിച്ച് റജിസ്റ്റർ നമ്പർ അനുസരിച്ച് ക്രമമായി അടുക്കി ഒക്ടോബർ 04-ാം തിയ്യതിക്കു മുൻപ് രൂപതാ കേന്ദ്രത്തിലെത്തിക്കണം.
10. രജിസ്ട്രേഷൻ ഫോമിലാണ് ഓരോ പരീക്ഷാർത്ഥിയുടെയും പേരുവിവരങ്ങൾ ഉള്ളത്. ഉത്തരകടലാസിന്റെ കൂടെ ഈ രജിസ്ട്രേഷൻഫോം തിരിച്ചുനൽകേണ്ടതാണ്. ഇതിലാണ് ഇടവകകൾക്ക് മാർക്ക് നൽകുന്നത്. പരീക്ഷ എഴുതാത്ത കുട്ടികളുടെ പേരിനുനേരെ മാർക്കിന്റെ കോളത്തിൽ (X) അടയാളപ്പെടുത്തണം.

**ഫാ. മാത്യു പെരിയപ്പുറം**
ഡയറക്ടർ, ബൈബിൾ അപ്പോസ്റ്റലേറ്റ്

## വൈദികരുടെ മാസധ്യാനം- കൽപ്പറ്റ ഫൊറോന

ഓഗസ്റ്റ് 05-ന് ചൊവ്വാഴ്ച റിപ്പൺ ഇടവകയിലാണ് Monthly Programme നായി അച്ചന്മാർ കൂടിയത്. 14 അച്ചന്മാരാണ് പങ്കെടുത്തത്. ഞാൻ നിന്നെ മിനുസമുള്ളതും മൂർച്ചയേറിയതുമായ അസ്ത്രമാക്കി ആവനാഴിയിൽ സൂക്ഷിച്ചിരിക്കുന്നു എന്ന തിരുവചനം വിശദീകരിച്ചാണ് പിയോ ഭവനിലെ ഫാ. സെബാസ്റ്റ്യൻ വചനസന്ദേശം നൽകിയത്. കടന്നുവന്ന വഴികൾ മറക്കാത്തവനായിരിക്കണം യേശുവിന്റെ പുരോഹിതനെന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു.

സി.എം.എൽ. ആഭിമുഖ്യത്തിൽ ക്രിസ്തുമസിന് ഒരുക്കമായി ക്രിസ്തുമസ് സ്റ്റാർ എല്ലാ ഇടവകകളിൽ നിന്നും order സ്വീകരിച്ച് എത്തിച്ചുകൊടുക്കുന്നതും സി.എം.എൽ. കലാമത്സര നടത്തിപ്പിനെക്കുറിച്ചും ചർച്ചകൾ ഉണ്ടായിരുന്നു. സൺഡെസ്കൂൾ ടീച്ചേഴ്സിനായി ഓഗസ്റ്റ് 3 ന് നടത്തിയ മേഖലാ കൺവെൻഷൻ വളരെ നന്നായിരുന്നു എന്ന് എല്ലാ അച്ചന്മാരും അഭിപ്രായപ്പെട്ടു. അടുത്ത സ്നേഹസംഗമം ഒക്ടോബർ മാസത്തിൽ തെനേരി പള്ളിയിൽ കൂടുന്നതാണ്.

**ഫാ. ഫ്രാൻസീസ് തോമസ് കുത്തുകല്ലുങ്കൽ** - സെക്രട്ടറി

## കല്ലോടി ഫൊറോന

കല്ലോടി മേഖലയിലെ വൈദികരുടെ ഓഗസ്റ്റ് മാസത്തെ കൂട്ടായ്മ കുഞ്ഞോം സെന്റ് ആന്റണീസ് ദേവാലയത്തിൽ വെച്ച് നടത്തപ്പെട്ടു. രൂപത വൈദികരും സന്യാസവൈദികരുമായി പതിനഞ്ചോളം പേർ സംബന്ധിച്ചു. മക്കിയാട് ബനഡിക്ടിൻ ധ്യാനകേന്ദ്രത്തിലെ റവ. ഫാ. വിൻസെന്റ് ആണ് ധ്യാനചിന്തയ്ക്കും, ആരാധനയ്ക്കും നേതൃത്വം നൽകിയത്. അനുദിന ജീവിതത്തിൽ പരിശുദ്ധാത്മാവിന്റെ വരങ്ങളും ദാനങ്ങളും പ്രോജ്വലിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അച്ചൻ സംസാരിച്ചു. ക്രിസ്ത്യൻ കൾച്ചറൽ ഫോറത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ത്യൻ രക്തസാക്ഷിദിനത്തിൽ ഫൊറോനതലത്തിൽ സഹകരണം ഉണ്ടാകണമെന്ന് ആവശ്യപ്പെട്ടു. ഈ വർഷത്തെ സി.എം.എൽ. കലാസാഹിത്യ മത്സരത്തിൽ കുട്ടികളുടെ സഹകരണം ഉണ്ടാകണമെന്നും ഫൊറോന മാതൃസംഘടനയിലെ എക്സിക്യൂട്ടീവ് അംഗങ്ങളുടെ സെമിനാറിൽ എല്ലാ അംഗങ്ങളും പങ്കെടുക്കണമെന്നും ഡയറക്ടർമാർ ആവശ്യപ്പെട്ടു. ഫൊറോന വികാരി ബഹു. ജോസ് കൊച്ചറയ്ക്കൽ അച്ചന് ജന്മദിന ആശംസകൾ നേർന്നു.

അടുത്ത മാസധ്യാനം ഒക്ടോബർ 7-ാം തീയതി മക്കിയാട് സെന്റ് ജൂഡ് ഇടവകയിൽ വെച്ച് നടത്തുവാൻ തീരുമാനിച്ചു.

**ഫാ. ഷിജു ഐക്കരക്കാനായിൽ** - സെക്രട്ടറി

# അവധിക്കാല ക്യാമ്പ്

മേജർ സെമിനാരിക്കാർ നടത്തുന്ന അവധിക്കാല ക്യാമ്പിനൊരുക്കമായി ബഹു. വിൻസെന്റ് കുണ്ടുകുളം അച്ചന്റെ സഹായത്തോടെ മൗണ്ട്മേരി സെമിനാരിയിൽ വച്ച് ഏപ്രിൽ 1, 2, 3 തീയതികളിൽ റിസോഴ്സ് ക്യാമ്പ് നടന്നു. ക്യാമ്പിനാവശ്യമായ മെറ്റീരിയലുകളും, ഗെയിംസും ആക്ഷൻ സോങ്സും എല്ലാവരെയും പരിചയപ്പെടുത്തി. ക്യാമ്പിന്റെ അവസാനത്തിൽ ദൈവശാസ്ത്ര വിദ്യാർത്ഥികളെ മൂന്ന് ഗ്രൂപ്പുകളായി തിരിച്ചു. ഓരോ ഗ്രൂപ്പിനെയും വിവിധ ഇടവകകൾ ഏൽപിച്ചു. 5 ക്യാമ്പുകളും ഒരു ധ്യാനവുമാണ് ബ്രദേഴ്സ് ഈ അവധിക്കാലത്ത് നടത്തിയത്.

ഏപ്രിൽ 11 മുതൽ 12 വരെ കുറുമ്പാലക്കോട്ടയിൽ വച്ച് നടന്ന ക്യാമ്പിന് ബഹുമാനപ്പെട്ട നിധിൻ പ്രകാശ്, സിജേഷ്, ജിന്റോ എന്നീ ബ്രദേഴ്സ് നേതൃത്വം നൽകി. ഏകദേശം 100 കുട്ടികൾ പങ്കെടുത്തു. ബഹുമാനപ്പെട്ട വികാരി ജോസഫ് പരുവുമ്മേൽ അച്ചൻ എല്ലാവിധ സഹായ സഹകരണങ്ങളും ചെയ്തുതന്നു. കുട്ടികളുടെ പങ്കാളിത്തം സജീവമായിരുന്നു.

ബഹുമാനപ്പെട്ട നിധിൻ, ജിതിൻ, പ്രകാശ്, അഖിൽ എന്നീ ബ്രദേഴ്സും ഡി. സിജോ, ഡി. ഷിജോ എന്നിവരും കയ്യൂന്നിയിൽ വച്ച് നടന്ന വ്യക്തിത്വ വികസന ക്യാമ്പിന് നേതൃത്വം നൽകി. ബഹുമാനപ്പെട്ട ജോണിയച്ചന്റെയും, ജയ്മോനച്ചന്റെയും, ജിനോ അച്ചന്റെയും പരിപൂർണ്ണ സഹകരണത്തോടെ ക്യാമ്പിന്റെ ലക്ഷ്യം അതിന്റെ പരിപൂർണ്ണതയിൽ എത്തിക്കാൻ സാധിച്ചു. ഏകദേശം 200 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു.

ബഹുമാനപ്പെട്ട ജിമ്മി ഓലിക്കൽ അച്ചന്റെ നേതൃത്വത്തിൽ മംഗളം ഇടവകയിൽ വച്ച് തരിയോട് മേഖല മിഷൻലീഗ് ക്യാമ്പ് ബഹുമാനപ്പെട്ട ഡി. സിജോ, ഡി. ഷിജോ, ഡി. സിബി, ബ്ര. അഖിൽ എന്നിവരുടെ സഹായത്തോടെ നടത്തി. ഏകദേശം 105 കുട്ടികൾ ക്യാമ്പിൽ സജീവമായി പങ്കെടുത്തു.

ബത്തേരി ഫൊറോനകളിലെ 12 ഇടവകകളിൽ നിന്നുള്ള 62 അൾത്താര ശുശ്രൂഷികൾക്കായി ബഹുമാനപ്പെട്ട ബാബു മൂത്തേടത്തച്ചന്റെ നേതൃത്വത്തിൽ നടത്തിയ ക്യാമ്പിൽ ബഹുമാനപ്പെട്ട ഡി. ഷിജോ,

ഡി. സിജോ എന്നിവരും സനീഷ്, ബിവാൾഡിൻ എന്നീ ബ്രദേഴ്സും സഹായിച്ചു. ഏപ്രിൽ 6, 7 തീയതികളിലാണ് ക്യാമ്പ് നടന്നത്.

ധർമ്മഗിരി ഇടവകയിൽവച്ച് ഗൂഡല്ലൂർ റീജിനിലെ മിഷൻലീഗ് അംഗങ്ങൾക്കായുള്ള ക്യാമ്പിന് ഡി. സിജോ നേതൃത്വം കൊടുത്തു. ഏകദേശം 115 കുട്ടികൾ ഉണ്ടായിരുന്നു.

ഏപ്രിൽ 7 മുതൽ 9 വരെ തീയതികളിൽ റിപ്പൺപേട്ട ഇടവകയിൽ കുട്ടികൾക്കുള്ള ധ്യാനം നടന്നു. ആത്മാഭിഷേകത്തിന്റെ ആ ദിവസങ്ങൾക്ക് ജോമേഷ്, സനോജ്, നിതീഷ് എന്നീ ബ്രദേഴ്സ് നേതൃത്വം നൽകി. വിൻസെന്റ് കളപ്പുരയിലച്ചൻ ധ്യാനത്തിനുള്ള എല്ലാ സജീകരണങ്ങളും ചെയ്ത് ബ്രദേഴ്സിനെ സഹായിച്ചു. ഏകദേശം 80 കുട്ടികൾ ധ്യാനത്തിൽ പങ്കെടുത്തു.

ക്യാമ്പ് നടത്താൻ എല്ലാവിധ സഹായ സഹകരണങ്ങളും പ്രോത്സാഹനങ്ങളും നൽകിയ അഭിവന്ദ്യ പിതാവിനേയും ജനറാൾ അച്ചനെയും തോമസ് കച്ചറയിലച്ചനെയും ജോസഫ് പരുവുമ്മേലച്ചനെയും മറ്റ് രൂപതാധികാരികളെയും ബഹുമാനപ്പെട്ട വികാരിയച്ചന്മാരെയും നന്ദിയോടെ ഓർക്കുന്നു.

**വരുന്ന വർഷത്തെ ക്യാമ്പുകൾ**

വരുന്ന വേനൽ അവധിക്കാലത്തും സെമിനാരി വിദ്യാർത്ഥികൾ ക്യാമ്പ് നടത്താൻ തയ്യാറാണ്. ആവശ്യമുള്ളവർ മുൻകൂട്ടി അറിയിക്കുമല്ലോ.

**ബ്രദർ ജോസഫ് പിച്ചാട്ട്**
മേജർ സെമിനാരിക്കാരുടെ ലീഡർ

# മതബോധനരംഗം

സെപ്റ്റംബർ 28-ാം തീയതി നമ്മൾ മതബോധന ഞായർ ആഘോഷിക്കുന്നു. ഈശോ നമ്മെ ഏൽപിച്ച ഏറ്റവും വലിയ ഉത്തര വാദിത്വമായ വിശ്വാസപരിശീലനം കുറവ് കൂടാതെയും തെറ്റ് കൂടാ തെയും നടത്തണമെന്ന് സഭാപിതാക്കന്മാർ നിരന്തരം നമ്മെ ഓർമ്മി പ്പിക്കുന്നു. മതബോധനഞായർ ദിനം വിശ്വാസ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന മുഴുവൻ കുട്ടികളെയും നമുക്ക് പ്രത്യേകമായി ഓർമ്മിക്കാം. ദൈവീകദാനമാണ് മക്കൾ. മാതാപിതാക്കൾക്ക് ദൈവം നൽകുന്ന ദാനമായ മക്കളെ ദൈവഭയത്തിലും ദൈവസ്നേഹത്തിലും ഈശ്വരവിശ്വാസത്തിലും വളർത്തേണ്ടത് ഒന്നാമതായി മാതാപിതാക്ക ളുടെ തന്നെ കടമയാണ്. നമ്മൾ ജീവിക്കുന്ന ലോകത്തിൽ ദൈവീക ചിന്തയിൽ നിന്നും ആത്മീയ മേഖലയിൽ നിന്നും വഴിതെറ്റിക്കുന്ന സാഹചര്യവും വസ്തുക്കളും വ്യക്തികളും ഉണ്ട് എന്ന സത്യം തിരിച്ച റിഞ്ഞ് ദൈവവിശ്വാസത്തിലും ദൈവാശ്രയത്തിലും ജീവിക്കുവാനുള്ള എല്ലാ സാഹചര്യങ്ങളും അവർക്കായി ഒരുക്കണം. അവരുടെ 'പാദ ങ്ങൾക്ക് വിളക്കും പാതയിൽ പ്രകാശവുമായ വചനവും' ജീവന്റെ നീർച്ചാലുകളായ കൂദാശകളും അവരെ പരിപോഷിപ്പിക്കുന്നു എന്ന് ഉറപ്പു വരുത്തണം. രൂപതയിൽ വിശ്വാസപരിശീലനം നേടുന്ന എല്ലാ കുട്ടി കൾക്കും നന്മകളും, ദൈവാനുഗ്രഹവും ലഭിക്കുവാനായി പ്രാർത്ഥി ക്കുന്നു. രൂപതയിൽ വിശ്വാസപരിശീലനത്തിൽ ഉൾചേർന്ന് പ്രവർത്തി ക്കുന്ന എല്ലാവർക്കും, പ്രത്യേകമായി മതാധ്യാപകർ, ഹെഡ്മാസ്റ്റേഴ്സ്, മേഖലാ ഡയറക്ടേഴ്സ്, മേഖലാ സെക്രട്ടറിമാർ, രൂപതാ ടീം അംഗ ങ്ങൾ എന്നിവർക്കും മതബോധന ഞായറിന്റെ ആശംസകൾ.

### പാദവാർഷിക പരീക്ഷ

ഈ അധ്യയന വർഷത്തിലെ പാദവാർഷിക പരീക്ഷ സെപ്റ്റം ബർ 14-ന് നടത്തുന്നു. രൂപതയിൽനിന്നും ലഭിച്ചിരിക്കുന്ന സിലബസും മറ്റ് നിർദ്ദേശങ്ങളുമനുസരിച്ച് പാഠഭാഗങ്ങൾ പഠിപ്പിച്ച് കുട്ടികളെ വേണ്ട

വിധം ഒരുക്കുവാൻ അധ്യാപകർ ശ്രദ്ധിക്കുമല്ലോ. (1–ാം ക്ലാസുമുതൽ 10–ാം ക്ലാസുവരെ പാദവാർഷിക പരീക്ഷയ്ക്ക് 1–6 അധ്യായങ്ങൾ ആണെന്നത് ശ്രദ്ധിക്കുമല്ലോ. 2, 4 ക്ലാസുകൾക്ക് 5 വരെ എന്ന് ടീച്ചിംഗ് നോട്ടിൽ കൊടുത്തിരിക്കുന്നത് പ്രിന്റിംഗിൽ വന്ന തെറ്റാണ്)

ചോദ്യപേപ്പർ സെപ്റ്റംബർ 12–ന് രാവിലെ 10.00 മണി മുതൽ വൈകുന്നേരം 5.00 മണിവരെ രൂപത മതബോധന കേന്ദ്രത്തിൽ നിന്നും സെന്റ് ജോസഫ്സ് ബുക്കുസ്റ്റാളിൽ നിന്നും (മാനന്തവാടി, പയ്യമ്പള്ളി, ചുങ്കക്കുന്ന് ഫൊറോനകൾ) എടുക്കേണ്ടതാണ്.

പരീക്ഷയുടെ സമയം രാവിലെ 11.30 മുതൽ 1.30 വരെയുള്ള സമയമാണ്. പരീക്ഷസമയം കൃത്യമായി പാലിക്കേണ്ടതാണ്. കുട്ടികളുടെ പരീക്ഷപേപ്പർ മൂല്യനിർണ്ണയം ചെയ്ത് പരീക്ഷ കഴിഞ്ഞുവരുന്ന ഞായറാഴ്ച തന്നെ പരീക്ഷ പേപ്പറും പ്രോഗ്രസ് റിപ്പോർട്ടും കൊടുക്കുവാൻ അധ്യാപകർ ശ്രദ്ധിക്കുമല്ലോ.

## ബൈബിൾ നേഴ്സറി അധ്യാപക പരിശീലനം

നേഴ്സറി ടീച്ചേഴ്സ് ട്രെയിനിംഗ് ജൂലൈ 26, 27 തീയതികളിൽ ദ്വാരകയിൽ വച്ച് നടത്തപ്പെട്ടു. പങ്കെടുത്ത അധ്യാപകർക്കും നേതൃത്വം നൽകിയ ശ്രീ. ബേബി ജോസഫ്, ശ്രീ. ജോൺസൺ വടക്കേക്കര, റവ. സി. ആൻസി സി.എം.സി., റവ.സി. ആൻമരിയ എസ്.എ.ബി.എസ്. എന്നിവർക്ക് ഹൃദയം നിറഞ്ഞ നന്ദി.

## HDC ഒന്നാം വർഷം

ഈ വർഷം HDC യ്ക്ക് രജിസ്റ്റർ ചെയ്ത ഏവരേയും അഭിനന്ദിക്കുന്നു. ഒന്നാം വർഷക്കാരുടെ ക്ലാസുകൾ സെപ്റ്റംബർ - 6 ദ്വാരക, 13- മണിമൂളി, 20-ബത്തേരി, 27-ചുങ്കക്കുന്ന് എന്നീ തീയതികളിൽ നടക്കുന്നതാണ്.

**ഫാ. റോയി വട്ടക്കാട്ട്**
മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയ മിഷൻലീഗ് അംഗങ്ങളെ,

പരി. അമ്മയുടെ ജനനതിരുനാൾ ആഘോഷിക്കുന്ന മാസ മാണിത്. എല്ലാവർക്കും സ്നേഹത്തോടെ തിരുനാൾ ആശംസകൾ നേരുന്നു. നമ്മുടെ ജീവിതങ്ങളെ പൂർണ്ണമായും ദൈവഹിതത്തിന് സമർപ്പിച്ചുകൊണ്ട് പരി.അമ്മയുടെ ജീവിതമാതൃക നമുക്കും സ്വീക രിക്കാം. മിഷൻലീഗിന്റെ എല്ലാ പ്രവർത്തനങ്ങളുടേയും വിജയത്തിനായി പരി.അമ്മയുടെ മാധ്യസ്ഥം തേടാം.

മേഖല കലാമത്സരങ്ങൾക്കായി നമ്മൾ ഒരുങ്ങുകയാണ്. മേഖല -രൂപത സാഹിത്യമത്സരങ്ങളിൽ ശാഖകളിൽ നിന്നുണ്ടായ വളരെ വലിയ പങ്കാളിത്തത്തെ സ്നേഹത്തോടെ ഓർക്കുന്നു. മത്സരാർത്ഥി കൾക്ക് വേണ്ട പ്രോത്സാഹനം നൽകിയ പ്രിയ വികാരിയച്ചന്മാരെയും, സിസ്റ്റേഴ്സിനെയും ഭാരവാഹികളെയും ഒപ്പം മത്സരങ്ങൾക്ക് വേണ്ട ക്രമീകരണങ്ങൾ നടത്തിയ മേഖല ഡയറക്ടർ അച്ചന്മാരെയും ജോ.ഡയറക്ടർ സിസ്റ്റേഴ്സിനെയും, മേഖല ഭാരവാഹികളെയും നന്ദി യോടെ ഓർക്കുന്നു. തുടർന്നുള്ള കലാമത്സരങ്ങളിൽ അതിന്റെ യഥാർത്ഥ ചൈതന്യത്തിൽ നമുക്ക് പങ്കുചേരാം. ഏവർക്കും വിജയാ ശംസകൾ നേരുന്നു.

സ്നേഹത്തോടെ,

**ഫാ. സോണി വടയാപറമ്പിൽ**

## കുഞ്ഞേട്ടൻ അനുസ്മരണവും, സംസ്ഥാന മാനേജിംഗ് കമ്മറ്റിയും

പാലാ രൂപതയിലെ ചെമ്മലമറ്റം ഇടവകയിൽ വെച്ച് കുഞ്ഞേ ട്ടൻ അനുസ്മരണത്തിലും സംസ്ഥാന മാനേജിംഗ് കമ്മറ്റിയിലും പങ്കെടുത്തു.

## സംഭാവന കൂപ്പൺ

സംഭാവന കൂപ്പൺ ശാഖകളിൽ വിറ്റുകഴിഞ്ഞു എന്ന് കരുതുന്നു. സെപ്റ്റംബർ 15-ന് മുമ്പായി. രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്.

**മാലിപറമ്പിലച്ചന്റെ അനുസ്മരണം**

ചെറുപുഷ്പ മിഷൻലീഗ് സ്ഥാപക ഡയറക്ടർ ജോസഫ് മാലിപറമ്പിലച്ചന്റെ അനുസ്മരണം എല്ലാ ശാഖകളിലും നടത്തുമല്ലോ.

**വർഗീസ് മാസ്റ്റർ അനുസ്മരണം**

മിഷൻലീഗ് മാനന്തവാടി രൂപത മുൻപ്രസിഡണ്ട് വർഗീസ് മാസ്റ്റർ അനുസ്മരണം ശാഖകളിൽ നടത്തുമല്ലോ.

**സംസ്ഥാന സാഹിത്യമത്സരം സെപ്റ്റംബർ 15 ന് ദ്വാരകയിൽ**

സംസ്ഥാന സാഹിത്യമത്സരം സെപ്റ്റംബർ 15 ന് ദ്വാരകയിൽ വെച്ച് നടത്തുന്നു. രൂപത മത്സരവിജയികളെ മത്സരത്തിൽ നിർബന്ധ മായി പങ്കെടുപ്പിക്കുമല്ലോ.

**സാഹിത്യ ശില്പശാല**

സംസ്ഥാന സാഹിത്യമത്സരത്തിൽ പങ്കെടുക്കുന്നവർക്ക് വേണ്ടി സെപ്റ്റംബർ 14-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് സാഹിത്യ ശില്പ ശാല നടത്തുന്നതാണ്. രൂപതാ വിജയികളെ പങ്കെടുപ്പിക്കുന്നതിന് വേണ്ട ക്രമീകരണം ശാഖ, മേഖല നേതൃത്വം ശ്രദ്ധിക്കുമല്ലോ.

**വി. ജോൺ മരിയ വിയാനി ദിനം**

ഇടവക വൈദികരുടെ മദ്ധ്യസ്ഥനായ ജോൺ വിയാനിയുടെ തിരു നാളിനോടനുബന്ധിച്ച് വിയാനിഭവൻ സന്ദർശിച്ച് മധുരം പങ്കിട്ടു. റവ. ഫാ. സോണി വടയാപറമ്പിൽ, റവ.ഫാ. ജോർജ് തേരകം, തങ്കച്ചൻ മാപ്പിളകുന്നേൽ എന്നിവർ നേതൃത്വം നൽകി.

**എയ്ഞ്ചൽ മീറ്റ്**

ആദ്യകുർബാന സ്വീകരിച്ച കുട്ടികളുടെ സംഗമം - എയ്ഞ്ചൽമീറ്റ് -2014 സെപ്റ്റംബർ 11-ാം തീയതി വ്യാഴാഴ്ച രാവിലെ 9.30 മുതൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കുന്നു. ഈ വർഷം ആദ്യകുർബാന സ്വീകരിച്ച എല്ലാ കുട്ടികളെയും എയ്ഞ്ചൽ മീറ്റിലേക്ക് സ്വാഗതം ചെയ്യു ന്നു. കുട്ടികൾ വെള്ള വസ്ത്രം ധരിച്ച് എത്തിച്ചേരുവാൻ ശാഖാനേതൃത്വം ശ്രദ്ധിക്കുമല്ലോ. രജിസ്ട്രേഷൻ ഫീ. 20 രൂപയാണ്. മാർ ജോസ് പൊരു ന്നേടം പിതാവ് എയ്ഞ്ചൽ മീറ്റിൽ പങ്കെടുക്കും.

**രൂപതാ ബൈബിൾ കലോത്സവം-ഒക്ടോബർ 11 ന്**

2014-15 വർഷത്തെ ബൈബിൾ കലോത്സവം ഒക്ടോബർ 11 ശനി യാഴ്ച ദ്വാരക സേക്രഡ്ഹാർട്ട് ഹയർ സെക്കന്ററി സ്കൂളിൽ വെച്ച് നടത്തുന്നതാണ്. മത്സരാർത്ഥികളെ പങ്കെടുപ്പിക്കുവാൻ ശാഖ, മേഖല നേതൃത്വം ശ്രദ്ധിക്കുമല്ലോ.

**സൗഹൃദം 2014**

രൂപതാനേതൃത്വത്തിൽ മാനന്തവാടി കൊട്ടിയൂർ മേഖലകളിൽ സൗഹൃദം 2014 നടന്നു. ഫാ. സോണി വടയാപറമ്പിൽ, ജോയി മേപ്പാടത്ത്, സി. ലിസ എസ്.കെ.ഡി., സി. ഫൗസ്റ്റ സി.എം.സി., സി. തെരസ് എസ്.എ.ബി.എസ്., സി. ഡാനിമരിയ എസ്.എ.ബി.എസ്., സ്റ്റെഫി മേപ്പാടത്ത്, ജോൺസൺ ചിറായിൽ, സി. പ്രശാന്തി എം.എസ്.എം.ഐ, സി. റ്റെയ്സി എസ്.എച്ച്., സി. ലൂസി എസ്.എച്ച്., ഷിൽസൺ കോക്കണ്ടത്തിൽ, സ്റ്റിജു സ്കറിയ ചേലക്കാമാക്കിൽ, അജീഷ് എടപ്പാട്ട്, ജിജിൽ കിഴക്കരക്കാട്ട്, ഷീന മുണ്ടാടൻ തുടങ്ങിയവർ നേതൃത്വം നൽകി.

**കൈയ്യെഴുത്തു മാസിക**

ലഹരിവിരുദ്ധ കൈയ്യെഴുത്തു മാസിക രൂപതയിൽ എത്തിക്കേണ്ട അവസാന തീയതി സെപ്റ്റംബർ 30

**മിഷൻമാസാചരണം**

ഒക്ടോബർ മാസത്തെ പ്രവർത്തനങ്ങൾക്കുള്ള കരടുരൂപം ഈ മാസംതന്നെ ശാഖ മേഖല നേതൃത്വം തയ്യാറാക്കുമല്ലോ. ഏറ്റവും ഭംഗിയായി മിഷൻ മാസാചരണം നടത്തുമല്ലോ. മിഷൻമാസാചരണം ഭംഗിയായി ക്രമീകരിക്കുന്ന ശാഖകളിൽ നിന്ന് മികച്ചവയെ തിരഞ്ഞെടുത്ത് രൂപതാതലത്തിൽ അംഗീകരിക്കുന്നതാണ്.

## പലതുള്ളി തന്ന ശാഖകൾ

പയ്യമ്പള്ളി-830, ആറാട്ടുതറ-250, വാളവയൽ-431, തലപ്പുഴ-200, വാളാട്-100, പ്രശാന്തഗിരി-150.

**ശാഖാവാർത്തകൾ**

*ഞാറപ്പാടം:-* കുട്ടികൾക്കായി സംഗീതസംഗമം നടത്തി.
*ചിത്രഗിരി:-* ഡയറക്ടറച്ചന്റെ ജന്മദിനം ആഘോഷിച്ചു.
*പുതിയിടംകുന്ന്:-* ജപമാല സൈന്യം രൂപീകരിച്ചു.
*വടക്കനാട്:-* അൽഫോൻസ ക്വിസ് മത്സരം നടത്തി.
*ധർമ്മഗിരി:-* വേൾഡ്കപ്പ് പ്രവചനമത്സരം നടത്തി. 'ജീവിതവിക്ഷണ' സെമിനാർ നടത്തി.
*ആടിക്കൊല്ലി:-* വാർഡുകളിൽ ലഹരിവിരുദ്ധ സന്ദേശം നൽകി. കൃപാലയ സ്പെഷ്യൽ സ്കൂൾ സന്ദർശിച്ചു.
*ആറാട്ടുതറ:-* തോമാട്ടുചാൽ, ബെക്കി ശാഖകളിൽ ലഹരിവിരുദ്ധ സെമിനാർ നടത്തി.
*അമ്പായത്തോട്:-* വെയിറ്റിംഗ് ഷെഡ് നിർമ്മിച്ചു, മാതാപിതാക്കൾക്ക് സെമിനാർ നടത്തി.
*പയ്യമ്പള്ളി, തരിയോട്, തലപ്പുഴ, പഴൂർ, വാളാട്, കടൽമാട്, നിരവിൽപുഴ, മൺവയൽ, മക്കിയാട്, മുള്ളൻകൊല്ലി, പുൽപ്പള്ളി:-* എന്നീ ശാഖകൾ വി. അൽഫോൻസാമ്മയുടെയും വി. തോമാശ്ലീഹായുടെയും തിരുനാൾ ആഘോഷിച്ചു.
*മംഗലശ്ശേരി:-* ബഹു. സോണിയച്ചന്റെ നേതൃത്വത്തിൽ ലഹരിവിരുദ്ധ ബോർഡ് സ്ഥാപിച്ചു.

*ചെന്നലോട്:-* 'മരം ഒരു വരം' മരം നട്ടു. വാ. എവുപ്രാസ്യാമ്മയുടെ ഷോർട്ട് ഫിലിം കുട്ടികളെ കാണിച്ചു.
*കരണി, വാളവയൽ:-* ലഹരിവിരുദ്ധ കൊളാഷ് മത്സരം നടത്തി.
*കാട്ടിക്കുളം:-* അർദ്ധദിന സെമിനാർ നടത്തി.
*പോരൂർ:-* ഭവനസന്ദർശനം, ആരാധന എന്നിവ നടത്തി.
*പ്രശാന്തഗിരി:-* ജന്മദിനം ആഘോഷിക്കുന്ന കുട്ടികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.
*ശാന്തിഗിരി:-* 'ലഹരിവിരുദ്ധ സന്ദേശം' പ്രസംഗപരമ്പര എന്നിവ നടത്തി.
*കുറുമണി:-* വികാരിയച്ചന്റെ നേതൃത്വത്തിൽ ബോധവത്കരണ ക്ലാസ് നടത്തി.
*ദീപ്തിഗിരി:-* ലഹരിവിരുദ്ധ ക്വിസ് മത്സരം നടത്തി.
*കരിമ്പിൽ:-* ലഹരിക്കെതിരെയുള്ള ദൈവവചനങ്ങൾ ഭവനങ്ങളിൽ എത്തിച്ചു.
*പുഴമുടി:-* ഏകദിനധ്യാനം നടത്തി, പച്ചക്കറിത്തോട്ട നിർമ്മാണം നടത്തി.
*മഞ്ഞൂറ:-* തിരുബാലസഖ്യ അംഗങ്ങൾക്ക് അർദ്ധദിന സെമിനാർ നടത്തി.
*പന്തിപ്പൊയിൽ, പട്ടാണിക്കൂപ്പ് :-* രോഗീസന്ദർശനം നടത്തി.
*ചാരിറ്റി:-* ദൈവവിളി നിയോഗാർത്ഥം ചെയിൻ ആരാധന നടത്തി.
*എടയൂർകുന്ന്:-* വി. തോമാശ്ലീഹായുടെ തിരുശേഷിപ്പിന് സ്വീകരണം നൽകി, പ്രത്യേക പ്രാർത്ഥന നടത്തി.
*കേണിച്ചിറ:-* SSLC, +2 ക്ലാസുകളിൽ മുഴുവൻ വിഷയത്തിനും A+ ലഭിച്ച 4 കുട്ടികളെ ആദരിച്ചു.
*അമരക്കുനി:-* ദേവാലയ നിർമ്മാണത്തിനായി കുട്ടികൾക്ക് നൽകിയ കുടുക്ക ശേഖരിക്കുകയും കുട്ടികളിൽ നിന്ന് 30,000 രൂപ ലഭിക്കുകയും ചെയ്തു.
*മാർട്ടിൻനഗർ, ചുങ്കക്കുന്ന്:-* ലഹരിവിരുദ്ധ സെമിനാർ നടത്തി. വി.അൽഫോൻസാമ്മയുടെ തിരുനാൾ ആഘോഷിച്ചു.
*കുന്നലാടി:-* ലഹരിവിരുദ്ധ സന്ദേശം പ്രചരിപ്പിച്ചു.
*സീതാമൗണ്ട്, അപ്പപ്പാറ:-* ലഹരി എന്ന വിപത്ത് എന്ന വിഷയത്തെ ആസ്പദമാക്കി പ്രസംഗ പരിശീലനം നടത്തി.
*ചെറുകാട്ടൂർ:-* ലഹരിവിരുദ്ധ സ്റ്റിക്കർ തയ്യാറാക്കി വീടുകളിൽ എത്തിച്ചു. പടമല പള്ളിയിലേയ്ക്ക് തീർത്ഥാടനം നടത്തി.
*കല്ലോടി:-* സാഹിത്യശില്പശാല നടത്തി.
*മച്ചിക്കൊല്ലി:-* ലഹരിവിരുദ്ധസന്ദേശ ചിത്രരചന മത്സരം നടത്തി.
*കുറ്റിമൂല:-* ലഹരിവിരുദ്ധ കാർട്ടൂൺ മത്സരത്തിൽ പങ്കെടുത്തു.
*കല്ലുമുക്ക്:-* അർദ്ധദിന സെമിനാർ നടത്തി.
*തോണിച്ചാൽ:-* ചികിത്സാ സഹായമായി 1000 രൂപ നൽകി.
*കൊട്ടിയൂർ:-* ഏകദിന സെമിനാർ നടത്തി.
*ഏലപ്പീടിക:-* വി. അൽഫോൻസാമ്മയുടെ ജീവചരിത്രം പ്രബന്ധം അവതരിപ്പിച്ചു. ക്വിസ് മത്സരം നടത്തി.
*പാലേമാട്:-* ജ്യോതിർഭവൻ അനാഥമന്ദിരം സന്ദർശിച്ച് 1500 രൂപ നൽകി.
*മംഗളം:-* 'ജീവിതത്തിനൊരു ലക്ഷ്യം' അർദ്ധദിന സെമിനാർ നടത്തി. എറണാകുളം അതിരൂപത മതബോധന ഡയറക്ടർ ബഹു. പോളച്ചൻ സെമിനാറിന് നേതൃത്വം നൽകി.
*പടമല:-* ആരാധന നടത്തി.
*കരിമാനി:-* ലഹരിക്കടിമപ്പെട്ടവർക്കുവേണ്ടി സി.എം.എൽ. അംഗങ്ങൾ 28-ാം

തീയതി രാവിലെ 10 മണി മുതൽ 4 മണിവരെ ഗ്രൂപ്പടിസ്ഥാനത്തിൽ ആരാധന നടത്തി.
*മരക്കടവ്:-* ഡയറക്ടറച്ചന്റെ നാമഹേതുക തിരുനാൾ ആഘോഷിച്ചു.
*വിമലഗിരി:-* ലഹരിവിരുദ്ധ ബോർഡ് സ്ഥാപിച്ചു.
*ബത്തേരി:-* ലഹരി വിമുക്തവർഷ പ്രവർത്തനങ്ങളുടെ ഭാഗമായി വാർഡുകളെ കേന്ദ്രീകരിച്ച് ബോധവത്ക്കരണ പരിപാടികൾ നടത്തി.
*പനമരം:-* ഡയറക്ടറച്ചന്റെ നാമഹേതുക തിരുനാൾ ആഘോഷിച്ചു. അഭിവന്ദ്യ തൂങ്കുഴി പിതാവിന് ആശംസാകാർഡ് അയച്ചു. ലഹരിവിരുദ്ധ സെമിനാർ നടത്തി.
*നടവയൽ:-* ദിവ്യകാരുണ്യ കൺവെൻഷൻ നടത്തി.
*തലഞ്ഞി:-* ഇടവകയ്ക്കുവേണ്ടിയും മദ്യലഹരിയിൽ അടിമപ്പെട്ടവർക്കുവേണ്ടിയും സി.എം.എൽ അംഗങ്ങൾ ഒന്നുചേർന്ന് ഒരു മണിക്കൂർ ആരാധന നടത്തി.
*നിലമ്പൂർ:-* സൺഡെ സ്റ്റാർ, ലോഗോസ് സ്റ്റാർ മത്സരം നടത്തി. ശാഖസാഹിത്യ ശില്പശാല സംഘടിപ്പിച്ചു.
*കൽപ്ര:-* തുരുത്തിയിൽ ജോയിച്ചേട്ടന് 16,000 രൂപ ചികിത്സാസഹായമായി നൽകി.
*നെല്ലിയോടി:-* വീടുകളിൽ വൃക്ഷതൈകൾ നട്ടു.
*പുതിയിടം, കണിയാമ്പറ്റ:-* പള്ളിയും പരിസരവും വൃത്തിയാക്കി.
*നെടുമ്പാല:-* ശാഖാ സാഹിത്യമത്സരം നടത്തി.
*കമ്മന:-* സീനിയേഴ്സ് സംഗമം നടത്തി. മിഷൻസഹായമായി 5000 രൂപ നൽകി.
*ഇടിവണ്ണ:-* ദിവ്യകാരുണ്യ ആരാധന നടത്തി.
*ജൂഡ്സ്മൗണ്ട്:-* പാവപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകി.
*വാകേരി:-* സൗജന്യ ചികിത്സ നൽകുന്നതിനായ് ക്യാമ്പ് സംഘടിപ്പിച്ചു.
*കോട്ടത്തറ:-* ലഹരിവിരുദ്ധ സേന രൂപീകരിച്ചു.
*വലിയകൊല്ലി, എടപ്പെട്ടി:-* പച്ചക്കറിത്തോട്ട നിർമ്മാണം നടത്തി.
*തവിഞ്ഞാൽ:-* രോഗാവസ്ഥയിൽ കഴിയുന്ന രമേഷിന് 1000 രൂപ സഹായം നൽകി.
*വൈത്തിരി:-* രണ്ട് കുടുംബങ്ങൾക്ക് സമ്പൂർണ്ണ ബൈബിൾ നൽകി.
*മുതിരേരി:-* സൺഡെസ്റ്റാർ, ബൈബിൾ സ്റ്റാർ തെരഞ്ഞെടുത്തു.
*പൂളപ്പാടം:-* ആന്റണി മുട്ടത്ത് കുടുംബത്തിന് ഭവന നിർമ്മാണത്തിന് സാമ്പത്തിക സഹായമായി 25000 രൂപ നൽകി. വാ. ചാവറയച്ചൻ, വാ. എവുപ്രാസ്യാമ്മ, വി. ജോൺ പോൾ II ഇവരുടെ ആൽബം നിർമ്മിച്ചു.
*മുണ്ടേരി:-* തെരുവുനാടകം ഗ്രൂപ്പടിസ്ഥാനത്തിൽ നടത്തി.
*വാഴവറ്റ:-* ജ്യോതിനിവാസ് സന്ദർശിക്കുകയും ബഹു. വികാരിയച്ചൻ ദിവ്യബലിയർപ്പിച്ചു പ്രാർത്ഥിക്കുകയും ചെയ്തു. ലഹരിവിരുദ്ധ സെമിനാർ നടത്തി.
*ഭൂദാനം:-* ലഹരിവിരുദ്ധ സന്ദേശങ്ങൾ കുട്ടികൾ എഴുതിയിട്ടു.
*കബനിഗിരി:-* ജോ.ഡയറക്ടർ സി. ഹിതയ്ക്ക് യാത്രയയപ്പ് നൽകി.
*പാതിരിപ്പാടം:-* ഭവനനിർമ്മാണത്തിനായ് 15,000 രൂപ നൽകി.
*വെള്ളൂന്നി:-* യുവജനദിനം, അമ്മമാരുടെ ദിനം എന്നിവ ആഘോഷിച്ചു.
*യവനാർകുളം:-* പഠനോപകരണങ്ങൾ കാട്ടിക്കുളം ജയമാതാ ഓർഫനേജിൽ നൽകി, SSLC പരീക്ഷയ്ക്ക് A+ നേടിയ ഓർഗനൈസർക്ക് മെമന്റോ നൽകി ആദരിച്ചു.
*മൂലങ്കാവ്:-* 'ലഹരിവിമുക്ത കുടുംബം' മദ്ധ്യസ്ഥ പ്രാർത്ഥന നടത്തി.

സ്നേഹത്തോടെ,

**രഞ്ചിത്ത് മുതുപ്ലാക്കൽ** - രൂപതാ ജനറൽ സെക്രട്ടറി

# Department of Youth Ministry

ഈശോമിശിഹായിൽ സ്നേഹിതരായ കുട്ടികളേ, യുവജനങ്ങളേ, പ്രിയ മാതാപിതാക്കളെ, വൈദികരേ, സിസ്റ്റേഴ്സ്

മാനന്തവാടി രൂപത യുവജനങ്ങൾക്കും കുട്ടികൾക്കും വേണ്ടി ആരംഭിച്ചിരിക്കുന്ന ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയെക്കുറിച്ച് കേട്ടിരിക്കുമല്ലോ. യുവജനങ്ങളുടെയും കുട്ടികളുടെയും കഴിവുകൾ കണ്ടെത്താൻ അവരെ പ്രചോദിപ്പിച്ച് കർത്താവിനെ കണ്ടെത്താൻ തക്ക വിധം അവരെ ശക്തിപ്പെടുത്താനാണ് ഈ പുതിയൊരു സംരംഭം. ഇപ്ര കാരമൊരു മിനിസ്ട്രി ഈ കാലഘട്ടത്തിൽ ദൈവത്തിന്റെ പ്രത്യേക മായൊരു ഇടപെടലായി നമ്മൾ കാണുകയാണ്. ഇതിലൂടെ യുവജന ശുശ്രൂഷയിൽ മാനന്തവാടി രൂപത കാലികവും കാലീനവുമായ ഒരു ചുവടുവയ്പ് നടത്തിയിരിക്കുന്നു. വരുംകാലങ്ങളിൽ മറ്റു രൂപതകൾക്കും സഭകൾക്കും ഇത് ഒരു മാതൃകാ മിനിസ്ട്രി ആകും എന്നതിന് സംശ യമില്ല. ഇപ്രകാരമൊരു മിനിസ്ട്രി ആരംഭിക്കാൻ നമ്മെ അനുഗ്രഹിച്ച സർവ്വശക്തനായ ദൈവത്തിന് നന്ദി പറയാം.

1965 ഡിസംബർ 8 നു രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സമാപനത്തിൽ പരി. പിതാവ് പോൾ ആറാമൻ മാർപാപ്പ യുവജന ങ്ങൾക്കായുള്ള സന്ദേശത്തിൽ ഇപ്രകാരം പറഞ്ഞു. “ഒന്നുകിൽ നിങ്ങൾ നിങ്ങളെതന്നെ രക്ഷിക്കും. അല്ലെങ്കിൽ നിങ്ങളും നാളത്തെ സമുദായവും ഒന്നിച്ച് നശിക്കും.” യുവജനങ്ങളുടെ രക്ഷ സഭയുടെയും സമുദായത്തിന്റെയും കുടുംബങ്ങളുടെയും രക്ഷയാണെന്ന് പരി.പിതാവ് നമ്മെ ഓർമ്മപ്പെടുത്തുന്നു. തന്നിൽ വിശ്വസിക്കുന്നവരാരും നശിച്ചു പോകരുത് എന്ന ദൈവപിതാവിന്റെ ഹിതം നിറവേറ്റാൻ ഈശോ മിശിഹാ ഭൂമിയിൽ തുടങ്ങിയ രക്ഷാകരമായ ശുശ്രൂഷ യുവജനങ്ങൾക്ക് ഗുണപരമായ രീതിയിൽ അവതരിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് മാനന്തവാടി രൂപതയിൽ Department of Youth Ministry സ്ഥാപിതമായി രിക്കുന്നത്.

മാനന്തവാടി രൂപതയിൽ ഏതാണ്ട് അറുപത്തി അയ്യായിരത്തോളം വരുന്ന കുട്ടികളും യുവജനങ്ങളുമുണ്ട്. ഇതിൽ എത്ര പേർക്ക് അംഗ വൈകല്യം, ബുദ്ധിമാന്ദ്യം, അന്ധത, ബധിരത, മറ്റ് മാറാരോഗങ്ങൾ ഉണ്ട് എന്ന് നമുക്കറിയില്ല. യുവജനങ്ങളുടെ വിദ്യാഭ്യാസ യോഗ്യത എന്താണ്? പഠനം കഴിഞ്ഞിട്ടും ജോലി ലഭിക്കാത്തവർ ആരെല്ലാം?

പഠിക്കാൻ സാധിക്കാതെ പ്രയാസപ്പെടുന്നവർ ആരെല്ലാം? നന്നായി പഠിക്കാൻ കഴിയുന്ന വിദ്യാർത്ഥികൾ, വിവാഹം കഴിക്കാൻ സാധിക്കാത്തവർ എത്രപേർ? ഇവരെപ്പറ്റിയുള്ള അടിസ്ഥാന വിവരങ്ങൾ നമുക്കില്ല. മുഴുവൻ യുവജനങ്ങൾക്കും കൗമാരക്കാർക്കും ഈശോമിശിഹായുടെ രക്ഷാകരമായ ശുശ്രൂഷ സംലഭ്യമാക്കാനുള്ള ആദ്യപടിയായി കുട്ടികളുടെയും യുവജനങ്ങളുടെയും ഒരു സർവ്വേ നമ്മൾ നടത്തുന്നു. സർവ്വേ ശേഖരിച്ചതിനുശേഷം കൃത്യമായ ഒരു അജപാലന പദ്ധതിക്ക് നമ്മൾ രൂപം കൊടുക്കും. ആയതിനാൽ അടിയന്തര പ്രാധാന്യത്തോടെ കുട്ടികളുടെയും യുവജനങ്ങളുടെയും സർവ്വേ നടക്കണം. ഇത് കമ്മറ്റി അംഗങ്ങളുടെയും, മതബോധന അധ്യാപകരുടെയും സി.എം.എൽ., കെ.സി.വൈ.എം., ജീസസ് യൂത്ത് ഇവരുടെയും സഹകരണത്തോടെ നടത്തണം.

ദൈവം തന്റെ ഏകജാതനെ നൽകുവാൻ തക്കവിധം ഈ ലോകത്തെ സ്നേഹിച്ചു. ആ സ്നേഹം യേശുവായിരുന്നു. ഈ സ്നേഹം ലോകത്തിൽ ദൃശ്യമാക്കപ്പെട്ടത് രണ്ട് മനുഷ്യരുടെ സഹകരണത്തിലൂടെ ആയിരുന്നു. പരി.കന്യകാമറിയത്തിന്റെ സമ്പൂർണ്ണ സമർപ്പണവും വി. യൗസേപ്പിന്റെ അത്യപൂർവ്വമായ അനുസരണവും ഒരാൾ സ്നേഹത്തിന്റെ വഴിയായി നിൽക്കുമ്പോൾ ജോസഫ് സ്നേഹത്തിന്റെ വഴി തെളിക്കുന്ന ഉപകരണമായി നിൽക്കുന്നു. മറിയത്തിന്റെ പ്രാർത്ഥനയും ജോസഫിന്റെ പ്രവർത്തനവും ക്രിസ്തുവാകുന്ന സ്നേഹം നിർബാധം ഭൂമിയിലേക്ക് ഒഴുകാൻ കാരണമായി. ഈയൊരു മാതൃക സ്വീകരിച്ചുകൊണ്ട് Department of Youth Ministry യുടെ പ്രവർത്തനങ്ങളെ JMJ (Jesus Mary Joseph) മിനിസ്ട്രീസ് എന്നു വിളിക്കുന്നു.

**Mary's Ministries:** പ്രത്യേകമായി കുട്ടികൾക്കും യുവജനങ്ങൾക്കും പ്രത്യേകിച്ച് അവർക്കുവേണ്ടി നടത്തപ്പെടുന്ന പരിപാടികൾക്കും വേണ്ടി പ്രാർത്ഥിക്കുന്ന കുട്ടികൾ, യുവജനങ്ങൾ, മാതാപിതാക്കൾ, സിസ്റ്റേഴ്സ്, വൈദികർ ഇവരുടെ കൂട്ടായ്മയാണ്. പ്രാർത്ഥനയില്ലാതെ പ്രവർത്തനമില്ല. കർത്താവിന്റെ കൂടെ ആയിരിക്കാൻ പ്രാർത്ഥന നമ്മെ സഹായിക്കുന്നു.

**Joseph Ministries:** പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള പ്രത്യേകമായ വിദ്യാഭ്യാസ പരിശീലന പരിപാടികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുന്നവരുടെ കൂട്ടായ്മ. PSC, IPS, IAS, Entrance Exam എന്നിവ എഴുതാൻ ചെറുപ്പത്തിലെ കുട്ടികളെ പ്രാപ്തരാക്കുന്ന പദ്ധതി. +2 കഴിഞ്ഞതിനുശേഷം കേരളത്തിലും

കേരളത്തിനുപുറത്തും വിദേശരാജ്യങ്ങളിലും വിദ്യാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസത്തിനുള്ള പ്രവേശനസഹായം ചെയ്തുകൊടുക്കുന്നു. പഠനം കഴിഞ്ഞ യുവജനങ്ങൾക്ക് സ്വദേശത്തും വിദേശത്തും ജോലി നേടാനും സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാനുമുള്ള സഹായങ്ങൾ നൽകുന്നു. കുട്ടികളുടെയും യുവജനങ്ങളുടെയും പഠനവും തൊഴിലുമായി ബന്ധപ്പെടുന്ന കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന വിഭാഗമാണ് ജോസഫ് മിനിസ്ട്രീസ്.

**Jesus Ministries:** മറിയം കൃപയുടെ വഴിയായതുപോലെയും ജോസഫ് വഴി തെളിക്കാനുള്ള ഉപകരണമായതുപോലെയും Mary's Ministries ഉം Joseph's Ministries ഉം കർത്താവിനെ കണ്ടെത്താനുള്ള Department of Youth Ministry യുടെ വഴിയും വഴിതെളിക്കുന്ന ഉപകരണവുമാണ്. Jesus Ministries ലൂടെ കൗമാരക്കാർക്കും കുട്ടികൾക്കും വ്യത്യസ്തമായ ധ്യാന പ്രോഗ്രാമിലൂടെ ഈശോയെ അനുഭവിക്കാനുള്ള സാഹചര്യം ഒരുക്കുന്നു. പ്രാർത്ഥിക്കാനും സുവിശേഷം ജീവിക്കാനും കൗമാരക്കാരെയും യുവജനങ്ങളെയും പ്രാപ്തരാക്കുന്നു. അങ്ങനെ എല്ലാവരും രക്ഷപെടണം എന്ന ദൈവപിതാവിന്റെ ഹിതം നിറവേറ്റാൻ നാം അക്ഷീണം പ്രയത്നിക്കുകയും ചെയ്യുന്നു.

**J M J Ministries**

പെനുവേൽ: മണിമൂളി ഫൊറോനയിലെ പത്താംക്ലാസിൽ പഠിക്കുന്ന 131 കുട്ടികൾക്കായി മൂന്നു ദിവസത്തെ ധ്യാനം നടത്തി. മണിമൂളി ഫൊറോന വൈദികർക്കും സിസ്റ്റേഴ്സിനും യുവജനങ്ങൾക്കും പ്രത്യേകം നന്ദി.

**UP Coming Events**

പെനുവേൽ: മണിമൂളി, നിലമ്പൂർ മേഖലകളിലെ +1, +2 കുട്ടികൾക്കായുള്ള ധ്യാനം തലഞ്ഞി ഇടവകയിൽ വെച്ച് നടത്തുന്നു. രജിസ്ട്രേഷൻ ഫീസ്. 500/-, സമയം: സെപ്റ്റംബർ 5 വെള്ളി 4 pm.to 9 ചൊവ്വ 3.30 pm. വരെ.

**യാഹ്വെയിരെ**

യുവജനധ്യാനം അടയ്ക്കാത്തോട് ഇടവകയിൽ സെപ്റ്റംബർ 11 വ്യാഴം മുതൽ 13 ശനിവരെ.

**എഫ്രായിം**

കുട്ടികൾക്കായുള്ള ഏകദിനധ്യാനം സെപ്റ്റംബർ 10 ബുധൻ അടയ്ക്കാത്തോട്

**ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് Science നടത്തുന്ന KVPY Test**

സയൻസ് വിഷയങ്ങളിൽ റിസർച്ച് നടത്തി ശാസ്ത്രജ്ഞരാകാൻ താൽപര്യമുള്ളവർക്ക് കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടെ പഠിക്കാനുള്ള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷിക്കാം.

www. kvpy.org.in എന്ന Site ൽ Online ആയി പേര് രജിസ്റ്റർ ചെയ്യാം.

1. 2014-2015 വർഷത്തിൽ +1, +2 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് SSLC പരീക്ഷയിൽ കണക്കിനും സയൻസിനുമായി 90 ശതമാനം മാർക്ക് ലഭിച്ചിട്ടുണ്ടെങ്കിൽ Kishore Vaigyanik Protsahan Yojana Test -ൽ പങ്കെടുക്കാം.

2. Drgree I Year (BSC/ B.S/ B-Start./ B.Math/ Int. MSC/MS.) വിദ്യാർത്ഥികൾക്ക് +2 പരീക്ഷയ്ക്ക് സയൻസ് വിഷയങ്ങളിൽ 85 ശതമാനം മാർക്ക് ലഭിച്ചവർക്ക് KVPY test ൽ പങ്കെടുക്കാം.

## Edu Smart

KVPY Test ൽ പേര് രജിസ്റ്റർ ചെയ്യുന്നവർക്കായി Edu Smart Training Programme നടത്തുന്നു. ഫീസ് 1000/-. തീയതി:- ഒക്ടോബർ 10- ന് വൈകുന്നേരം 5 മുതൽ 12 ന് രാവിലെ 9 വരെ. താൽപര്യമുള്ളവർ Department of Youth Ministry യുടെ ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യുക. Exam Online ആയി രജിസ്റ്റർ ചെയ്യാൻ Fee. 500/- സർവ്വീസ് ചാർജ് - 100/-

ആവശ്യമായ രേഖകൾ: Photo, attested marks sheet of SSLC, +2 by the Head of the present College or Higher Secondary School.

## Historical Movements

ആധുനിക കാലഘട്ടത്തിൽ സഭയുടെ ദൗത്യം വെല്ലുവിളി നിറഞ്ഞതാണ്. പ്രത്യേകിച്ച് യുവജനങ്ങളുടെ ഇടയിൽ. ഈ വെല്ലുവിളികളോട് ക്രിയാത്മകമായി പ്രത്യുത്തരിക്കാൻ സഭയുടെ യുവജന ശുശ്രൂഷയിൽ കാലാനുസൃതമായ മാറ്റം അനിവാര്യമാണ്. പ്രത്യേകിച്ച് യുവജനശുശ്രൂഷയുടെ നിലനിൽപിനും ഫലദായകത്വത്തിനും. മാനന്തവാടി രൂപതയിൽ യുവജന ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്നത് കെ.സി.വൈ.എം. സംഘടനയാണ്. എന്നാൽ കാലത്തിനൊത്ത് യുവജനങ്ങൾക്കാവശ്യമായ സംവിധാനം രൂപപ്പെടുത്താൻ കെ.സി.വൈ.എം. പ്രസ്ഥാനത്തിന്റെ സാധ്യതകളും പരിമിതികളും നിലവിൽ പ്രയാസമനുഭവിക്കുന്നുണ്ട്. ഈ സാഹചര്യത്തിലാണ് കെ.സി.വൈ.എം. സംഘടനയെ നിലനിർത്തിക്കൊണ്ട് തന്നെ യുവജന ശുശ്രൂഷകൾക്കു വേണ്ടിയുള്ള ഒരു രൂപതാതല സംവിധാനം രൂപപ്പെടുത്തണം എന്ന ആശയത്തിന് പ്രസക്തി ഉണ്ടായത്. കെ.സി.വൈ.എം. ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ 2013 ഏപ്രിൽ 24-ന് വി. ഗീവർഗീസ് സഹദായുടെ തിരുനാൾദിനം മാനന്തവാടി രൂപതയിൽ യുവജനങ്ങൾക്കുവേണ്ടിയുള്ള ഒരു രൂപതാതല സംവിധാനം രൂപപ്പെടേണ്ട ആവശ്യം കാണിച്ച് ഒരു നിവേദനം അഭിവന്ദ്യ പിതാവിന് സമർപ്പിച്ചു. അഭിവന്ദ്യ മാർ ജോസ്

പൊരുന്നേടം പിതാവ് പ്രസ്തുത ആവശ്യം അടിയന്തര പ്രാധാന്യ ത്തോടെ കാണുകയും വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തു.

2013 ഓഗസ്റ്റ് 14-ന് ചേർന്ന വൈദിക സമ്മേളനത്തിൽ കെ.സി. വൈ.എം. ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ Department of Youth Ministry മാനന്തവാടി രൂപതയിൽ തുടങ്ങേണ്ട ആവശ്യത്തെ ക്കുറിച്ച് വിഷയാവതരണം നടത്തി. എത്രയും പെട്ടെന്ന് ഇപ്രകാരം ഒരു സംവിധാനം നമ്മുടെ രൂപതയിൽ ഉണ്ടാകണം എന്ന് അഭിപ്രായം പ്രസ്തുത വൈദിക സമ്മേളനത്തിൽ ഉണ്ടായി. പിന്നീട് 2014 ൽ ഓഗസ്റ്റ് 2 ന് മാർ ജോസ് പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഫൊറോന വികാരിമാരുടെയും ഡയറക്ടേഴ്സിന്റെയും സമ്മേളനത്തിൽ Department of Youth Ministry മാനന്തവാടി രൂപതയിൽ ആരംഭിക്കുന്ന കാര്യം പിതാവ് എല്ലാവരുടെയും ശ്രദ്ധയിൽപ്പെടുത്തി.

2014 ജൂലൈ മാസം 20-ാം തീയതി മാനന്തവാടി രൂപതയിൽ യുവജനങ്ങൾക്കുവേണ്ടിയുള്ള ശുശ്രൂഷാ സംവിധാനം Department of Youth Ministry സ്ഥാപിച്ചുകൊണ്ട് അഭിവന്ദ്യപിതാവ് മാർ ജോസ് പൊരു ന്നേടം ഉത്തരവ് ഇറക്കി. (Prot.No. 16207/2014). Department of Youth Ministry യുടെ പ്രഥമ ഡയറക്ടറായി Fr. George Painumkal (Lal Jacob) നെ പിതാവ് നിയമിച്ചു. (Prot. No. 16208/2014).

**നന്ദി**

മാനന്തവാടി രൂപതയിലെ എല്ലാ കൗമാരക്കാർക്കും യുവജന ങ്ങൾക്കും വേണ്ടി നവീനമായ രീതിയിൽ സഭാശുശ്രൂഷകൾ നൽകാ നായി സ്ഥാപിതമായിരിക്കുന്ന Department of Youth Ministry യുവ ജനങ്ങൾക്കായുള്ള അഭിവന്ദ്യ പിതാവിന്റെ സമ്മാനമാണ്. വളരെ താൽപര്യപൂർവ്വം ഈ മിനിസ്ട്രിയെക്കുറിച്ച് ആലോചിക്കുകയും അതിനു രൂപവും ഭാവവും നൽകുകയും ചെയ്ത അഭിവന്ദ്യ പിതാവിന് നന്ദി പറയുന്നു. പെരിയ ബഹു. വികാരി ജനറാൾ മാടപ്പള്ളിക്കുന്നേൽ മാത്യു അച്ചനും പ്രൊക്കുറേറ്റർ ബഹു. ബെന്നിയച്ചനും ചാൻസലർ ബഹു. ജോസഫ് പരുവുമ്മേലച്ചനും പാസ്റ്ററൽ സെന്ററിലെ എല്ലാ വൈദികർക്കും ബഹു. ഫൊറോന വികാരിമാർ മാനന്തവാടി രൂപത യിലെ വൈദികർ, സമർപ്പിതർ, യുവജനങ്ങൾ പ്രത്യേകിച്ച് പ്രാർത്ഥന യിൽ സഹായിച്ചവർ എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി.

**ഫാ. ലാൽ ജേക്കബ് പൈനുങ്കൽ**
Director, Department of Youth Ministry

# കെ. സി. വൈ. എം.

## പ്രചോദിനി 2014 വനിതാസംഗമം

കെ.സി.വൈ.എം. മാനന്തവാടി രൂപത യുവവനിതകൾക്കായി ഒരുക്കിയ 'പ്രചോദിനി 2014' വനിതാസംഗമം ജൂലൈ 26 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തപ്പെട്ടു. കെ.സി.വൈ.എം. ബത്തേരി മേഖല ആനിമേറ്റർ റവ.സി. മർത്ത SJC വചനപ്രതിഷ്ഠ നടത്തി. കെ.സി.വൈ.എം. രൂപത സെക്രട്ടറി കുമാരി അനീറ്റ കുളത്തിങ്കൽ സമ്മേളനത്തിന് സ്വാഗതം ആശംസിച്ചു. രൂപതാ ആനിമേറ്റർ റവ.സി. ലിൻസ FCC ആമുഖ പ്രഭാഷണം നടത്തി. കെ.സി.വൈ.എം. രൂപതാ വൈസ് പ്രസിഡണ്ട് കുമാരി ജ്യോത്സന തൈക്കൂട്ടംപുത്തൻപുര അധ്യക്ഷ പ്രസംഗം നടത്തി. സമ്മേളനത്തിന്റെ ഉദ്ഘാടനകർമ്മം രൂപത മതബോധന ഡയറക്ടർ റവ.ഫാ. റോയ് വട്ടക്കാട്ട് നിർവ്വഹിച്ചു. കെ.സി.വൈ.എം. രൂപതാ ഡയറക്ടർ റവ.ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, കെ.സി.വൈ.എം. രൂപത പ്രസിഡണ്ട് ശ്രീ. ബിബിൻ ചെമ്പക്കര തുടങ്ങിയവർ ആശംസകളർപ്പിച്ച് സംസാരിച്ചു. പയ്യമ്പള്ളി യൂണിറ്റ് അംഗം കുമാരി മേരി സിയ ഏനാനിയ്ക്കൽ നന്ദിയർപ്പിച്ചു സംസാരിച്ചു.

തുടർന്ന് വനിതകൾക്കായി സോഫ്റ്റ്‌വെയർ എൻജിനീയർ മിസിസ് പ്രിൻസി, സി. ബിൻസി DPM തുടങ്ങിയവർ ക്ലാസ്സുകളെടുത്തു. സംഗമത്തിൽ മുന്നൂറോളം വനിതകൾ പങ്കെടുത്തു. ഇതിനു പിന്നിൽ പ്രവർത്തിച്ച യൂണിറ്റ്, മേഖല, രൂപത ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, ഭാരവാഹികൾ എന്നിവരെ നന്ദിയോടെ സ്മരിക്കുന്നു.

## ആനിമ 2014

മേഖല, യൂണിറ്റ് തലങ്ങളിൽ സംഘടനയ്ക്ക് നേതൃത്വം നൽകുന്ന ആനിമേറ്റർമാരുടെ സംഗമം ജൂലൈ 26 ശനിയാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ചു നടന്നു. രൂപതാഡയറക്ടർ റവ.ഫാ. ലാൽ ജേക്കബ് പൈനുങ്കൽ കെ.സി.വൈ.എം. ആനിമേറ്റേഴ്സിന്റെ ദൗത്യനിർവ്വഹണത്തെക്കുറിച്ച് സംസാരിക്കുകയും ചർച്ച നടത്തുകയും ചെയ്തു. തുടർന്ന്

കെ.സി.വൈ.എം. മുൻ രൂപത ആനിമേറ്റർ റവ.സി. ക്രിസ്റ്റീന എസ്.സി.വി. ആനിമേറ്റേഴ്സിനുവേണ്ടിയുള്ള ക്ലാസിനു നേതൃത്വം നൽകി. 60 ആനിമേറ്റേഴ്സ് സംഗമത്തിൽ പങ്കെടുത്തു.

**സംസ്ഥാന അർദ്ധവാർഷിക സെനറ്റ്**

കെ.സി.വൈ.എം. യുവജന പ്രസ്ഥാനത്തിന്റെ 36-ാമത് സംസ്ഥാന അർദ്ധവാർഷിക സെനറ്റ് സമ്മേളനം ജൂലൈ 26, 27 തീയതികളിൽ തിരുവല്ല രൂപതയുടെ ആതിഥേയത്വത്തിൽ മാക്ഫാസ്റ്റ് കോളേജിൽ വച്ച് നടത്തപ്പെട്ടു. ശ്രീ. സജിൻ ജോസ് ചാലിൽ, ശ്രീ. ബിനോയ് പാനികുളം, ശ്രീ. എബിൻ മുട്ടപ്പള്ളി, കുമാരി ലിറ്റി കൊച്ചുപുരയ്ക്ക്ൽ, കുമാരി ഷൈനി മോളത്ത് തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കുകയും രൂപതാ റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

**പേൾ 2014 രൂപതാ കലാസാഹിത്യ മത്സരങ്ങൾ**
**(ഒക്ടോബർ 12, നവംബർ 3)**

Pearl-2014 സാഹിത്യ മത്സരങ്ങൾ ഒക്ടോബർ 12-ന് 1.30 ന് അതാതു മേഖലാ കേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെടും. ഒക്ടോബർ 20-നു മുമ്പായി സമ്മാനാർഹമായ സൃഷ്ടികൾ രൂപതാകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

കലാമത്സരങ്ങൾ നവംബർ 3-ന് ന്യൂമാൻസ് കോളേജിൽ വച്ച് രാവിലെ 9-ന് ആരംഭിക്കുന്നു. മേഖലകൾ മുൻകൂട്ടി മത്സരങ്ങൾ നടത്തി മത്സരാർത്ഥികളുടെ ലിസ്റ്റ് ഒക്ടോബർ 20-ന് മുമ്പ് കെ.സി.വൈ.എം. ഓഫീസിൽ എത്തിക്കേണ്ടതാണ്. 20-നു ശേഷം ലഭിക്കുന്നവ സ്വീകരിക്കുന്നതല്ല. 2014-ലെ അംഗത്വ ലിസ്റ്റിൽ പേരില്ലാത്തവർക്ക് മത്സരിക്കാൻ യോഗ്യതയില്ല.

വ്യക്തിഗത ഇനത്തിൽ ഒരാൾക്ക് പരമാവധി 3 കലാമത്സരങ്ങൾക്കും 3 രചനാമത്സരങ്ങൾക്കും പങ്കെടുക്കുവാൻ അനുവാദമുണ്ട്. രജിസ്ട്രേഷൻ ഫീസ് 30 രൂപയാണ്. വ്യക്തിഗത ഇനത്തിൽ വെവ്വേറെ ആവശ്യമാണ്. ഗ്രൂപ്പ് ഇനത്തിൽ ഓരോ വ്യക്തിക്കും 30 രൂപയാണ്. സാഹിത്യ മത്സരത്തിന് പ്രത്യേക രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതല്ല.

സെപ്തംബർ 15-നു ശേഷം അംഗത്വലിസ്റ്റ് പുതുക്കുന്നതിനോ ലിസ്റ്റിൽ പേരു ചേർക്കുന്നതിനോ അനുവദിക്കുന്നതല്ല.

**യൂണിറ്റ് വാർത്തകൾ**

**പനംഞ്ചിറ യൂണിറ്റ്**

യുവജനദിനത്തോടനുബന്ധിച്ച് റവ.ഫാ. ഫിലിപ്പ് പുലിപ്പുര യുവജനങ്ങൾക്കായ് ലഹരിവസ്തുക്കളുടെ ഉപയോഗം, പ്രാർത്ഥനാജീവിതം,

സാക്ഷ്യജീവിതം എന്നീ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന ക്ലാസ് നടത്തി. 30 യുവജനങ്ങൾ പങ്കെടുത്തു. യുവജനദിനത്തിൽ കയ്യൂന്നി അസി.വികാരി റവ. ഫാ. ജിനോ മേക്കാട്ട് യുവജനങ്ങൾക്കുവേണ്ടി ദിവ്യബലിയർപ്പിക്കുകയും യുവജനദിനസന്ദേശം നൽകുകയും ചെയ്തു. കാഴ്ചസമർപ്പണം, വായനകൾ, ഇവ യുവജനങ്ങളുടെ നേതൃത്വത്തിൽ നടത്തി. ജൂലൈ 13 ന് ഇടവകാംഗങ്ങൾക്കായി സംഘടിപ്പിച്ച ലഹരിവിരുദ്ധ ബോധവത്ക്കരണ സെമിനാറിൽ യുവജനങ്ങളും പങ്കെടുത്തു. ബത്തേരിയിൽ വച്ചു നടന്ന ലഹരിവിരുദ്ധ റോഡ് ഷോയിൽ യൂണിറ്റിൽ നിന്നും 23 യുവജനങ്ങൾ പങ്കെടുത്തു. എല്ലാ മാസവും നടത്തിവരുന്ന ആരാധനയും മീറ്റിംഗും ജൂലൈ 28 ന് നടത്തി. ജീവകാരുണ്യ സഹായനിധി രൂപീകരണത്തിന്റെ ഭാഗമായുള്ള കൂപ്പണിന്റെ ഉദ്ഘാടനം നടത്തി.

**ബെക്കി യൂണിറ്റ്**

വി. തോമാശ്ലീഹായുടെ തിരുനാളും ബഹു. വികാരിയച്ചന്റെ നാമഹേതുക തിരുനാളും യുവജനദിനവും സമുചിതമായി ആഘോഷിച്ചു. യുവജനങ്ങൾക്ക് കൊന്തയും മിഠായിയും ഗ്രീറ്റിംഗ് കാർഡും നൽകി ആദരിച്ചു. ലഹരിവിരുദ്ധ അർദ്ധദിനസെമിനാറിൽ എല്ലാ യുവതീയുവാക്കളും പങ്കെടുത്തു.

**കരിമാനി യൂണിറ്റ്**

യുവജനദിനാഘോഷത്തോടനുബന്ധിച്ചുള്ള വി.കുർബാനയിലെ ശുശ്രൂഷകൾക്ക് യുവജനങ്ങൾ നേതൃത്വം നൽകി. യുവജനങ്ങൾക്കായി പ്രത്യേക പ്രാർത്ഥന നടത്തി. വി. കുർബാനക്കുശേഷം നടത്തിയ പൊതുസമ്മേളനത്തിൽ യുവജനദിനവും കെസിവൈഎം കരിമാനി ശാഖയുടെ ഒന്നാം വാർഷികവും കേക്ക് മുറിച്ചുകൊണ്ട് ആഘോഷിച്ചു. ഡയറക്ടർ റവ.ഫാ. ജിൽസ് ഞവരക്കാട്ട് യുവജനങ്ങൾക്ക് പൂക്കൾ നൽകി ആദരിച്ചു. വനിതാസംഗമത്തിൽ യൂണിറ്റിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു. കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച രണ്ടു ഭവനങ്ങൾ സന്ദർശിച്ച് ആവശ്യമായ സഹായങ്ങൾ ചെയ്തു കൊടുത്തു. ജൂലൈ 28 ന് യുവജനങ്ങൾക്കായ് 'വ്യക്തിത്വ വികസനവും ഉണർവ്വുള്ള യുവത്വവും' എന്ന വിഷയത്തെ ആസ്പദമാക്കി ബോധവത്ക്കരണ ക്ലാസ് നടത്തി.

**ശിശുമല യൂണിറ്റ്**

പന്തക്കുസ്ത തിരുനാളിനോടനുബന്ധിച്ച് ജാഗരണ പ്രാർത്ഥന നടത്തി. രൂപതയുടെ ലഹരിവിരുദ്ധ റാലിയിൽ യൂണിറ്റിൽ നിന്നും യുവജനങ്ങൾ പങ്കെടുത്തു. യുവജനദിനത്തിലെ ദിവ്യബലിമദ്ധ്യേ യുവജനങ്ങൾ കാഴ്ചവയ്പ് നടത്തി. യുവജനദിനത്തോടനുബന്ധിച്ച് നടന്ന സെമിനാറിന് നടവയൽ മുക്തി കോഡിനേറ്റർ ശ്രീ. ജി. മാത്യു നേതൃത്വം നൽകി.

**വെള്ളൂന്നി യൂണിറ്റ്**

മാനന്തവാടിയിൽ വച്ചു നടന്ന ലഹരിവിമുക്ത റോഡ് ഷോയിൽ യൂണിറ്റിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു. യുവജനദിനത്തോടനുബന്ധിച്ച് പ്രത്യേക പ്രാർത്ഥനകളും, ദിവ്യബലിയിൽ കാഴ്ചസമർപ്പണവും നടത്തി.

തുടർന്ന് നടന്ന യുവജനസംഗമത്തിൽ 56 യുവജനങ്ങൾ പങ്കെടുത്തു. റവ. ഫാ. ജെയ്സ് പൂതക്കുഴി ഉദ്ഘാടനം ചെയ്ത സംഗമത്തിന് യൂണിറ്റ് ഭാരവാഹികൾ ആശംസകൾ അർപ്പിച്ചു. യുവജനദിനത്തോടനുബന്ധിച്ച് നടത്തിയ പ്രത്യേക പരിപാടികൾക്ക് ശ്രീ. ജോൺസൺ വടക്കേക്കര നേതൃത്വം നൽകി. ഇടവകാംഗവും കെ.സി.വൈ.എമ്മിന്റെ സജീവ പ്രവർത്തകനുമായിരുന്ന ശ്രീ. ടോമി കൊച്ചുപുരയ്ക്കലിന്റെ നിര്യാണത്തിൽ സംഘടന അനുശോചനം രേഖപ്പെടുത്തുകയും പുഷ്പചക്രം സമർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. രൂപത വനിതാസംഗമത്തിൽ യൂണിറ്റിൽ നിന്നും 11 പേർ പങ്കെടുത്തു.

**പുതുശ്ശേരി യൂണിറ്റ്**

ലഹരിവിമുക്ത വർഷാചരണത്തിന്റെ ഭാഗമായി കെ.സി.വൈ.എം. അംഗങ്ങൾ പുതുശ്ശേരി അങ്ങാടിയിൽ ലഹരിവിമുക്ത ബാനർ സ്ഥാപിച്ചു. കെ.സി.വൈ.എം. രൂപത ഡയറക്ടർ റവ.ഫാ. ലാൽ ജേക്കബ് പൈനുങ്കൽ യുവജനദിനത്തോടനുബന്ധിച്ചുള്ള ദിവ്യബലി അർപ്പിക്കുകയും യുവജന ദിനസന്ദേശം നൽകുകയും ക്ലാസുകൾക്ക് നേതൃത്വം നൽകുകയും ചെയ്തു. കാഴ്ചസമർപ്പണത്തിലൂടെ ലഭിച്ച പണം ദേവാലയ നിർമ്മാണ പ്രവർത്തനങ്ങൾക്കായി നൽകി.

**കുന്നലാടി യൂണിറ്റ്**

യുവജനദിനത്തിൽ ദിവ്യബലിയിലെ ബൈബിൾ വായനകൾ, അൾത്താര ശുശ്രൂഷ, കാഴ്ചസമർപ്പണം തുടങ്ങിയവയ്ക്ക് യുവജനങ്ങൾ നേതൃത്വം നൽകി. ബൈബിൾ പ്രതിഷ്ഠ നടത്തി. ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി ഫണ്ടു സ്വരൂപണാർത്ഥം കൂപ്പൺ അടിച്ചിറക്കി. രൂപത വനിതാ സംഗമത്തിൽ അംഗങ്ങൾ പങ്കെടുത്തു. യുവജനങ്ങൾ ഭവനസന്ദർശനം നടത്തി. യുവജനങ്ങൾ ചേർന്ന് റോഡിന്റെ അറ്റകുറ്റപണികൾ നടത്തി. ദേവാലയ പൂന്തോട്ടം വൃത്തിയാക്കുകയും പുതിയ ചെടികൾ നട്ടുപിടിപ്പിക്കുകയും ചെയ്തു. പച്ചക്കറി വിത്ത് ശേഖരിച്ച് അമ്മമാർക്ക് വിതരണം ചെയ്തു. എല്ലാ വെള്ളിയാഴ്ചകളിലും മീറ്റിംഗ് കൂടി പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുന്നു. ഇടവക ഡിറക്ടറി നിർമ്മാണം ആരംഭിച്ചു.

**കെ.സി.വൈ.എം. പുതിയ യൂണിറ്റുകൾ ആരംഭിച്ചു**

ചാരിറ്റി ഇടവകയിൽ കെ.സി.വൈ.എം. യൂണിറ്റ് ആരംഭിച്ചു. ഇടവക വികാരി ബഹു. ജോയി ചേറാടിയിൽ അച്ചന്റെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ കെ.സി.വൈ.എം. യൂണിറ്റ് ഉദ്ഘാടനം ചെയ്യപ്പെട്ടു. പുതിയ യുവജനനേതൃത്വത്തിന് എല്ല നന്മകളും ആശംസിക്കുന്നു. ജൂലൈ 20-ന് യുവജനദിനം ആഘോഷിച്ചു. ദിവ്യബലിയിലെ വായനകൾ, അൾത്താര ശുശ്രൂഷ, ഗാനശുശ്രൂഷ തുടങ്ങിയവയ്ക്ക് യുവജനങ്ങൾ നേതൃത്വം നൽകി. രൂപതാ വനിതാസംഗമത്തിന് യൂണിറ്റിൽ നിന്നും 6 പേർ പങ്കെടുത്തു.

**മരുത**

മരുത ഇടവകയിൽ കെ.സി.വൈ.എം. യൂണിറ്റ് ആരംഭിച്ചു. ബഹുമാനപ്പെട്ട ടോമിയച്ചനും ഭാരവാഹികൾക്കും വിജയാശംസകൾ നേരുന്നു.

**മുട്ടിയേൽ**

മുട്ടിയേൽ ഇടവകയിൽ കെ.സി.വൈ.എം. യൂണിറ്റ് ആരംഭിച്ചു. ബഹു. ജോബിയച്ചനും നേതൃനിരയ്ക്കും വിജയാശംസകൾ.

**കൊളവയൽ**

കൊളവയലിൽ കെ.സി.വൈ.എം. യൂണിറ്റ് ആരംഭിച്ചു. ബഹുമാനപ്പെട്ട മാത്യു പൈക്കാട്ടച്ചന്റെ നേതൃത്വത്തിലുള്ള ടീമംഗങ്ങൾക്ക് ആശംസകൾ. കൽപ്പറ്റയിൽ നടന്ന ലിബർത്താസ് 2014 ലും, പട്ടാണിക്കൂപ്പിൽ വച്ചു നടന്ന ജാഗരണ പ്രാർത്ഥനയിലും യൂണിറ്റിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു.

**വടക്കനാട്**

കെ.സി.വൈ.എം. യൂണിറ്റ് പുനരാരംഭിച്ചു. ഭാരവാഹികളെ തിരഞ്ഞെടുത്തു. ബഹു. ജെയ്സണച്ചൻ ഡയറക്ടറായുള്ള യുവജന നേതൃത്വത്തിന് ആശംസകൾ നേരുന്നു. യുവജനദിനത്തോടനുബന്ധിച്ച് ദിവ്യബലിയിലെ ഗാനശുശ്രൂഷ, വായനകൾ, കാറോസൂസ പ്രാർത്ഥനകൾ, കാഴ്ചവെയ്പ് തുടങ്ങിയവയ്ക്ക് യുവജനങ്ങൾ നേതൃത്വം നൽകി. ദിവ്യബലിക്കുശേഷം റവ.ഫാ. ജെയ്സൺ യുവജനങ്ങൾക്ക് വെഞ്ചരിച്ച ജപമാല നൽകി. ബത്തേരിയിൽ വച്ചു നടന്ന ലഹരിവിരുദ്ധ റോഡ് ഷോയിൽ യൂണിറ്റിൽ നിന്നും 13 പേർ പങ്കെടുത്തു.

**പ്രശാന്തഗിരി യൂണിറ്റ്**

പ്രശാന്തഗിരിയിൽ കെ.സി.വൈ.എം. യൂണിറ്റ് പുനരാരംഭിച്ചു. ബഹു. മൈക്കിൾ വടക്കേമുളഞ്ഞനാലച്ചനും ഭാരവാഹികൾക്കും എല്ലാ നന്മകളും ആശംസിക്കുന്നു.

**പയ്യമ്പള്ളി യൂണിറ്റ്**

ആദ്യവെള്ളിയാഴ്ചത്തെ ജാഗരണപ്രാർത്ഥനയ്ക്ക് യുവജനങ്ങൾ പങ്കെടുക്കുകയും നേതൃത്വം നൽകുകയും ചെയ്തു. ഫണ്ടു ശേഖരണാർത്ഥം ഒരു ക്വിന്റൽ വാം ടീ വിൽപന നടത്തി.

**മഞ്ഞൂറ യൂണിറ്റ്**

ദ്വാരകയിൽ വച്ചു നടന്ന വനിതാസംഗമത്തിൽ യൂണിറ്റിൽ നിന്നും 6 പേർ പങ്കെടുത്തു. വി. ജോൺ മരിയാ വിയാനിയുടെ തിരുനാൾ ദിനത്തിൽ ബഹു. വികാരിയച്ചന് ആശംസകളർപ്പിച്ചു.

**ഒലിവുമല യൂണിറ്റ്**

പള്ളിയും പരിസരവും വൃത്തിയാക്കി. യുവജനദിനാഘോഷത്തോടനുബന്ധിച്ച് പതാക ഉയർത്തി. ദിവ്യബലിയിലെ ഗാനങ്ങൾ, വായനകൾ, അൾത്താരശുശ്രൂഷകൾ, കാഴ്ചവയ്പ് തുടങ്ങിയവയ്ക്ക് യുവജനങ്ങൾ നേതൃത്വം നൽകി. 'യുവത്വവും ക്രിസ്തീയദർശനവും' എന്ന വിഷയത്തെക്കുറിച്ച് റവ.ഫാ. ജോയി ചേറാടിയിൽ ക്ലാസെടുത്തു. തുടർന്ന് ആരാധന നടത്തി. ഉച്ചക്കുശേഷം സ്നേഹസദൻ സന്ദർശിക്കുകയും 1000 രൂപ സംഭാവനയായി നൽകുകയും ചെയ്തു. നാമഹേതുക തിരുനാൾ ദിനത്തിൽ യൂണിറ്റ് ഡയറക്ടർ റവ.ഫാ. ബിനുവിന് ആശംസകളർപ്പിച്ചു. രൂപതാ വനിതാസംഗ

മത്തിൽ യൂണിറ്റിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു. വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് യുവജനങ്ങൾ തിരുസ്വരൂപം അലങ്കരിച്ചു.

**മുണ്ടേരി യൂണിറ്റ്**

യുവജനദിനത്തിലെ ദിവ്യബലിയിൽ യുവജനങ്ങൾ കാഴ്ചവയ്പ് നടത്തുകയുണ്ടായി. യുവജനദിനാഘോഷത്തോടനുബന്ധിച്ച് സെമിനാർ നടത്തി. സെമിനാറിൽ ബഹു. ബിനോയ് കാശാംകുറ്റിയിലച്ചൻ ക്ലാസെടുത്തു. സെമിനാറിനുശേഷം സ്നേഹവിരുന്നും നൽകി. മേഖലാ കലാമത്സരത്തോടനുബന്ധിച്ചുള്ള തെരുവുനാടകത്തിന്റെ പ്രാക്ടീസ് ആരംഭിച്ചു.

**ആറാട്ടുതറ യൂണിറ്റ്**

മേഖല അർദ്ധവാർഷിക സെനറ്റിൽ യൂണിറ്റ് ഭാരവാഹികൾ പങ്കെടുത്തു. യുവജനദിനത്തിലെ വി.കുർബാനയിൽ യുവജനങ്ങൾ കാഴ്ച സമർപ്പണം നടത്തി. തുടർന്ന് നടന്ന യുവജനസമ്മേളനത്തിൽ യൂണിറ്റ് ഡയറക്ടർ റവ.ഫാ. ചാക്കോച്ചൻ യുവജനദിനസന്ദേശം നൽകി. ദ്വാരകയിൽ വച്ചു നടന്ന വനിതാസംഗമത്തിൽ യൂണിറ്റിൽ നിന്നും 4 പേർ പങ്കെടുത്തു.

**പഴൂർ യൂണിറ്റ്**

ദുക്റാന തിരുനാളിൽ തോമസ് നാമധാരികളെ ആദരിച്ചു. യുവജനദിനത്തിലെ ദിവ്യബലിയിൽ അൾത്താരശുശ്രൂഷ, ഗാനശുശ്രൂഷ, വായനകൾ, കാഴ്ചവയ്പ് എന്നിവയ്ക്ക് യുവജനങ്ങൾ നേതൃത്വം നൽകി. മേഖല അർദ്ധവാർഷിക സെനറ്റിൽ യൂണിറ്റ് ഭാരവാഹികൾ പങ്കെടുത്തു. രോഗാവസ്ഥയിലായിരുന്ന സി. ആൻസിയെ സന്ദർശിച്ച് പ്രാർത്ഥിച്ചു.

**ചുള്ളിയാന യൂണിറ്റ്**

ജൂലൈ 20-ന് യൂണിറ്റിൽ യുവജനദിനം ആഘോഷിച്ചു. അംഗത്വനവീകരണം നടത്തുകയും പുതിയതായി കടന്നുവന്നിട്ടുള്ള അംഗങ്ങൾ അംഗത്വസ്വീകരണം നടത്തുകയും ചെയ്തു. ദിവ്യബലിമദ്ധ്യേ യുവജനങ്ങൾ കാഴ്ചവയ്പ് നടത്തി. തുടർന്ന് യൂണിറ്റ് ഡയറക്ടർ ബഹു. തോമസ് കുറ്റിക്കാട്ടുകുന്നേലച്ചന്റെ നേതൃത്വത്തിൽ മീറ്റിംഗ് കൂടി. യുവജനങ്ങൾ ചേർന്ന് പള്ളിയും പരിസരവും വൃത്തിയാക്കുകയും ചേര്യംകൊല്ലി പ്രദേശം പ്ലാസ്റ്റിക് മാലിന്യമുക്തമാക്കുകയും ചെയ്തു.

**ചെന്നലോട് യൂണിറ്റ്**

യൂണിറ്റ് ഡയറക്ടർ റവ.ഫാ. അഗസ്റ്റിൻ ചേമ്പാല അച്ചന് ജന്മദിനാശംസകൾ നേർന്നു. മേഖല അർദ്ധവാർഷിക സെനറ്റിൽ യൂണിറ്റ് ഭാരവാഹികൾ പങ്കെടുത്തു. രൂപത വനിതാ സംഗമത്തിൽ യൂണിറ്റിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു.

**കൽപ്പറ്റ യൂണിറ്റ്**

ഇടവകയിലെ നിർദ്ധനരായ കുട്ടികൾക്ക് കെ.സി.വൈ.എമ്മിന്റെ നേതൃത്വത്തിൽ നോട്ടുബുക്കുകൾ വിതരണം ചെയ്തു. മേഖല അർദ്ധവാർഷിക സെനറ്റിൽ യൂണിറ്റിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു. യുവജനദിനത്തിൽ ദിവ്യബലിയിൽ യുവജനങ്ങൾ കാഴ്ചവയ്പ് നടത്തുകയും മറ്റു ശുശ്രൂഷകൾക്ക് നേതൃത്വം നൽകുകയും ചെയ്തു. വി.കുർബാനക്കുശേഷം

നടന്ന യോഗത്തിൽ രൂപതാ ആനിമേറ്റർ റവ.സി. ലിൻസ എഫ്.സി.സി. യുവജനദിനസന്ദേശം നൽകി. കെ.സി.വൈ.എം. മുഖപത്രമായ യുവധ്വനി യുടെ 6-ാം ലക്കം പ്രസിദ്ധീകരിച്ചു. തുടർന്ന് നടന്ന സെമിനാറിൽ റവ.ഫാ. ജോബി എം.എസ്. ക്ലാസ്സെടുക്കുകയുണ്ടായി. രൂപതാ വനിതാസംഗമത്തിൽ യൂണിറ്റിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു. ഫണ്ടു സ്വരൂപണാർത്ഥം നടത്തുന്ന ചായപ്പൊടിയുടെ വിതരണം സജീവമായി നടന്നുവരുന്നു.

**ദ്വാരക യൂണിറ്റ്**

സ്കൂൾ പരിസരങ്ങളിൽ ലഹരിവസ്തുക്കൾ വിതരണം ചെയ്യാൻ പാടില്ലായെന്ന് വിൽപന കേന്ദ്രങ്ങളോട് ആവശ്യപ്പെട്ടു. രൂപതാ വനിതാസം ഗമത്തിൽ യൂണിറ്റിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു. രൂപതയോട് സഹ കരിച്ചുകൊണ്ട് ചായപ്പൊടി വിൽപന നടത്തി.

**നെടുമ്പാല യൂണിറ്റ്**

മേഖല അർദ്ധവാർഷിക സെനറ്റിൽ യൂണിറ്റ് ഭാരവാഹികൾ പങ്കെടു ക്കുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. രൂപത വനിതാസംഗമ ത്തിൽ യൂണിറ്റിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു. വാം ടീ വിതരണം നടത്തി.

**ഒണ്ടയങ്ങാടി യൂണിറ്റ്**

വി. ജോൺ മരിയ വിയാനി ദിനത്തിൽ 'ഡയറക്ടറോടൊപ്പം' എന്ന ആശയത്തിലൂന്നി യുവജനങ്ങൾ ഒരുമിച്ചുകൂടി വികാരിയച്ചന് ആശംസകൾ നേർന്നു. അന്നുതന്നെ യൂണിറ്റിലെ നവദമ്പതികളെ ആദരിക്കുകയുണ്ടായി. അംഗത്വ കാമ്പെയിൻ നടത്തി.

**പോരൂർ യൂണിറ്റ്**

വിയാനിദിനത്തോടനുബന്ധിച്ച് വികാരിയച്ചന് യുവജനങ്ങൾ ആശം സകളർപ്പിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. മാതാവിന്റെ സ്വർഗ്ഗാരോ പണത്തിരുനാളും സ്വാതന്ത്ര്യദിനവും സംയുക്തമായി ആഘോഷിച്ചു. ഭവന സന്ദർശനം നടത്തി. യുവജനങ്ങൾ ഗ്രൂപ്പ് തിരിഞ്ഞ് ഇടവകയിലെ എല്ലാ രോഗികളെയും സന്ദർശിച്ച് പ്രാർത്ഥിച്ചു.

**മേഖലാ വാർത്തകൾ**

**പയ്യമ്പള്ളി മേഖല**

മേഖലാ അർദ്ധവാർഷിക സെനറ്റും മേഖലാതല യുവജനദിനാഘോ ഷവും ബഹു. ഡയറക്ടറച്ചന്റെ നാമഹേതുക തിരുനാളും സംയുക്തമായി ആഘോഷിച്ചു. ശ്രീ. റ്റോബി കൂട്ടുങ്കൽ സ്വാഗതം ആശംസിച്ചു. മേഖലാ ഡയറക്ടർ റവ.ഫാ. സിബിച്ചൻ ചേലയ്ക്കാപ്പള്ളി യോഗം ഉദ്ഘാടനം ചെയ്യുകയും യുവജനദിനസന്ദേശം നൽകുകയും ചെയ്തു. സി. എലിസ ബത്ത് എസ്.സി.വി. ബഹു. സിബിച്ചന് തിരുനാൾ ആശംസകൾ നേർന്നു. കുമാരി മേരി സിയ ഏനാനിയ്ക്കൽ റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് കേക്ക് മുറിച്ച് സന്തോഷം പങ്കുവച്ചു. കുമാരി സോണിയ യോഗത്തിന് നന്ദി പറഞ്ഞു.

**സിബിൻ പാലമൂട്ടിൽ** - KCYM രൂപത ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്**

ദ്വാരക പാസ്റ്ററൽ സെന്ററിൽ ആഗസ്റ്റ് 3 മുതൽ 6 വരെ നടന്ന കോഴ്സിൽ 74 പേരും മണിമൂളി പാസ്റ്ററൽ സെന്ററിൽ ആഗസ്റ്റ് 15 മുതൽ 18 വരെ നടന്ന കോഴ്സിൽ 82 പേരും പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ വൈദികർക്കും കുടുംബ പ്രേഷിതത്വ ടീം അംഗങ്ങൾക്കും നന്ദി.

**അടുത്ത മാസത്തിലെ കോഴ്സുകൾ**

സെപ്റ്റംബർ 8-11 - പാസ്റ്ററൽ സെന്റർ ദ്വാരക
ഒക്ടോബർ 10-13 - പാസ്റ്ററൽ സെന്റർ ദ്വാരക
ഒക്ടോബർ 26-29 - പാസ്റ്ററൽ സെന്റർ ദ്വാരക

**ഫാമിലി അപ്പോസ്റ്റലേറ്റ് മേഖലാ ഡയറക്ടർമാർ, ആനിമേറ്റർമാർ, ടീം അംഗങ്ങൾ, വിമൻസ് കമ്മീഷൻ, മാതൃസംഘടന, ഏകസ്ഥർ, മാതൃസംഘടനയുടെ മേഖലാ പ്രസിഡന്റുമാർ എന്നിവരുടെ സംയുക്ത യോഗം**

30-07-2014 -ന് ചേർന്ന യോഗത്തിൽ വിവധ തലങ്ങളിൽ നിന്നും 42 പേർ സംബന്ധിച്ചു. പുതുതായി മേഖലകളിൽ ഉത്തരവാദിത്തം ഏറ്റെടുത്ത ബഹു. മേഖലാ ഡയറക്ടർമാരെയും ആനിമേറ്റർമാരെയും സ്വാഗതം ചെയ്തു. ഫാമിലി അപ്പോസ്റ്റലേറ്റിന്റെ വിവിധ പ്രവർത്തനങ്ങളെ വിലയിരുത്തി. യുവദമ്പതികൾക്കായി സെമിനാർ, മാതൃസംഘടനയുടെ ഏറ്റവും നല്ല മേഖലയും ശാഖയും കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ, ശാഖാ റിപ്പോർട്ടുകൾ മേഖലയിലും മേഖലാ റിപ്പോർട്ടുകൾ രൂപതയിലും എത്തിക്കേണ്ട തീയതികൾ എന്നിവ ചർച്ച ചെയ്തു. ഈ വർഷം ബെസ്റ്റ് ശാഖയും മേഖലയും നിർണ്ണയിക്കുന്നതിൽ ലഹരി വിമുക്ത വർഷ പ്രവർത്തനങ്ങളും പരിഗണിക്കുന്നതാണ്.

ഉദ്യോഗസ്ഥരായ അമ്മമാർക്ക് സഭയോടൊത്ത് പ്രവർത്തിക്കാൻ വേദിയൊരുക്കുക എന്ന ലക്ഷ്യത്തോടെ ഉദ്യോഗസ്ഥരായ അമ്മ

മാരുടെ കൂട്ടായ്മ സംഘടിപ്പിക്കാനും ഏകസ്ഥരായ വനിതകളുടെ സംഗമം സംഘടിപ്പിക്കാനും തീരുമാനിച്ചു. ഇതിനു മുന്നോടിയായി ഉദ്യോഗസ്ഥരായ അമ്മമാരുടെയും ഏകസ്ഥരുടെയും ഇടവക കേന്ദ്രീകരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി രൂപതാ കേന്ദ്രത്തിൽ എത്രയും വേഗം എത്തിക്കാൻ യോഗം നിർദ്ദേശിച്ചു.

വിമൻസ് കമ്മീഷന്റെ നേതൃത്വത്തിൽ കഴിഞ്ഞ വർഷം നടത്തിയ വിധവാ സംഗമത്തിന്റെ തുടർപരിപാടികൾ നടത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അംഗങ്ങൾ സംസാരിച്ചു. 18 വയസ്സിന് മുകളിൽ പ്രായമുള്ള വനിതകൾക്കായുള്ള സാഹിത്യ മൽസരങ്ങൾക്ക് ഈ വർഷം രൂപതയുടെ ലഹരി വിമുക്ത വർഷ ആചരണം പ്രധാന പ്രമേയമായി സ്വീകരിക്കാൻ തീരുമാനിച്ചു. ചിത്രരചന ഈ വർഷം മുതൽ മൽസര ഇനമായി ഉൾപ്പെടുത്തി. സാഹിത്യ മൽസരം ഇടവകയിൽ സെപ്റ്റംബർ 15 -ന് മുൻപു നടത്തി 1-ാം സ്ഥാനക്കാരുടെ പേപ്പറുകൾ മേഖലയ്ക്ക് നൽകാനും മേഖലയിൽ നിന്നും 1 -ഉം, 2-ഉം സ്ഥാനക്കാരുടെ പേപ്പറുകൾ രൂപതയിലേക്ക് നവംബർ പകുതിക്ക് മുൻപ് നൽകാനും തീരുമാനിച്ചു.

**ഫാമിലി അപ്പോസ്റ്റലേറ്റ് ടീം മീറ്റിംഗ്**

26-07-2014 -ന് രൂപതാ ഫാമിലി അപ്പോസ്റ്റലേറ്റ് ടീം യോഗം ചേർന്നു. രൂപതയുടെ കുടുംബ പ്രേഷിതത്വ പ്രവർത്തനങ്ങളെ വിലയിരുത്തുകയും വിവിധ മേഖലകളെക്കുറിച്ച് വിശദമായ ചർച്ച നടത്തുകയും ചെയ്തു. യുവദമ്പതികൾക്കായി (വിവാഹം കഴിഞ്ഞ് 5 മുതൽ 15 വരെ വർഷങ്ങൾ) പ്രത്യേക വിഷയങ്ങൾ ഉൾപ്പെടുത്തി (ഉത്തരവാദിത്വമുള്ള ക്രിസ്തീയ പിതൃത്വം, മാതൃത്വം, കുട്ടികളെ വളർത്തൽ, വിവാഹശേഷം ദമ്പതികൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ, ക്രൈസ്തവ പാരമ്പര്യങ്ങൾ കുടുംബങ്ങളിൽ) സെമിനാർ സംഘടിപ്പിക്കാൻ തീരുമാനിച്ചു. ഇതിനു മുന്നോടിയായി ടീമിന് ട്രെയിനിംഗ് നൽകും.

MPC-യുടെ ക്ലാസ്സുകൾ, വിഷയങ്ങൾ എന്നിവ വിലയിരുത്തുന്നതിനായി evaluation sheet തയ്യാറാക്കി അടുത്ത ഏതാനും MPC-ക്ക് നൽകി അഭിപ്രായം സ്വരൂപിക്കാൻ തീരുമാനിച്ചു. ഈ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താനായി ആഗസ്റ്റ് 8 -ന് വീണ്ടും യോഗം ചേർന്ന് ചോദ്യാവലി തയ്യാറാക്കി.

**സ്വാഗതം..**

നീലഗിരി മേഖലയിൽ ആനിമേറ്ററായി ഉത്തരവാദിത്തം ഏറ്റെടുത്തിരിക്കുന്ന സി. ലിൻസ എം.എസ്.എം.ഐ-ക്കു ഹൃദ്യമായ സ്വാഗതവും വിജയാശംസകളും നേരുന്നു.

## കത്തോലിക്കാ മാതൃസംഘടന

മാതൃസംഘടനക്കായി രൂപതാ റിസോഴ്സ് ടീം നിലവിൽ വന്നു. ടീമിൽ 22 അംഗങ്ങൾ വിവിധ വിഷയങ്ങൾ പഠിച്ച് ക്ലാസ്സുകൾക്ക് സജ്ജ രായി.

14-8-2014 ന് ചേർന്ന എക്സിക്യൂട്ടീവ് മീറ്റിംഗിൽ രൂപതാ എക്സി ക്യൂട്ടീവ് അംഗങ്ങൾ ലഹരിവിമുക്ത വർഷത്തിന്റെ പ്രവർത്തന വിജയ ത്തിനുവേണ്ടി സെപ്റ്റംബർ മാസം 1-ാം തീയതി മുതൽ അഖണ്ഡ ഉപവാസ പ്രാർത്ഥന നടത്താൻ തീരുമാനിച്ചു. ശാഖാ പ്രസിഡണ്ടുമാ രുടെ അഡ്രസ്സും ഫോൺ നമ്പറും എത്രയും വേഗം രൂപതാ ഓഫീ സിൽ എത്തിക്കുന്നതിന് മേഖലാ നേതൃത്വം ആവശ്യമായ ക്രമീകരണം ചെയ്യണെ.

അടുത്ത എക്സിക്യൂട്ടീവ് സെപ്റ്റംബർ 10-ാം തീയതി ആയി രിക്കും.

### നടവയൽ മേഖല

നടവയൽ മേഖലയിൽ 'ഉണർവ്വ്' നടത്തി. മേഖലാ ഡയറക്ടർ ബഹു.ജോയി പുല്ലൻകുന്നേൽ അച്ചൻ, രൂപതാ ആനിമേറ്റർ റവ. സി. കൃപ എസ്.എ.ബി.എസ് എന്നിവർ സന്നിഹിതരായിരുന്നു. മേഖലാ ജന റൽ ബോഡിയോഗത്തിൽ മേഖലാ തിരഞ്ഞെടുപ്പ് നടന്നു. പ്രസിഡന്റ്: മേഴ്സി സാബു നിരപ്പിൽ നടവയൽ, വൈസ് പ്രസിഡന്റ്: ലൗലി ഇല്ലി ക്കൽ വാളവയൽ, സെക്രട്ടറി: ലിസി പൊന്നിയത്ത് നടവയൽ, ജോ. സെക്രട്ടറി: മേഴ്സി കദളിക്കുന്നേൽ വിളമ്പുകണ്ടം, ട്രഷറർ: ലില്ലി ഇട പ്പുളവിൽ കേണിച്ചിറ. എക്സിക്യൂട്ടീവ് അംഗങ്ങൾ: ആനി താഴത്ത്‌വീട്ടിൽ നെയ്ക്കുപ്പ, ഷേർളി ആടിയാനായിൽ ചെറുകാട്ടൂർ, സിന്ധു വാഴയിൽ അരിഞ്ചേർമല, ലീലാമ്മ മാത്യു ചുണ്ടക്കര.

### കല്ലോടി മേഖല

9-8-2014-ന് മേഖല ഭാരവാഹികളുടെ ഏകദിന സെമിനാർ ദീപ്തി ഗിരിയിൽ നടത്തി. മേഖലാ പ്രസിഡന്റ് ലില്ലി കുര്യൻ വെള്ളാരംകാ ട്ടിൽ സ്വാഗതവും മേഖലാ ഡയറക്ടർ ബഹു. ജോസ് കപ്യാരുമലയിൽ അച്ചൻ ശാഖകളിലും ഇടവകകളിലും അമ്മമാർ നടത്തേണ്ട പ്രവർത്ത നങ്ങളെക്കുറിച്ചും, മാതൃസംഘം ഇല്ലാത്ത ഇടവകകളിൽ രൂപീകരിക്കു ന്നതിനുവേണ്ട കാര്യങ്ങളെകുറിച്ചും നിർദ്ദേശങ്ങൾ നൽകി. ഫൊറോന വികാരി റവ.ഫാ ജോസ് കൊച്ചറക്കൽ അമ്മമാർ മക്കളെ കുമ്പസാരം, വി. കുർബാനയുടെ പവിത്രത, പരിശുദ്ധി എന്നിവ മനസിലാക്കി വളർത്തണമെന്ന് ആശംസാ പ്രസംഗത്തിൽ പറഞ്ഞു. ക്രൈസ്തവ വിശ്വാസം, പാരമ്പര്യം എന്നിവയെക്കുറിച്ച് ശ്രീ. ജോണി അമ്പാട്ട് സാർ

ക്ലാസെടുത്തു. തുടർന്ന് വിവിധ ശാഖകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. ലഹരി വിമുക്ത വർഷത്തിന്റെ ഭാഗമായി എല്ലാ ഇടവകകളിൽനിന്നും പൂട്ടിയ 418 ബാറുകൾ തുടർന്ന് പ്രവർത്തിപ്പിക്കരുതെന്നും സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കണമെന്നും ആവശ്യപ്പെട്ട് ഒപ്പു ശേഖരണം നടത്തി. മോളി തോപ്പിൽ, ഏലിയാമ്മ കുന്നത്ത്, സി. സിസിൽ മരിയ S.H, ലില്ലി മുഞ്ഞനാട്ട്, ലാലി, ലിസി നാമല എന്നിവർ നേതൃത്വം നൽകി.

### പയ്യമ്പള്ളി മേഖല

21-6-2014 ന് പയ്യമ്പള്ളി മേഖലാ സെമിനാർ പയ്യമ്പള്ളിയിൽ നടന്നു. ഹയർ സെക്കൻഡറി പ്രൻസിപ്പാൾ ശ്രീ. സജി ക്ലാസ്സെടുത്തു.

### തരിയോട് മേഖല

19-7-14 ന് ചെന്നലോട് പള്ളിയിൽ വെച്ച് എല്ലാ ഇടവകകളിലെയും ഭാരവാഹികളുടെ യോഗം ചേർന്നു. മേഖലാ ഡയറക്ടർ ഫാ. അഗസ്റ്റിൻ ചേമ്പാല ഉദ്ഘാടനം ചെയ്തു. ആനിമേറ്റർ സി. ആൻസി ജോസ് സ്വാഗതം ആശംസിച്ചു. ക്രൈസ്തവ പാരമ്പര്യം കുടുംബങ്ങളിൽ എന്ന വിഷയവും സംഘടനയെക്കുറിച്ചും ക്ലാസ്സ് നടത്തി. ക്ലാസ്സ് നയിച്ചത് രൂപതാ പ്രസിഡന്റ് മോളി കരിമ്പനാക്കുഴി, രൂപതാ ആനിമേറ്റർ സി.കൃപ എന്നിവരാണ്.

### നീലഗിരി റീജിയൺ

നീലഗിരി റീജിയണിലെ മാതൃസംഘടനയുടെ എക്സിക്യൂട്ടീവ് മീറ്റിംഗ് 9.8.2014 ശനിയാഴ്ച ധർമ്മഗിരി പള്ളിയിൽവച്ച് നടത്തി. ജപമാല പ്രാർത്ഥനയോടെ മീറ്റിംഗ് ആരംഭിച്ചു. മേഖല ഡയറക്ടർ ബഹു. ഫാ. സജി ഇളയിടത്തിനും പുതിയ ആനിമേറ്റർ സി. ലിൻസ എം.എസ്.എം.ഐ ക്കും മറ്റ് അംഗങ്ങൾക്കും റീജിയണൽ സെക്രട്ടറി ശ്രീമതി വൽസമ്മ കൊല്ലംകുന്നേൽ സ്വാഗതം ആശംസിച്ചു. ദീർഘമായ ചർച്ചയിൽ, തുടർന്നുവരുന്ന മാസങ്ങളിൽ യൂണിറ്റ് ഭാരവാഹികൾക്കായി 'ഉണർവ്വ്' (നേതൃത്വ പരിശീലനം) അമ്മമാർക്കായി ലഹരിവിമുക്ത ബോധവൽക്കരണ സെമിനാർ, ചെയിൻ റോസറി എന്നിവ നടത്താൻ തീരുമാനിച്ചു. റീജിയൺ തലത്തിൽ 'പ്ലസ്ടു'വിന് ഏറ്റവും കൂടുതൽ മാർക്ക് നേടുന്നവർക്ക് അടുത്ത വർഷംമുതൽ എൻഡോവ്മെന്റ് നൽകാനും തീരുമാനിച്ചു.

#### പുതിയിടംകുന്ന്

ലഹരി വിരുദ്ധ വർഷത്തോടനുബന്ധിച്ച് അതാത് യൂണിറ്റുകളിലെ ഓരോ കുടുംബത്തെ നറുക്കിട്ടെടുത്ത് സന്ധ്യാ പ്രാർത്ഥനയിൽ കുടുംബാംഗങ്ങൾ ഒരുമിച്ച് പ്രാർത്ഥിക്കുന്നു. മദ്യഷാപ്പുകൾ പൂട്ടിക്കുന്നതിന് വേണ്ടി,

ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കു നൽകാനായി ഇടവകയിലെ മുഴുവൻ അമ്മമാരുടേയും ഒപ്പു ശേഖരണം നടത്തി. ലോഗോസ് ക്വിസ്സ് രജിസ്ട്രേഷൻ പൂർത്തിയാക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്തു.

**ചുങ്കക്കുന്ന്**

ജൂലൈ 3 ന് ജനറൽ ബോഡി ചേർന്നു. വികാരി ബഹു. തോമസ് മണക്കുന്നേലച്ചനും അസി. വികാരി അനീഷ് കാട്ടാംകോട്ടിലച്ചനും നാമഹേതുക തിരുനാൾ ആശംസകൾ നേർന്നു. 10, +2 ക്ലാസ്സുകളിൽ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ്സ് നേടിയവർക്കും, വേദപാഠത്തിന് മേഖലയിൽ സ്കോളർഷിപ്പ് പരീക്ഷയിൽ ഉന്നതവിജയം നേടിയ കുട്ടികൾക്കും അമ്മമാരുടെ നേതൃത്വത്തിൽ ഉപഹാരം നൽകി. പ്രകൃതിക്ഷോഭത്തിൽപ്പെട്ട് മരണം സംഭവിച്ച ഇടവകാംഗത്തിന്റെ ഭവനം സന്ദർശിച്ച് സഹായം നൽകി. ലഹരി വിമുക്ത വർഷത്തിന്റെ വിജയത്തിനുവേണ്ടി എല്ലാ വെള്ളിയാഴ്ചകളിലും 2 മണി മുതൽ 5 മണി വരെ ആരാധന, നൊവേന, ആദ്യ വെള്ളിയാഴ്ചകളിൽ ഈ നിയോഗത്തോടെ വി. ബലിയും 6 മണി മുതൽ ജാഗരണ പ്രാർത്ഥനയും നടത്തി വരുന്നു. വി. അൽഫോൻസാമ്മയുടെ തിരുനാൾ ആഘോഷത്തിന് അമ്മമാർ നേതൃത്വം നൽകി.

**കൽപ്ര**

ജൂലൈ മാസം ദുക്റാനത്തിരുന്നാളിനോടനുബന്ധിച്ച് ബഹു. തോമസ് അച്ചന് നാമഹേതുകതിരുനാൾ ആശംസകൾ നേർന്നു. അമ്മമാർക്കായി ഡ്രൈവിങ്ങ് പരിശീലനം നടത്തിയതിന്റെ ഭാഗമായി 20 പേർ ഡ്രൈവിങ്ങ് ലൈസൻസ് കരസ്ഥമാക്കി. അതുപോലെ തയ്യൽ പരിശീലനവും നടത്തി വരുന്നു. സംഘടനാ തലത്തിൽ സ്വാശ്രയസംഘങ്ങൾക്ക് ലോൺ ലഭിക്കാനുള്ള സാധ്യത ഉറപ്പാക്കി. മെഴുകുതിരി വീടുകളിൽ നിർമ്മിച്ച് വിതരണം നടത്താൻ മാതൃസംഘാംഗങ്ങൾ പരിശീലനം നേടി വരുന്നു.

**പൂളപ്പാടം**

ലഹരി വിമുക്ത വർഷാചരണത്തിന്റെ ഭാഗമായി ഇടവകയിലെ അമ്മമാർ ജൂലൈ മാസം ഒന്നാം തീയതി മുതൽ അഖണ്ഡ ഉപവാസം ആരംഭിച്ചു. എല്ലാ ദിവസവും കരുണയുടെ ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നു. വെള്ളിയാഴ്ചകളിൽ ഗ്രോട്ടോയിൽ അമ്മമാരുടെ നേതൃത്വത്തിൽ ജപമാല ചൊല്ലുന്നു. ലഹരി വിമുക്ത വർഷത്തിൽ ഒരു അമ്മ എന്ന നിലയിൽ എന്തെല്ലാം ചെയ്യാം എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സ് നടത്തി. ഇടവകയിൽ രോഗികളായി കഴിയുന്നവരെ സന്ദർശിച്ച് സഹായവും നിർദ്ധനരായ കുട്ടികൾക്ക് പഠന സഹായവും നൽകി. ഒരു വിധവയുടെ ഭവന നിർമ്മാണത്തിന് സാമ്പത്തിക സഹായം നൽകി.

**ഒലിവുമല**

ദുക്റാന തിരുനാളിന് ഒരുക്കമായി പള്ളിയും പരിസരവും വൃത്തിയാക്കി. ജൂലൈ മൂന്നാം തീയതി നേർച്ച ഭക്ഷണം തയ്യാറാക്കി നല്കി. 13-ാം തീയതി കൽപറ്റ സ്നേഹസദൻ സന്ദർശിച്ചു സംഭാവന നൽകി.

**കരിമാനി**

ഡയറക്ടർ അച്ചന്റെ നേതൃത്വത്തിൽ യോഗം ചേർന്ന് കണക്കും

റിപ്പോർട്ടും അവതരിപ്പിച്ചു. ലഹരി വിമുക്ത വർഷാചരണത്തിന്റെ ഭാഗമായി വെള്ളിയാഴ്ച ദിവസങ്ങളിൽ ഉപവാസം അനുഷ്ഠിച്ച് മദ്യപാനികൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു. 28-ന് അൽഫോൻസാമ്മയുടെ തിരുനാൾ ദിനം രാവിലെ 10 മണി മുതൽ 4 മണിവരെ ലഹരിക്കടിമപ്പെട്ടവരുടെ മാനസാന്തരത്തിനു വേണ്ടിയും ഇടവകയിൽനിന്നും ദൈവവിളി ഉണ്ടാകുന്നതിനുമുള്ള നിയോഗത്തോടെ ആരാധന നടത്തി പ്രാർത്ഥിച്ചു. ആഗസ്റ്റ് 10-ന് രൂപതാ ഡയറക്ടർ ഫാ. മാത്യു പെരിയപ്പുറം അമ്മമാർക്കു വേണ്ടി സെമിനാർ നടത്തി.

**വെള്ളൂന്നി**

ജൂലൈ 28 ന് ഇടവകയിൽ സംഘടിപ്പിച്ച അമ്മമാരുടെ സെമിനാറിലേക്ക് എല്ലാ അമ്മമാരെയും ക്ഷണിക്കുവാനായി ആനിമേറ്ററുടെ നേതൃത്വത്തിൽ സംഘടനാംഗങ്ങൾ ഇടവകയിലെ 227 ഭവനങ്ങളും സന്ദർശിച്ചു. 28-ാം തീയതി നടത്തിയ ഏകദിന സെമിനാറിൽ 210 അമ്മമാർ പങ്കെടുത്തു. മേഖലാ ഡയറക്ടർ ബഹു. ഫാ. ജോസ് വാഴക്കാല സെമിനാർ ഉദ്ഘാടനം ചെയ്തു. ശ്രീ.ജോസ് പുന്നക്കുഴി സെമിനാറിന് നേതൃത്വം നൽകി.

**വാഴവറ്റ**

അമ്മമാർക്കായി 19-7-2014 ന് അർദ്ധദിന സെമിനാറും, വി.കുർബാനയും നടത്തി. ബഹു. ചാണ്ടി പുനക്കാട്ട് അച്ചൻ ക്ലാസ്സ് നയിച്ചു. ലഹരി വിമുക്ത വർഷാചരണത്തിന്റെ ഭാഗമായി വാഴവറ്റ ഇടവകയിലെ മാതൃസംഘത്തിന്റെ നേതൃത്വത്തിൽ 12 വാർഡുകളിലും അമ്മമാരെ വിളിച്ചുകൂട്ടി ആനിമേറ്റർ സി. ലില്ലി പുരക്കൽ ബോധവത്കരണ ക്ലാസ് നൽകി. ഓരോ വാർഡിലും മദ്യപാനത്തിന് അടിമയായിരിക്കുന്ന ഒരു വ്യക്തിക്കുവേണ്ടി ഒരു മാസം ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നു.

**പോരൂർ**

26-7-2014 ന് പോരൂർ ഇടവകയിൽവച്ച് 'ക്രൈസ്തവ പാരമ്പര്യങ്ങൾ കുടുംബങ്ങളിൽ' എന്ന വിഷയത്തെക്കുറിച്ച് രൂപതാ ടീമംഗം ശ്രീമതി വൽസമ്മ ഓലപ്പുരക്കൽ ക്ലാസ്സെടുത്തു.

**മുണ്ടേരി**

ജൂലൈ 2-ാം തീയതി ഞായറാഴ്ച യോഗം ചേർന്നു. അന്ന് കാഴ്ച സമർപ്പണവും ലോഗോസ് ക്വിസ്സിനൊരുക്കമായി ബൈബിൾ ക്വിസ്സും നടത്തി. കൂടുതൽ മാർക്ക് ലഭിച്ച വാർഡുകൾക്കും, വ്യക്തികൾക്കും സമ്മാനം നൽകാൻ തീരുമാനിച്ചു.

**ആറാട്ടുതറ**

ഓണാഘോഷപരിപാടികളെക്കുറിച്ച് ചർച്ച ചെയ്തു. വിയാനിഭവൻ സന്ദർശിക്കാൻ തീരുമാനിച്ചു.

## മരിയൻ സിംഗിൾസ്

12-08-2014 -ന് കൂട്ടായ്മ നടന്നു. പ്രാർത്ഥന, വ്യക്തിത്വവികസനം, ആദ്ധ്യാത്മികത എന്നീ വിഷയങ്ങളെക്കുറിച്ച് ക്ലാസ് നടത്തി. അടുത്ത മാസത്തെ കൂട്ടായ്മ സെപ്റ്റംബർ 9-ന്.

**ഫാ. മാത്യു പെരിയപ്പുറം**

ഡയറക്ടർ, കുടുംബപ്രേഷിതത്വം

## September 8 - Girl Child Day

പരി. കന്യാമറിയത്തിന്റെ ജന്മദിനമായ സെപ്റ്റംബർ 8 Girl Child Day ആയി ഭാരതസഭ ആചരിക്കുകയാണ്. ഓരോ പെൺകുഞ്ഞും ഒരമൂല്യദാനമാണ്. തലമുറകളുടെ തായ്‌വേരാണ്. പെൺകുട്ടികളുടെ അവകാശങ്ങളും, മഹത്വവും ആദരിക്കപ്പെടുകയും മാനിക്കപ്പെടുകയും ചെയ്യുന്ന സമാനതയുടെ സംസ്ക്കാരത്തിന് നമുക്ക് തുടക്കം കുറിക്കാം. അവരിലെ അനന്തസാധ്യതകളെ തിരിച്ചറിയുകയും, ആദരിക്കുകയും ചെയ്യുക ലോകത്തിൽ സർഗ്ഗാത്മകമായ മാറ്റത്തിന് ആവശ്യമാണ് എന്ന സന്ദേശം എല്ലാവരിലും എത്തിക്കുവാനുതകുന്ന കർമ്മപരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുവാനും ഈ ദിനം സമുചിതമായി ആചരിക്കുവാനും എല്ലാവരും ശ്രദ്ധിക്കണേ.

**രചനാമത്സരങ്ങൾ**

അറിയിച്ചിരുന്നതുപോലെ 18 വയസിനു മുകളിൽ പ്രായമുള്ള എല്ലാ വനിതകൾക്കുമായി ഇടവക, ഫൊറോനാതല രചനാ മൽസരങ്ങൾ നടത്തുവാൻ ബന്ധപ്പെട്ട ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ. മൽസര വിഷയവും മറ്റു കാര്യങ്ങളും വിശദമാക്കിയുള്ള കത്തുകൾ ഇതിനകം ലഭിച്ചു കാണുമെന്ന് കരുതുന്നു.

സെക്രട്ടറി

**ജിഷ ഷൈബി പറയിടം**

# സീയോൻ വാർത്തകൾ

## സോണൽ മീറ്റിംഗ് - ജാഗരണ പ്രാർത്ഥന

"എന്റെ ഉപദേശങ്ങൾ കൺമണി പോലെ കാത്തുകൊള്ളുക. അവ നിന്റെ വിരലുകളിൽ അണിയൂ. ഹൃദയഫലകത്തിൽ കൊത്തി വയ്ക്കുക" (സുഭാ 7:3).

ശുശ്രൂഷകരുടെ വാർഷികധ്യാനം അവസാനിച്ച ദിവസംതന്നെ സീയോനിൽ ആദ്യവെള്ളി ശുശ്രൂഷകൾ നടന്നു. 6 മണിക്ക് ജപമാല യോടുകൂടി ജാഗരണ പ്രാർത്ഥന ആരംഭിച്ചു. സീയോനിലെ ശുശ്രൂഷ കരെല്ലാം ധ്യാനത്തിന്റെ അഭിഷേകത്തോടെ 12 മണിവരെ ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചന്റെ നേതൃത്വത്തിൽ ജാഗരണ പ്രാർത്ഥന നടത്തി. തുടർന്ന് വിശ്രമത്തിനായി പോയി.

## ആദ്യശനി - ഏകദിന കൺവെൻഷൻ

"എനിക്ക് നിന്നോടുള്ള സ്നേഹം അനന്തമാണ് നിന്നോടുള്ള വിശ്വസ്തത അചഞ്ചലവും"(ജെറെ. 31:3). ആദ്യശനി കൺവെൻഷന് ഒരുക്കമായി ശുശ്രൂഷകരുടെ പ്രാർത്ഥന 6 മണിക്ക് തുടങ്ങി. ജപമാല പ്രദക്ഷിണം, വെഞ്ചരിപ്പ് എന്നിവയ്ക്കുശേഷം ബാക്കിയുള്ള ഒരുക്ക ശുശ്രൂഷ നടത്തി. പ്രഭാതഭക്ഷണത്തിനുശേഷം ജപമാല, സപ്ര, സ്തുതി ആരാധന എന്നിവയ്ക്ക് ശ്രീ. ജോസ് മാളോല നേതൃത്വം വഹിച്ചു. 10 മണിക്ക് KST വൈസ് ചെയർമാൻ ഇടുക്കി തങ്കച്ചായൻ വചനശുശ്രൂഷ നയിച്ചു. തുടർന്ന് ബഹു. ജോസഫ് നെച്ചിക്കാട്ട് അച്ചൻ വി. ബലിയർപ്പിച്ച് വചനസന്ദേശം നൽകി. തുടർന്ന് ദിവ്യകാരുണ്യ ആരാധന ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചന്റെ നേതൃത്വത്തിൽ നടന്നു. 3 മണിക്ക് ശുശ്രൂഷകൾ അവസാനിച്ചു.

## രണ്ടാംശനി - ദമ്പതീകൂട്ടായ്മ

രാവിലെ 10 മണിക്ക് ജപമാലയോടുകൂടി ശുശ്രൂഷകൾ ആരംഭിച്ചു. തുടർന്ന് കുടുംബത്തെക്കുറിച്ച് ബഹു. കുര്യാക്കോസ് പറമ്പിൽ അച്ചൻ

ക്ലാസ്സെടുത്തു. വി. കുർബാന അർപ്പിച്ചു. 3.30 ന് ശുശ്രൂഷകൾ അവ സാനിച്ചു.

**യുവജനകൂട്ടായ്മ**

രണ്ടാംശനിയാഴ്ച പ്രഭാതത്തിൽ 9 മണിക്ക് ജപമാലയോടെ ശുശ്രൂഷകൾ ആരംഭിച്ചു. രണ്ടാംവെള്ളിയാഴ്ച 12 മണിവരെ പ്രാർത്ഥിച്ച് ഒരുങ്ങിയാണ് ശുശ്രൂഷകൾ നടത്തിയത്. ആത്മാവിലുള്ള ജീവിതത്തെ ക്കുറിച്ച് ബഹു. സോണി വാഴക്കാട്ട് അച്ചൻ ക്ലാസ്സെടുത്തു. വി. ബലി അർപ്പിച്ച് പ്രാർത്ഥിച്ചതിനുശേഷം ആരാധന സോണിയച്ചന്റെ നേതൃ ത്വത്തിൽ നടന്നു. 3.15 ന് ശുശ്രൂഷകൾ അവസാനിച്ചു. ആഗസ്റ്റ് 14 ന് കോളേജ് കുട്ടികളുടെ ധ്യാനത്തിന് ഒരുക്കമായി ജാഗരണപ്രാർത്ഥന നടത്തി.

**പൊതുകൗൺസിലിംഗ് ദിനം**

രണ്ടാം ശനി പൊതു കൗൺസിലിംഗിന് ഒരുക്കമായി വെള്ളി യാഴ്ച ശുശ്രൂഷ നടത്തി. ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചൻ, ബഹു. മൈക്കിൾ വടക്കേമുളഞ്ഞനാൽ അച്ചൻ എന്നിവരുടെ നേതൃത്വത്തിൽ നടത്തി.

**ശുശ്രൂഷകരുടെ ധ്യാനം**

സീയോൻ ശുശ്രൂഷകരുടെ വാർഷികധ്യാനം ജൂലൈ 28 മുതൽ KST ചെയർമാൻ സെബാസ്റ്റ്യൻ കറുകപ്പള്ളി, വൈസ്ചെയർമാൻ ഇടുക്കി തങ്കച്ചായനും, KST ടീമംഗങ്ങളും ചേർന്ന് നടത്തി. സീയോ നിലെ മുഴുവൻ ശുശ്രൂഷകരും പങ്കെടുത്ത ധ്യാനം ശുശ്രൂഷയുടെ പുതിയ അഭിഷേകം പകരുന്നതായിരുന്നു. ധ്യാനശേഷം എല്ലാ ശുശ്രൂ ഷകരും ആദ്യശനി കൺവെൻഷന്റെ ശുശ്രൂഷയിലേക്ക് പങ്കുചേർന്നു.

**മൂന്നാംവെള്ളി - ജാഗരണപ്രാർത്ഥന**

ആഗസ്റ്റ് 15 പരിശുദ്ധാത്മാവിന്റെ സ്വർഗ്ഗാരോപണ ദിനത്തിൽ സീയോനിൽ ജാഗരണപ്രാർത്ഥനയ്ക്കായി ധാരാളം ദൈവമക്കൾ കടന്നു വന്നു. ബഹു. അഗസ്റ്റിൻ താന്നിയിലച്ചന്റെ നേതൃത്വത്തിൽ സീയോൻ ടീം പ്രാർത്ഥനകൾ നയിച്ചു. 5 മണി വരെ ജാഗരണപ്രാർത്ഥന ഉണ്ടാ യിരുന്നു.

**ആന്തരിക സൗഖ്യധ്യാനം**

“കർത്താവിനെ ആശ്രയിക്കുന്നവരെ അവിടുത്തെ സ്നേഹം വലയം ചെയ്യും” (സങ്കീ 32:10). ആത്മാഭിഷേകം നിറഞ്ഞുനിന്ന ധ്യാന ത്തിൽ ധാരാളം ദൈവമക്കൾ പങ്കെടുത്തു. ബഹു. അഗസ്റ്റിൻ താന്നി യിൽ അച്ചൻ, സോണിയച്ചൻ, ബ്രദർ ജോസഫ് വട്ടക്കുന്നേൽ എന്നി വർ ക്ലാസ്സുകൾ നയിച്ചു.

**സീയോൻ സെപ്റ്റംബർ മാസത്തിൽ**

| | | |
|---|---|---|
| സെപ്റ്റംബർ 5 ആദ്യവെള്ളി | - | ജാഗരണപ്രാർത്ഥന |
| | | സോണൽ മീറ്റിംഗ് |
| സെപ്റ്റംബർ 6 ആദ്യശനി | - | ഏകദിനകൺവെൻഷൻ |
| സെപ്റ്റംബർ 13 രണ്ടാംശനി | - | ദമ്പതീകൂട്ടായ്മ |
| | - | പൊതുകൗൺസിലിംഗ് ദിനം |
| | - | യുവജനകൂട്ടായ്മ |
| സെപ്റ്റംബർ 19 മൂന്നാംവെള്ളി | - | ജാഗരണ പ്രാർത്ഥന |
| സെപ്റ്റംബർ 24 നാലാംശനി | - | സൗഖ്യദിനം |

**ഫാ. അഗസ്റ്റിൻ താന്നിയിൽ**
ഡയറക്ടർ സീയോൻ സി.ആർ.സി.

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

കർത്താവിൽ സ്നേഹമുള്ള വിൻസെൻഷ്യൻ സഹോദരി, സഹോദരങ്ങളേ,

"എന്നാൽ, കർത്താവിന്റെ കാരുണ്യം അവിടുത്തെ
ഭക്തന്മാരുടെമേൽ എന്നേക്കുമുണ്ടായിരിക്കും;
അവിടുത്തെ നീതി തലമുറകളോളം നിലനിൽക്കും."

സെപ്റ്റംബർ മാസം വിൻസെൻഷ്യൻ പ്രവർത്തകരെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമർഹിക്കുന്ന മാസമാണല്ലോ.

സെപ്റ്റംബർ 5 വാഴ്ത്തപ്പെട്ട മദർ തെരേസ, സെപ്റ്റംബർ 8 പരിശുദ്ധ കന്യകാമാതാവിന്റെ ജനനതിരുനാൾ, സെപ്റ്റംബർ 9 സംഘടനയുടെ സ്ഥാപകനായ വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസാനാമിന്റെ തിരുനാൾ, സെപ്റ്റംബർ 27 സംഘടനയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ വിൻസെന്റ് ഡി പോളിന്റെ തിരുനാൾ.

സെപ്റ്റംബർ 9-ാം തീയതി എല്ലാ വിൻസെൻഷ്യൻ പ്രവർത്തകരും അവരവരുടെ ഇടവകകളിൽ ദിവ്യബലിയിൽ പങ്കെടുക്കണമെന്നും ലോകമെമ്പാടുമുള്ള പാവപ്പെട്ടവരെ സമർപ്പിച്ച് അവർക്ക് വേണ്ടി പ്രാർത്ഥിക്കണമെന്നും ഓർമ്മിപ്പിക്കുന്നു. കൂടാതെ ദത്തുകുടുംബങ്ങൾക്ക് ഭക്ഷണകിറ്റ് വിതരണം ചെയ്യാൻ സാധിക്കുമെങ്കിൽ അതത് ആത്മീയോപദേഷ്ടാക്കളുടെ സാന്നിദ്ധ്യത്തിൽ ക്രമീകരിക്കണമെന്ന് താല്പര്യപ്പെടുന്നു. സെപ്റ്റംബർ 27-ാം തീയതി എല്ലാ അംഗങ്ങളും ലോകത്തുടനീളമുള്ള വിൻസെൻഷ്യൻ പ്രവർത്തകർക്കുവേണ്ടി ദിവ്യബലി അർപ്പിച്ച് പ്രാർത്ഥിക്കുമല്ലോ.

**സി.സി. യോഗം**

2014 ജൂലായ് 28-ാം തീയതി സിസി പ്രസിഡണ്ട് ബ്രദ. തോമസ് മാങ്ങന്റെ അധ്യക്ഷതയിൽ സിസി ആത്മീയോപദേഷ്ടാവ് ബഹു. റവ. ഫാ. വർഗീസ് മുളകുടിയാങ്കലിന്റെ സാന്നിദ്ധ്യത്തിൽ ഓസാനാം ഭവനിൽവെച്ച് സിസി യോഗം ചേർന്നു.

സിസി യോഗത്തിൽ ആത്മീയോപദേഷ്ടാവ് ബഹു. റവ.ഫാ. വർഗീസ് മുളകുടിയാങ്കൽ തന്റെ സന്ദേശത്തിൽ ഓസാനാം ഭവനിൽ മാസത്തിലൊരു ദിവസം ഉച്ചവരെ അന്തേവാസികൾക്കും, ശുശ്രൂഷ കർക്കും പ്രവർത്തകർക്കും വേണ്ടി ഒരു കൺവെൻഷൻ ക്രമീകരിക്കാനുള്ള തീരുമാനം അറിയിക്കുകയും അതിനായി സിയോൺ ഡയറക്ടർ റവ.ഫാ. അഗസ്റ്റിൻ താന്നിയിലച്ചന്റെ സമ്മതം വാങ്ങിച്ചിട്ടുണ്ടെന്നും അറിയിച്ചു.

സെപ്റ്റംബർ 27-ാം തീയതി സംഘടനയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥൻ വിശുദ്ധ വിൻസെന്റ് ഡി പോളിന്റെ തിരുനാൾദിനത്തിൽ ബഹു. ഏസി ആത്മീയോപദേഷ്ടാക്കളെ ഓസാനാം ഭവനിലേക്ക് ക്ഷണിക്കാൻ തീരുമാനിച്ചു.

ഒരു ഇടവകയിൽ ഒരു വീൽചെയർ എങ്കിലും വിൻസെൻഷ്യൻ പ്രവർത്തകരുടെ മേൽനോട്ടത്തിൽ ഉണ്ടാകണം എന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കൊണ്ടുവന്ന വീൽചെയറുകൾ ബഹു. ആത്മീയോപദേഷ്ടാവ് ഏസി പ്രസിഡണ്ട്മാർക്ക് വിതരണം ചെയ്തു.

ബത്തേരി ഏസി ഓസാനാം ഭവനിലേക്ക് നാല് കട്ടിലുകൾ ശേഖരിച്ച് നൽകിയതിനെ അഭിനന്ദിക്കുന്നു. ഇത്തരത്തിലുള്ള സ്പോൺസറുകൾ ഏസി തലത്തിലും മറ്റ് വ്യക്തികളിൽ നിന്നും ഓസാനാം ഭവനലേക്ക് നൽകാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ സ്വാഗതം ചെയ്യുന്നു.

കല്പറ്റ ഏസിയുടെ കീഴിൽ സിസ്റ്റർ റോസക്കുട്ടി മെമ്മോറിയൽ വീടുകൾ പണിത് കൊടുക്കുന്നതിനേയും കുറുമ്പാലയിൽ വിൻസെൻഷ്യൻ പ്രവർത്തകർ നേതൃത്വം നൽകി വീടുകൾ പണിതു കൊടുക്കുന്നതിനെയും അനുമോദിക്കുന്നു.

വാഴവറ്റ ഏസിയും വിധവയായ സ്ത്രീക്ക് വീടിന്റെ മേൽക്കൂര ചെയ്ത് കൊടുത്ത പ്രവർത്തനത്തെ അഭിനന്ദിക്കുന്നു.

വീൽചെയർ വാങ്ങിയതും ബുക്കു ചെയ്തിരിക്കുന്നതുമായ എല്ലാ ഏസികളെയും അഭിനന്ദിക്കുവാൻ ഈ അവസരം ഉപയോഗിക്കട്ടെ.

**പുതിയ കോൺഫറൻസുകൾ**

ഗൂഡല്ലൂർ ഏസിയുടെ കീഴിൽ അരുൾനിലയം ദേവാലയത്തിൽ സിസി വൈസ് പ്രസിഡണ്ട് ബ്രദ. ജോസ് വട്ടുകുളത്തിൽ, ഏസി പ്രസിഡണ്ട് ബ്രദ. തങ്കച്ചൻ പാറേക്കാട്ടിൽ എന്നിവരുടെ നേതൃത്വത്തിൽ ബഹു. വികാരി റവ.ഫാ. തോമസ് പെരുവേലിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ 22-6-2014 ന് സെന്റ് തെരേസ്സ് കോൺഫറൻസ് രൂപീകരിച്ചു. ഭാരവാഹികൾ: മിസിസ് വത്സമ്മ പീറ്റർ-പ്രസിഡണ്ട്, മിസിസ് അമ്മിണി അറയ്ക്കൽ-വൈസ് പ്രസിഡണ്ട്, മിസിസ് ക്രിസ്റ്റീന ജോർജ്

അറയ്ക്കൽ -സെക്രട്ടറി, മിസിസ് കാതറിൻ സിറിയക് മണിമലതറപ്പേൽ -ട്രഷറർ, മിസിസ് ബീന ആന്റണി -ജോ.സെക്രട്ടറി, റവ.ഫാ. തോമസ് പെരുവേലിൽ ആത്മീയോപദേഷ്ടാവ്.

പുതിയ വനിതാ കോൺഫറൻസ് രൂപീകരിച്ച് വിൻസെൻഷ്യൻ പ്രവർത്തനങ്ങളെ ശക്തിപെടുത്തുവാൻ പരിശ്രമിച്ച സിസി വൈസ് പ്രസിഡണ്ട് ജോസ് വട്ടുകുളം, ഏസി പ്രസിഡണ്ട് തങ്കച്ചൻ പാറേക്കാട്ടിൽ മറ്റ് ഭാരവാഹികളേയും അഭിനന്ദിക്കുവാൻ ഈ വേളയിൽ വളരെ സന്തോഷമുണ്ട്.

**പുതിയ ഭാരവാഹികൾ**

സേക്രട്ട് ഹാർട്ട് അരുൾനിലയം കോൺഫറൻസിലെ പുതിയ ഭാരവാഹികൾ: ബ്രദ. ജോൺസൺ-പ്രസിഡണ്ട്, ബ്രദ. ജോസഫ്-വൈസ് പ്രസിഡണ്ട്, ബ്രദ. ജോയി-സെക്രട്ടറി, ബ്രദ. ജോസഫ് ചൂരപ്പുഴ-ട്രഷറർ, ബ്രദ. പാപ്പച്ചൻ-ജോ.സെക്രട്ടറി.

**സിസി ഭാരവാഹികളുടെ കോൺഫറൻസ് സന്ദർശനം**

സിസി തലത്തിലുള്ള കോൺഫറൻസ് സന്ദർശനങ്ങൾ തുടരുന്നു. സന്ദർശനത്തിൽ മനസിലാകുന്ന കാര്യങ്ങൾ കോൺഫറൻസ് പ്രസിഡണ്ട്മാരുടേയും ഏസി പ്രസിഡണ്ടുമാരുടെയും പ്രത്യേക ശ്രദ്ധക്കും നടപടികൾക്കുമായി അറിയിക്കട്ടെ.

a. കോൺഫറൻസ് യോഗനടപടികൾ സംഘടനയുടെ സമ്പൂർണ്ണ മാനുവൽ 2010 ലെ അനുബന്ധം -3 പ്രകാരം തന്നെ കൃത്യമായി നടത്തുവാൻ ശ്രദ്ധിക്കുക.
b. കോൺഫറൻസുകൾ എല്ലാ അംഗങ്ങളിൽ നിന്നും വരിസംഖ്യയും (40 രൂപ വീതം) ഓസാനാം ബുള്ളറ്റിനുള്ള വരിസംഖ്യയും (20 രൂപ വീതം) രസീത് നൽകി നിർബന്ധമായും പിരിക്കേണ്ടതാണ് എന്നത് പല കോൺഫറൻസുകളും വിട്ടുപോയതായി കാണുന്നു. ഇക്കാര്യം വിട്ടുപോകരുത്.
c. ടിന്നിംഗ് ലഭിക്കുന്ന തുക ഓസാനാംഭവൻ അടക്കമുള്ള 5 ദത്തു കുടുംബങ്ങൾക്ക് നിർബന്ധമായും നൽകേണ്ടതാണ്. ഈ തുക മറ്റാവശ്യങ്ങൾക്ക് ചിലവാക്കാൻ പാടില്ല.
d. കോൺഫറൻസ് പ്രസിഡണ്ട്മാരുടെ കാലാവധി മാനുവൽ 210 വകുപ്പ് 8.2 പേജ് 118 പ്രകാരം 3 വർഷമാണ്. എന്നാൽ അടുത്ത മൂന്ന് വർഷത്തേയ്ക്ക്കൂടി തിരഞ്ഞെടുക്കാവുന്നതാണ്. എന്നാൽ ചില കോൺഫറൻസുകളിൽ 6 വർഷത്തിൽ കൂടുതലായതും, പ്രായപരിധി (70 വയസ്) കഴിഞ്ഞതുമായ പ്രസിഡണ്ടുമാർ നിലവിലുണ്ട്. ഇവരുടെ പുന:ക്രമീകരണത്തിന് ഏസി പ്രസിഡണ്ടുമാർ പ്രത്യേകം

ശ്രദ്ധിക്കേണ്ടതാണ്. 2014 ഒക്ടോബർ 31 ന് മുമ്പ് നിയമാനുസരണം തിരഞ്ഞെടുപ്പ് നടത്തി കോൺഫറൻസ് പ്രസിഡണ്ടുമാരുടെ വിവരങ്ങൾ സിസി ഓഫീസിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

e. പല കോൺഫറൻസുകളിലും പുതിയ പ്രസിഡണ്ട്മാർ തിരഞ്ഞെടുക്കപ്പെട്ടാലും വിവരം രേഖാമൂലം സിസിയിൽ അറിയിക്കാത്തതിനാൽ റിക്കോർഡുകളിൽ ഇപ്പോഴും പഴയ പ്രസിഡണ്ടുമാരുടെ വിവരങ്ങളാണ് ഉള്ളത്. അതിനാൽ പുതിയ തിരഞ്ഞെടുപ്പ് വിവരങ്ങൾ എത്രയും പെട്ടെന്ന് സിസിയിൽ അറിയിക്കേണ്ടതാണ്.

**പ്രൊജക്ട് മോനിറ്ററിംഗ് ഓഫീസർമാരുടെ സന്ദർശനം**

കേരള റീജിയൻ പ്രൊജക്ട് മോനിറ്ററിംഗ് ഓഫീസർമാർ ബ്രദ. എം.സി ജോർജ്, പുനലൂർ സിസി, ബ്രദ. ടി.ടി. ചാക്കോ, പാലക്കാട് സിസി, എന്നിവർ നാഷണൽ കൗൺസിലിൽ നിന്നും, മാനന്തവാടി സെൻട്രൽ കൗൺസിലിലെ പ്രൊജക്ട്കൾ പരിശോധിക്കാൻ നിയുക്തരായി 30–7–2014 ന് സന്ദർശിച്ചു. കോൺഫറൻസുകളുടെ പ്രൊജക്ട് പൂർത്തീകരണത്തിൽ തൃപ്തിപെട്ടു. പ്രൊജക്ടുകൾ പൂർത്തിയാക്കാൻ നേതൃത്വം നൽകി പ്രോത്സാഹിപ്പിച്ച എല്ലാ ഏസി കോൺഫറൻസ് ഭാരവാഹികളേയും അതിന് മുൻകൈ എടുത്ത് പ്രവർത്തനങ്ങളെ ക്രമീകരിച്ച സിസി ഭാരവാഹികളേയും പ്രത്യേകം അഭിനന്ദിക്കുന്നു.

**അഗ്രിഗേഷൻ**

ഏസി തലത്തിൽ അഗ്രിഗേഷൻ ലഭിച്ചിട്ടില്ലാത്ത എല്ലാ ഏസികളുടേയും, കോൺഫ്രറൻസുകളുടേയും അപേക്ഷകൾ നിശ്ചിത ഫോമിൽ പൂരിപ്പിച്ച് വളരെ പെട്ടെന്ന് സിസിയിൽ എത്തിക്കേണ്ടതാണ്.

**ട്വിന്നിംഗ്**

ട്വിന്നിംഗ് ലഭിച്ചിട്ടില്ലാത്ത ഏസികൾക്കും ട്വിന്നിംഗിന് അപേക്ഷിക്കാവുന്നതാണ്.

**യുവജനമത്സരങ്ങൾ**

സിസിതല യുവജന മത്സരങ്ങൾ 2014 ഡിസംബർ 27–ാം തീയതി ഉണ്ടായിരിക്കുന്നതാണ്. അതിന് മുമ്പായി ഏസി തലത്തിൽ മത്സരങ്ങൾ നടത്തി തിരഞ്ഞെടുത്ത മത്സരാർത്ഥികളുടെ പേരുകൾ 2014 ഡിസംബർ 20–ാം തീയതി സിസിയിൽ എത്തിക്കേണ്ടതാണ്. അംഗങ്ങൾക്കും, അംഗങ്ങളല്ലാത്തവർക്കും വെവ്വേറെ മത്സരങ്ങൾ ഉണ്ടായിരിക്കും.

18 വയസ് വരെ – ജൂനിയർ, 18 വയസ് മുതൽ 30 വയസുവരെ യുവജനം, ഈ രണ്ട് വിഭാഗം അംഗങ്ങളല്ലാത്തവർക്കും ബാധകമാണ്.

**മത്സരങ്ങൾ**

**1. ക്വിസ് – 1)** ലോഗോസ് ക്വിസ് അടിസ്ഥാനമാക്കി 25%, 2) മാനുവൽ 2010 അടിസ്ഥാനമായി 25%, 3) വി. വിൻസെന്റ് ഡി പോൾ, വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസാനാം, വാഴ്ത്തപ്പെട്ട കൊണ്ടാർഡോ ഫെറീനി, വാഴ്ത്തപ്പെട്ട ജിയോർജിയോ ഫ്രസാറ്റി എന്നിവരുടെ ജീവചരിത്രം 25%, 4) സഭാ ചരിത്രം 25%.

**2. പ്രസംഗം**

**3. ഉപന്യാസം**

**4. ഭക്തിഗാനാലാപം**

**ഏസി പ്രസിഡണ്ട്മാരുടെ പ്രത്യേക ശ്രദ്ധയ്ക്ക്**

2015 വർഷത്തെ ഡയറിയിൽ പേര് ചേർക്കേണ്ടതിന് എല്ലാ കോൺഫറൻസ് പ്രസിഡണ്ടുമാരുടെയും പേരും ഫോൺനമ്പറും അതുപോലെ തന്നെ ആത്മീയോപദേഷ്ടാവിന്റെ പേരും ഫോൺ നമ്പറും 2014 സെപ്റ്റംബർ 30 ന് മുമ്പായി സിസിയിൽ എത്തിക്കേണ്ടതാണ്.

**ഓസാനാംഭവൻ സന്ദർശനം**

**കൽപറ്റ ഏസി**

17-9-2014 സെന്റ് മേരീസ് പുഴമുടി, 19-9-2014 സെന്റ് ക്ലാരറ്റ് ചാരിറ്റി വൈത്തിരി, 21-9-2014 സെന്റ് മേരീസ് കൽപ്പറ്റ, 23-9-2014 സെന്റ് ജോസഫ് റിപ്പൺ.

**കുറുമ്പാല ഏസി**

25-9-2014 സെന്റ് അൽഫോൻസ പുതുശ്ശേരിക്കടവ്, 27-9-2014 സെന്റ് സെബാസ്റ്റ്യൻ കുപ്പാടിത്തറ, 29-9-2014 സെന്റ് മേരീസ് കുറുമ്പാല, 01-10-2014 സെന്റ് ജോസഫ് കുറുമ്പാല, 03-10-2014 ക്രിസ്തുരാജ പുതുശേരിക്കടവ്

**മാനന്തവാടി ഏസി**

05-10-2014 സെന്റ് മേരീസ് യവനാർകുളം, 07-10-2014 ലിറ്റിൽ ഫ്ളവർ മുതിരേരി, 09-10-2014 ലിറ്റിൽഫ്ളവർ പുതിയിടം, 11-10-2014 വാഴ്ത്തപ്പെട്ട മദർ തെരേസ വിമലനഗർ, 13-10-2014 സെന്റ് ഫിലോമിന ആലാറ്റിൽ, 15-10-2014 ലിറ്റിൽ ഫ്ളവർ മാനന്തവാടി.

ഒരിക്കൽകൂടി എല്ലാ വിൻസെൻഷ്യൻ സഹോദരീ സഹോദരങ്ങൾക്കും കുടുംബാംഗങ്ങൾക്കും സംഘടനയുടെ സ്ഥാപകനായ വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസാനാമിന്റെ നാമത്തിൽ എല്ലാവിധ ആശംസകളും നേർന്നുകൊണ്ട് പ്രാർത്ഥനയോടെ,

**ബ്രദർ എം. സി. തോമസ് മാങ്ങൻ**
സി.സി. പ്രസിഡണ്ട്

# സാമൂഹ്യ സേവനരംഗം (WSSS)

## ജൈവസാക്ഷ്യപത്ര ലഭ്യതാ പദ്ധതി

ജൈവകൃഷി സാക്ഷ്യപത്രലഭ്യതാ പദ്ധതിയുടെ ഭാഗമായി ജൂലൈ മാസത്തോടെ 568 കർഷകരെ പുതിയതായി പദ്ധതിയിൽ ഉൾപ്പെടുത്താൻ സാധിച്ചു. നിലവിൽ പദ്ധതിയിൽ അംഗങ്ങളായ മുഴുവൻ കർഷകരും കർഷകഗ്രൂപ്പുകളായി ബാങ്കിൽ അക്കൗണ്ട് തുടങ്ങുകയും പ്രവർത്തനമാരംഭിക്കുകയും ചെയ്തു. ആകെ 390 കർഷക ഗ്രൂപ്പുകളാണ് നിലവിലുള്ളത്. ഇതുവരെ 5935 ഫാമുകളിൽ ഇന്റേണൽ ഇൻസ്പെക്ഷൻ പൂർത്തീകരിക്കുകയും ആഗസ്റ്റ് മാസത്തോടെ മുഴുവൻ ഫാമുകളിലെയും ഇൻസ്പെക്ഷൻ പൂർത്തിയാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു. ജൂലൈ മാസത്തിൽ റീജിയണൽ ഫീൽഡ് കോ-ഓഡിനേറ്റേഴ്സ് 207 കർഷക ഗ്രൂപ്പുകളുടെ മീറ്റിംഗുകളിൽ പങ്കെടുക്കുകയും ക്ലാസ്സുകൾ നൽകുകയും ചെയ്തു.

## വോഫ

## സംഭരണം, വിപണനം

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ജൈവ-ഫെയർ ട്രേഡ് കർഷക സംഘടനയായ WSSS ഓർഗാനിക് ഫാർമേഴ്സ് ഫെയർ ട്രേഡ് അസോസിയേഷൻ 2014 ജൂലൈ മാസത്തിൽ 38400 കി. ഗ്രാം കാപ്പി ഫെയർ ട്രേഡിലൂടെ സംഭരിക്കുകയും വിപണനം ചെയ്യുകയും ചെയ്തു.

## ബൈലോ ഭേദഗതി

സംഘടനയുടെ ബൈലോ ഭേദഗതി ചെയ്യുന്നതിനായുള്ള പ്രവർത്തനങ്ങൾ വാർഷിക പൊതുയോഗതീരുമാനപ്രകാരം നടന്നുവരുന്നു.

## അംഗത്വം പുതുക്കൽ

വോഫയുടെ വാർഷിക പൊതുയോഗത്തിനുശേഷം സംഘടനയുടെ 2014-15 വർഷത്തെ ഭരണസമിതി ലിസ്റ്റും, 2013-14 വർഷത്തെ

വരവു-ചെലവു കണക്കുകളും സൊസൈറ്റി രജിസ്ട്രാർ ഓഫീസ് കൽപ്പറ്റയിൽ നൽകുകയും, അംഗത്വം പുതുക്കുകയും ചെയ്തു.

**റിപ്പോർട്ട്**

ഫെയർ ട്രേഡ് മാനദണ്ഡ പ്രകാരം ഫെയർട്രേഡിലൂടെ സംഭരിക്കുന്നതും വിപണനം ചെയ്തതുമായ ഉത്പന്നങ്ങളുടെ റിപ്പോർട്ട് FLO-CERT Germany ഓഫീസിലേക്ക് അയച്ചുകൊടുക്കുകയും സംഘടനയുടെ സംഭരണത്തിന്റെയും വിപണനത്തിന്റെയും വിശദവിവരങ്ങൾ ശേഖരിക്കുകയും ചെയ്തു.

**മാർക്കറ്റിംഗ് വിഭാഗം**

2014 ജൂലൈ മാസത്തിൽ മാർക്കറ്റിംഗ് വിഭാഗത്തിന് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവക്കുന്നതിന് സാധിച്ചു. കാപ്പി കയറ്റുമതി ചെയ്യുന്നതിലൂടെ JDGFT യിൽ നിന്നും സബ്സീഡിയായി 523781 രൂപ ലഭ്യമാക്കുന്നതിനും കർഷകരിൽ നിന്നും ജൈവ ഉത്പന്നങ്ങൾ സംഭരിച്ച് 1,09,53,936 രൂപയുടെ വിപണനം നടത്തുന്നതിനും മാർക്കറ്റിങ് വിഭാഗത്തിന് സാധിച്ചു.

**സോഷ്യൽ വെൽഫയർ സൊസൈറ്റി (SWS)**

**ജൂബിലി വർഷാഘോഷം**

2014 ജൂലൈ 15-ാം തീയതി പാൽച്ചുരം സോഷ്യൽ വെൽഫയർ സൊസൈറ്റി 'ജൂബിലി വർഷാഘോഷം' നടത്തി. പാരീഷ് ഹാളിൽ ചേർന്ന പൊതുസമ്മേളനത്തിൽ SWS ഡയറക്ടർ റവ. ഫാ. ഡെന്നീസ് പൂവ്വത്തിങ്കൽ അദ്ധ്യക്ഷത വഹിച്ചു. WSSS ജോ. ഡയറക്ടർ റവ. ഫാ.ബിജോ കറുകപ്പള്ളി സമ്മേളനം ഉദ്ഘാടനം ചെയ്തു. WSSS ജലനിധി ടീം ലീഡർ ശ്രീ. ഒ. പി. അബ്രാഹം മുഖ്യപ്രഭാഷണം നടത്തി. കൊട്ടിയൂർ പഞ്ചായത്ത് 6-ാം വാർഡ് മെമ്പർ ശ്രീ. മാത്യു കൊച്ചുതറ, മേഖലാ കോ-ഓഡിനേറ്റർ വത്സ തോമസ് എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു.

**SWS സെക്രട്ടറി മീറ്റിംഗ്**

സോഷ്യൽ വെൽഫയർ സൊസൈറ്റി സെക്രട്ടറിമാരുടെ മീറ്റിംഗ് ജൂലൈ 14 ന് WSSS ഓഫീസ് ഓഡിറ്റോറിയത്തിൽ വെച്ച് നടത്തി. ശ്രീ. പി.എ. ജോസ് (ജനറൽ കോ-ഓഡിനേറ്റർ, WSSS) ജനകീയ പ്രസ്ഥാനങ്ങളും അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും എന്ന വിഷയത്തെ ആസ്പദമാക്കി നൽകിയ ക്ലാസ്സിൽ 47 അംഗങ്ങൾ പങ്കെടുത്തു.

**SWS - CDO മീറ്റിംഗ്**

സോഷ്യൽ വെൽഫയർ സൊസൈറ്റി CDO മാരുടെ യോഗം ജൂലൈ 20 ന് WSSS ഓഡിറ്റോറിയത്തിൽ വെച്ച് ചേർന്നു. യോഗത്തിൽ

ശ്രീ. എൻ. ജെ. ചാക്കോ 'കുടുംബകൃഷി' യെ അടിസ്ഥാനമാക്കി ക്ലാസ്സ് നൽകി.

## നബാർഡ് സമഗ്ര ആദിവാസി വികസന പദ്ധതി

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തൊണ്ടർനാട് തവിഞ്ഞാൽ ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്ന സമഗ്ര ആദിവാസി വികസന പദ്ധതിയുടെ ഭാഗമായി നിരവധി പ്രവർത്തനങ്ങൾ നടത്തുവാൻ സാധിച്ചു. മറാട്ടി, ചാലിൽ എന്നീ കോളനികളിൽ കോളനി വാസികൾക്കുവേണ്ടി മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു. കാസർക്കോട് നിന്നുള്ള RSO ടീം കോളനികൾ സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

## സേവ് എ ഫാമിലി പ്രോഗ്രാം

2014 ജൂലൈ മാസത്തിൽ സേവ് എ ഫാമിലി പ്രോഗ്രാമിൽ നിരവധി പ്രവർത്തനങ്ങൾ നടത്തുവാൻ സാധിച്ചു. ദത്തു കുടുംബങ്ങൾക്കുവേണ്ടി റീജിയണൽ അടിസ്ഥാനത്തിൽ മീറ്റിംഗുകൾ നടത്തി. മാനന്തവാടി റീജിയണിലെ ദത്തു കുടുംബങ്ങൾക്കുവേണ്ടി 2014 ജൂലൈ മാസം 23-ാം തീയതി WSSS ഓഡിറ്റോറിയത്തിൽ വെച്ച് റീജിയണൽ മീറ്റിംഗ് സംഘടിപ്പിച്ചു. യോഗത്തിൽ റവ. ഫാ. ജോൺ ജോസഫ് ചൂരപ്പുഴയിൽ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. 'കുടുംബകൃഷി' യെ അടിസ്ഥാനമാക്കി ശ്രീ. എൻ. ജെ. ചാക്കോ ക്ലാസ്സ് നയിച്ചു.

പുൽപ്പള്ളി റീജിയണിലെ സേവ് എ ഫാമിലി കുടുംബങ്ങൾക്കുവേണ്ടി ജൂലൈ മാസം 24-ാം തീയതി പട്ടാണിക്കൂപ്പ് ഇൻഫന്റ് ജീസസ് ദേവാലയത്തിൽ വെച്ച് റീജിയണൽ മീറ്റിംഗ് സംഘടിപ്പിച്ചു. മീറ്റിംഗിൽ പട്ടാണിക്കൂപ്പ് വികാരി റവ. ഫാ. തോമസ് ഒറ്റപ്ലാക്കൽ അദ്ധ്യക്ഷത വഹിക്കുകയും റവ. ഫാ. ജോൺ ജോസഫ് ചൂരപ്പുഴയിൽ (ഡയറക്ടർ, WSSS) ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. ശ്രീ. എൻ. ജെ. ചാക്കോ കുടുംബകൃഷിയെ അടിസ്ഥാനമാക്കി ക്ലാസ്സ് നൽകി. ആഗോളതലത്തിൽ കുടുംബകൃഷി വർഷമായി ആചരിക്കുന്ന ഈ സാഹചര്യത്തിൽ സേവ് എ ഫാമിലി കുടുംബങ്ങളിൽ കുടുംബകൃഷി ഉറപ്പുവരുത്തുന്നതിനുവേണ്ടി റിജിയണൽ അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി മത്സരം നടത്തുവാൻ തീരുമാനിച്ചു. സെപ്റ്റംബർ ആദ്യവാരം മുതൽ നവംബർ ആവസാനവാരം വരെയാണ് മത്സരത്തിന് കാലയളവ് നൽകിയിരിക്കുന്നത്.

കൂടാതെ മുൻകൂട്ടി നിശ്ചയിച്ചിരുന്നതനുസരിച്ച് 18 കുടുംബങ്ങൾക്ക് വരുമാന വർദ്ധക പരിപാടി തുടങ്ങുന്നതിനായി തുക

വിതരണം ചെയ്തു. റീജിയണൽ ആനിമേറ്റേഴ്സ് എല്ലാ മാസത്തെയും പോലെ കുടുംബങ്ങൾ സന്ദർശിക്കുകയും വരുമാന വർദ്ധക പരിപാടികൾ കണ്ട് വിലയിരുത്തുകയും ചെയ്തു.

## ബയോഗ്യാസ് വികസന പദ്ധതി

പുൽപ്പള്ളി കൊളറാട്ടുകുന്ന്, കുറ്റിയാംവയൽ, ചൂരൽമല എന്നീ സ്ഥലങ്ങളിൽ 3 ബയോ-ഗ്യാസ് പ്ലാന്റുകൾ കമ്മീഷൻ ചെയ്തു. മക്കിയാട്, കുറ്റിമൂല, കല്ലുമുട്ടംകുന്ന് തുടങ്ങിയ സ്ഥലങ്ങളിൽ പുതിയ പ്ലാന്റുകൾ നിർമ്മിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടക്കുന്നു.

## തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനം

കേരള നാളികേര വികസന ബോർഡും WSSS ഉം സംയുക്തമായി സംഘടിപ്പിക്കുന്ന സൗജന്യ തെങ്ങുകയറ്റ/തെങ്ങുകൃഷി പരിശീലനത്തിന്റെ XII, XIII ബാച്ചുകൾ വിജയകരമായി നടപ്പാക്കി. 46 അംഗങ്ങൾക്ക് ഈ ബാച്ചുകളിലൂടെ പരിശീലനം നൽകുവാൻ സാധിച്ചു. അടുത്ത പരിശീലനം 2014 ആഗസ്റ്റ് 25-ാം തീയതി രാവിലെ 9 മണിക്ക് ബോയ്സ് ടൗൺ ട്രെയിനിംഗ് സെന്ററിൽ ആരംഭിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ WSSS ഓഫീസുമായി ബന്ധപ്പെടുക.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
WSSS ഡയറക്ടർ

# കേരള ലേബർ മൂവ്മെന്റ് (KLM)

ക്രിസ്തീയ ദർശനങ്ങളിൽ അടിയുറച്ച് ജാതിമതപ്രാദേശിക ഭേദ മെന്യേ എല്ലാവർക്കും വേണ്ടിയാണ് കേരള ലേബർ മൂവ്മെന്റ് എന്ന സാമൂഹിക സന്നദ്ധ സംഘടന പ്രവർത്തിക്കുന്നത്. എല്ലാ വൈദികരും സന്യസ്തരും അത്മായരും കേരള ലേബർ മൂവ്മെന്റിനു നാളിതുവരെ നൽകിവരുന്ന എല്ലാ സഹായസഹകരണങ്ങൾക്കും എല്ലാവിധ നന്ദിയും അറിയിക്കുന്നു. KLM മാനന്തവാടി ഘടകത്തിന്റെ പ്രവർത്തനങ്ങൾ എല്ലാം വളരെ ഭംഗിയായി പോകുന്നു.

**ബോധവൽക്കരണ ക്ലാസ്സുകൾ**

രൂപതയുടെ വിവിധ ഇടവകകളിൽ KLM നെ കുറിച്ചും വിവിധ ക്ഷേമനിധി പദ്ധതികളെക്കുറിച്ചും ഉള്ള ക്ലാസ്സുകൾ നടത്തി. രൂപത ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളി, ലിബിൻ വി. എസ്, ആലീസ് സിസിൽ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ജൂലൈ 13 ന് റവ. ഫാ. ബിജോ കറുകപ്പള്ളി കുറുമ്പാലക്കോട്ട സെന്റ് ജൂഡ്സ് പള്ളി യിൽ വെച്ചും ജൂലൈ 20 ന് മുട്ടിയേൽ സെന്റ് അൽഫോൻസാ പള്ളി യിൽ വച്ചും ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു.

**സുരക്ഷ ക്ലിനിക്**

രൂപതയുടെ വിവിധ ഇടവകകളിൽ KLM സുരക്ഷാ ക്ലിനിക്കു കൾ നടത്തി. 32 ആളുകൾ കൂടി സുരക്ഷയിൽ പുതിയ അംഗത്വം എടുത്തു.

ജൂലൈ മാസം കണ്ണൂർ ജില്ലാ നിർമ്മാണ തൊഴിലാളി ക്ഷേമ നിധി ഓഫീസിൽ പുതിയ അപേക്ഷകൾ നൽകി.

**പ്രത്യേക അറിയിപ്പ്**

കേരള ലേബർ മൂവ്മെന്റിന്റെ ശാക്തീകരണം മുന്നിൽ കണ്ടു കൊണ്ട് അസംഘടിത മേഖലയിലെ കൂടുതൽ തൊഴിലാളികളെ സുരക്ഷ പോളിസിയിലും ക്ഷേമനിധി പദ്ധതിയിലും അംഗങ്ങളാക്കു വാനായി പ്രാദേശിക തലത്തിൽ ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുന്നുണ്ട്. ഇതിൽ പരമാവധി തൊഴിലാളികളെ പങ്കെടുപ്പി ക്കുവാൻ ഇടവക വികാരിയച്ചന്മാരും സന്യസ്തരും സംഘടനാ നേതൃത്വ നിരയും പ്രത്യേകം ശ്രദ്ധ ചെലുത്തുമല്ലോ. കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന നമ്പറുകളിൽ ബന്ധപ്പെടുക.

Ph: 04935-240314, 9447264935, 9562766224

**ഫാ. ബിജോ കറുകപ്പള്ളി**
ഡയറക്ടർ, KLM

## റേഡിയോ മാറ്റൊലി 90.4 mhz

**ഫാ. മനോജ് കാക്കോനാലിന് സ്വാഗതം**

റേഡിയോ മാറ്റൊലിയുടെ അസി. ഡയറക്ടറായി (Projects) ഫാ. മനോജ് കാക്കോനാൽ 2014 ആഗസ്റ്റ് 11 ന് ചാർജ്ജെടുത്തു. അച്ചന്റെ എല്ലാ പ്രവർത്തനങ്ങൾക്കും വിജയാശംസകളും ഭാവുകങ്ങളും നേരുന്നു.

**സ്നേഹപൂർവ്വം - ഫോൺ ഇൻ പ്രോഗ്രാം**

സ്നേഹാന്വേഷണങ്ങൾക്കും ഇഷ്ടഗാനങ്ങൾക്കും ഒരു വേദി. ശ്രോതാക്കൾ അവരുടെ സന്തോഷങ്ങളും സങ്കടങ്ങളും, വിശേഷങ്ങളും അനുഭവങ്ങളും പങ്കുവെക്കുന്നു. കത്തുകളിലൂടെയും വിശേഷങ്ങൾ പങ്കുവെക്കാം.

കത്തുകൾ അയക്കേണ്ട വിലാസം:

സ്റ്റേഷൻ ഡയറക്ടർ, റേഡിയോ മാറ്റൊലി
ദ്വാരക, നല്ലൂർനാട് പോസ്റ്റ്, മാനന്തവാടി – 670 645

**പാനൽ ചർച്ച**

'വന്യമൃഗങ്ങളും വയനാടൻ കർഷകരും' എന്ന വിഷയത്തെ അടിസ്ഥാനമാക്കി പാനൽ ചർച്ച നടത്തി. ശ്രീ. എം. സുരേന്ദ്രൻ മോഡറേറ്ററായിരുന്നു. അഡ്വ. ജോഷി സിറിയക്, ശ്രീ. ശശീന്ദ്രൻ വാനമ്പാടി, ശ്രീ. പോൾ കൂനംപറമ്പിൽ എന്നിവർ പങ്കെടുത്തു.

**ഫാ. ജോസ് കാവുങ്കൽ**
അസി. ഡയറക്ടർ

# MARY MATHA ARTS & SCIENCE COLLEGE

**Tidings since 1 August 2014**

Dr. Saban K V, MSc, MPhil, PhD, Associate Professor in Physics, St. Berchmans' College, Changanacherry and Member, Technical Support Group, RUSA, Govt. of Kerala has been appointed the Principal of the College. He assumed office on 12 August 2014. A warm reception to the new principal was offered by the students, teachers and staff. Rev. Msgr. Mathew Madappallikunnel, Vicar General, Diocese of Mananthavady, Rev. Fr. Joseph Paruvummel, Rev. Fr. Manoj Kavalakkadan, Rev. Fr. Chandy Punakkatt, the Manager and other distinguished representatives from the management graced the occasion by their presence and inducted the Principal.

Newly sanctioned B Sc Degree Programme in Physics was started on 12 August with 24 students. Rev. Fr. Manager, the Principal and Sr. Asoontha Mathew FCC, Dept. of Physics welcomed the students to the College.

The first year Under Graduate students were enrolled in the National Cadet Corps (NCC) on 1 August 2014. Dr. Balachandran Keezhoth, Registrar of Kannur University inaugurated the enrolment programme.

The College celebrated the 68th Independence Day on 15 August. Associative NCC Officer, Dr. Lt. Rajeev Thomas welcomed the gathering. Dr. Saban Kurumthottam, the Principal hoisted the National Flag, addressed the meeting and urged the cadets and the youth to fight a battle of their strength against the most malicious diseases- corruption and communalism. Rev. Fr. Manager also spoke on the occasion.

The Music Club of the College, under the leadership of Mr. Jocymon Joseph, Dept. of English, organized an interdepartmental Patriotic Song Competition on 18 August 2014. Departments of English, Chemistry and Mathematics bagged the first three prizes, in order.

In the XII five year plan (2012-17), the College decided to submit a proposal, worth rupees 1 crore, to the University Grants Commission, for the construction of a Multi Purpose Gymnasium. Dr. Maria Martin Joseph has been given the responsibility of preparing and submitting the proposal before 30 August 2014.

**Fr. Chandy Punakkatt** - Manager

# CEADOM വിദ്യാഭ്യാസ മേഖല

ഒരു പുതിയ മലയാള വർഷം കൂടി ആരംഭിച്ചിരിക്കുകയാണല്ലോ. എല്ലാവർക്കും ഈ പുതുവർഷം അനുഗ്രഹം നിറഞ്ഞതാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു, ആശംസിക്കുന്നു.

**പുതിയ ഹയർസെക്കന്ററി സ്കൂളുകൾ**

മാനന്തവാടി രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ എജൻസിയുടെ കീഴിൽ പ്രവർത്തിക്കുന്ന മണിമൂളി ക്രൈസ്റ്റ് കിംഗ് ഹൈസ്ക്കൂൾ, കണിയാരം ഫാ.ജി.കെ.എം.എച്ച്.എസ്, എന്നീ സ്കൂളുകൾ GO (MS) No. 143/2014/G.Edn.dtd 31/07/2014 ഓർഡർ പ്രകാരം ഹയർ സെക്കന്ററിയായി ഉയർത്തി. നടവയൽ സെന്റ് തോമസ് ഹയർ സെക്കന്ററിയിൽ പുതിയ ഒരു ബാച്ച്കൂടി അനുവദിച്ച് കിട്ടി. പ്രസ്തുത ഇടവകകളിലെ വികാരിയച്ചൻമാർക്കും എല്ലാ പ്രധാന അദ്ധ്യാപകർക്കും, അദ്ധ്യാപകർക്കും, അനദ്ധ്യാപകർക്കും, പ്രത്യേകം അഭിനന്ദനങ്ങൾ അറിയിക്കുന്നു. ഭാവിയുടെ വാഗ്ദാനങ്ങളായ കുട്ടികളെ വാർത്തെടുക്കുന്നതിന് നല്ല ദൈവം നിങ്ങളേവരെയും അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. മണിമൂളി ക്രൈസ്റ്റ് കിംഗ് ഹൈസ്ക്കൂളിൽ നിന്ന്, ഡെപ്യൂട്ടി ഹെഡ്മാസ്റ്റർ തസ്തികയിലേയ്ക്ക് ഉയർത്തപ്പെട്ട അന്നമ്മ കെ.സി. റ്റീച്ചറിന് സിഡോം ഫാമിലിയുടെ അഭിനന്ദനങ്ങളും, നന്മകളും നേരുന്നു.

**പ്രധാനാദ്ധ്യാപക സമ്മേളനം**

2014 ആഗസ്റ്റ് 9 ശനിയാഴ്ച രാവിലെ 10.00 am മുതൽ 1.00 pm വരെ രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള എല്ലാ സ്ക്കൂളുകളിലെയും പ്രധാനാദ്ധ്യാപകർ, സീനിയർ അസിസ്റ്റന്റ്, സ്റ്റാഫ് സെക്രട്ടറി എന്നിവരുടെ യോഗം ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. സ്കൂളിന്റെ പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ വിലയിരുത്തുകയും, കുട്ടികളുടെ പഠനനിലവാരവും, പഠനാനുബന്ധ പ്രവർത്തനവും കൂടുതൽ മെച്ചപ്പെട്ടതാക്കുന്നതിനും, പുതിയ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നതിനും വേണ്ടി അഭിപ്രായങ്ങൾ സ്വരൂപിക്കുകയും ചെയ്തു

ഈ വർഷം അവസാനത്തോടെ ഒരു അദ്ധ്യാപക കൺവെൻഷൻ നടത്തുന്നതിന് തീരുമാനിക്കുകയും അതിന്റെ പ്രവർത്തനങ്ങൾക്കായി ഒരു കമ്മറ്റി രൂപീകരിക്കുകയും ചെയ്തു.

കൺവെൻഷൻ കമ്മറ്റി അംഗങ്ങൾ ആയി Sri. N.V.George Kallody, Sri.Tomy N.U Nadavayal, Sri.Shaji Varghese Dwaraka, Sri.Thomas Mathew Payyampally, Smt.Thresiamma George Kabanigiri, Smt.Elizabeth C Chirayil Kottiyoor, Sri.Rajan Thariyode എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു.

കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ പ്രവർത്തനങ്ങൾ കൂടുതൽ സുഗമവും ഏകീകൃതവുമാക്കുന്നതിനായി ഒരു Annual Planning Committee രൂപീകരിക്കുകയും കമ്മറ്റി അംഗങ്ങൾ ആയി Sri.Benny Antony Thariyode, Sri. Johnson T Pazhoor, Sri. Thomas M.U Kottiyoor, Sri. Jose Mathew kaniyaram, Smt.Thresiamma George Kottathara എന്നിവർ തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

CWC ചെയർമാൻ ഫാ.തോമസ് ജോസഫ് തേരകം Child Welfare ആയി ബന്ധപ്പെട്ട നിയമങ്ങളെപറ്റിയും, അതിൽ സ്കൂൾ അധ്യാപകർ എന്ന നിലയിൽ ശ്രദ്ധിക്കേണ്ടതും നൈയാമികവുമായ കാര്യങ്ങളെക്കുറിച്ചും വ്യക്തമായി ക്ലാസ്സുകൾ എടുത്തു അച്ചന് പ്രത്യേകം നന്ദി അറിയിക്കുന്നു.

ഭാരത് സ്കൗട്ട് & ഗൈഡ്സിന്റെ വയനാട് ജില്ലാ പ്രസിഡന്റായ ശ്രീ. ജോസ് പുന്നക്കുഴി ഭാരത് സ്കൗട്ട് & ഗൈഡ്സിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും സ്കൂളുകളിൽ ഈ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ എങ്ങനെ പ്രവർത്തിക്കണമെന്നും വ്യക്തമായി വിശദീകരിച്ചു നൽകി. ജോസ് സാറിന് പ്രത്യേകം നന്ദി അറിയിക്കുന്നു.

കുട്ടികൾക്ക് വേണ്ടിയുള്ള ആക്സിഡന്റ് ഇൻഷ്യുറൻസ് പോളിസിയെക്കുറിച്ച് സംസാരിച്ച ശ്രീ. ജയൻ, ആക്സിസ് ബാങ്ക് ബത്തേരിയ്ക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

സമ്മേളനവും ചർച്ചകളും സജീവമാക്കുകയും സമ്മേളനത്തിൽ പങ്കെടുക്കുകയും ചെയ്ത 98 അദ്ധ്യാപകർക്കും സഹകരിച്ച എല്ലാവർക്കും അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു.

**പൂൾ ലിസ്റ്റ് രൂപീകരണം (റാങ്ക് ലിസ്റ്റ് )**

മാനന്തവാടി രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി HSA, UPSA, LPSA എന്നീ വിഭാഗങ്ങളിലേക്ക് നിയമനങ്ങൾക്കായി അദ്ധ്യാപകരുടെ പുതിയ പൂൾ ലിസ്റ്റ് തയ്യാറാക്കുന്നതിനെക്കുറിച്ച് ഇടവകകളിൽ അറിയിക്കുകയും എല്ലാ സഹായസഹകരണങ്ങളും

നൽകുകയും ചെയ്ത എല്ലാ വികാരിയച്ചൻമാർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു. രജിസ്ട്രേഷൻ 2014 ഓഗസ്റ്റ് 18 ന് ആരംഭിച്ചു 2014 നവംബർ 10 വരെ മാത്രമേ രജിസ്ട്രേഷൻ ഉണ്ടായിരിക്കുകയുള്ളൂ എന്ന് ഒരിക്കൽ കൂടി ഓർമ്മിപ്പിക്കുന്നു.

**ലഹരി വിമുക്ത വർഷാചരണം**

ലഹരി വിമുക്ത വർഷാചരണത്തിന്റെ ഭാഗമായി നമ്മുടെ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള എല്ലാ സ്ക്കൂളുകളിലും 14-07-2014 -ാം തീയതി രാവിലെ 10.00 am -ന് പ്രത്യേക അസംബ്ലി ചേർന്ന് അഭിവന്ദ്യ പിതാവിന്റെ ലഹരി വിമുക്ത നിർദ്ദേശങ്ങൾ അടങ്ങിയ സർക്കുലർ വായിക്കുകയും ഒപ്പം ഓഫീസിൽ നിന്നും നൽകിയ നിർദ്ദേശങ്ങൾക്കനുസരിച്ച് സജീവമായി പ്രവർത്തിക്കുകയും ചെയ്ത് സഹകരിച്ച എല്ലാ പ്രധാന അദ്ധ്യാപകരെയും, അദ്ധ്യാപകരെയും, അനദ്ധ്യാപകരെയും, കുട്ടികളെയും പ്രത്യേകം അഭിനന്ദിക്കുകയും അനുമോദിക്കുകയും ചെയ്യുന്നു.

**സ്കൂളുകളുടെ പ്രവർത്തന റിപ്പോർട്ട്**

1) ഫാ.ജി.കെ.എം.എച്ച്.എസ് കണിയാരം:- 02/06/2014 -ൽ ലഹരി വിരുദ്ധ ക്ലബ് രൂപീകരിച്ചു. 13/06/2014-ന് ലഹരി വിരുദ്ധ ക്ലബിന്റെ ആദ്യജനറൽ ബോഡി കൂടി. 26/06/2014-ന് ലോക ലഹരി വിരുദ്ധദിനം സമുചിതമായി കൊണ്ടാടുകയും, അന്നേദിനം സ്കൂളിൽ പ്രത്യേക അസംബ്ലി കൂടുകയും ലഹരിവിരുദ്ധ കൺവീനർ ശ്രീ.ജോസ് മാത്യു രചിച്ച് സംഗീത സംവിധാനം നിർവ്വഹിച്ച ലഹരി വിരുദ്ധഗാനം എല്ലാവരും ചേർന്ന് ആലപിക്കുകയും ചെയ്തു. ഒരു കിലോമീറ്ററിലധികം നീളത്തിലുള്ള ഒറ്റ നൂലിൽ കോർത്ത വ്യത്യസ്ത തരത്തിലുള്ള 1200 പോസ്റ്റുകളുമായി ലഹരി വിരുദ്ധറാലി നടത്തുകയും ചെയ്തു. ഇതിനോടനുബന്ധിച്ച് സ്കൂളിൽ ലഹരി വിരുദ്ധ പോസ്റ്റർ, മുദ്രാവാക്യങ്ങൾ എന്നിവയുടെ മത്സരങ്ങൾ നടത്തി സമ്മാനം നൽകുകയും ചെയ്തു. എല്ലാ വെള്ളിയാഴ്ചയും 1.30 pm ന് ലഹരി വിരുദ്ധ പ്രസംഗം നടത്താൻ തീരുമാനിച്ചു.

04/07/2014-ന് സ്കൂൾ പി.റ്റി.എ എക്സിക്യൂട്ടീവ് യോഗം ചേർന്ന് സ്കൂളിൽ മനോരമയുടെ നല്ല പാഠം പദ്ധതി തുടങ്ങാനും അതിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾകൂടി ഉൾപ്പെടുത്താനും തീരുമാനിച്ചു.

**ഫാ. ബിജു പൊൻപാറയ്ക്കൽ**
കോർപ്പറേറ്റ് മാനേജർ

# അറിയിപ്പുകൾ



**കറസ്പോണ്ടൻസ് കൗൺസിലിംഗ് കോഴ്സ്**

ആധുനിക ജീവിതം വളരെ വേഗതയേറിയതും സങ്കീർണ്ണവുമായി തുടർന്നുകൊണ്ടിരിക്കയാണ്. അതുപോലെ തന്നെ ആധുനിക മനുഷ്യന്റെ പ്രതിക്ഷകളും സങ്കൽപങ്ങളും. ഈ സങ്കൽപങ്ങൾക്കും പ്രതീക്ഷകൾക്കുമനുസരിച്ച് ജീവിതം പച്ചപിടിപ്പിക്കുവാനുള്ള ഓട്ടപ്പാച്ചിലിൽ ഒന്നു വിശ്രമിക്കുവാനോ, നാമുമായി ബന്ധപ്പെട്ടവർക്ക് വേണ്ട പരിഗണനയും ശ്രദ്ധയും നൽകുവാനോ കഴിയുന്നില്ല. ഇതുവഴി കുട്ടികളുടെയും ഭാര്യാഭർത്താക്കന്മാരുടെയും ഇടയിൽ മാനസികാരോഗ്യ പ്രശ്നങ്ങൾ വർദ്ധിച്ചുവരുന്നു.

ഏതാണ്ട് 60% ത്തോളം മാനസികാരോഗ്യ പ്രശ്നങ്ങളും സമയോചിതമായ ശാസ്ത്രീയ ഇടപെടലുകൾ മൂലം പൂർണ്ണമായും നീക്കം ചെയ്യുവാൻ സാധിക്കും. എന്നാൽ ഇത്തരം കാര്യങ്ങളെകുറിച്ചുള്ള വ്യക്തമായ അറിവില്ലായ്മ പലപ്പോഴും വിദ്യാസമ്പന്നരെപോലും ഇങ്ങനെയുള്ള പ്രശ്നങ്ങൾ അശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നവരിലേയ്ക്ക് നയിക്കുന്നു. അതുകൊണ്ടുതന്നെ ഇത്തരം മാനസീകാരോഗ്യ പ്രശ്നങ്ങൾ എന്താണെന്നും, അവ സമയോചിതമായി കൈകാര്യം ചെയ്യേണ്ടത് എങ്ങനെയെന്നും, നാം അറിഞ്ഞിരിക്കേണ്ടതാണ്.

ഈ ലക്ഷ്യം മുൻനിർത്തി താമരശ്ശേരി രൂപതയുടെ കീഴിൽ പ്രവർത്തിക്കുന്ന മനോമയ സൈക്കോതെറാപ്പ്യുട്ടിക്ക് & കൗൺസിലിംഗ് സെന്റർ കറസ്പോണ്ടൻസ് കൗൺസിലിംഗ് കോഴ്സ് നടത്തുന്നു. ഈ സംരംഭത്തിന്റെ ലക്ഷ്യം മാതാപിതാക്കളെയും മതാധ്യാപകരെയും, സ്കൂൾ അധ്യാപകരെയും സന്യസ്തരെയും വിശ്വാസികളെയും ഇന്നിന്റെ വലിയ ദു:ഖമായ മാനസികാരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുക, ആവശ്യമായ അറിവ് പകർന്നു നൽകുക എന്നതാണ്. മനശ്ശാസ്ത്രം ഏറ്റവും ലളിതമായി മനസ്സിലാക്കി കൊടുക്കുന്ന ഈ കോഴ്സിൽ അധ്യാപകർക്കു മാത്രമല്ല, ഈ വിഷയത്തിൽ


താൽപര്യമുള്ളവരും അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയുള്ളവരുമായ ആർക്കും പങ്കെടുക്കാവുന്നതാണ്.

- കോഴ്സിന്റെ കാലാവധി 1 വർഷമാണ്.
- കോഴ്സുമായി ബന്ധപ്പെട്ട പാഠങ്ങളും ക്ലാസുകളും മലയാളത്തിലായിരിക്കും.
- ഓരോ മാസത്തെയും പാഠങ്ങൾ പോസ്റ്റ് വഴി എത്തിക്കുന്നതായിരിക്കും.
- 3 മാസം കൂടുമ്പോൾ Contact Class (പൊതു അവധിദിവസം) മാനന്തവാടിയിൽ വച്ച് നടത്തുന്നതായിരിക്കും.
- നിങ്ങൾക്ക് വീട്ടിലിരുന്നുകൊണ്ട് തന്നെ പഠിച്ച്, പരീക്ഷ എഴുതി സർട്ടിഫിക്കറ്റ് കരസ്ഥമാക്കാവുന്നതാണ്.
- രജിസ്ട്രേഷൻ ഫീസായ 100 രൂപ ഉൾപ്പെടെ മൊത്തം ഫീസ് 2100 രൂപയാണ്. അപേക്ഷാ ഫോമിനോടൊപ്പം മൊത്തം ഫീസ് ഒരുമിച്ച് അയക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് ഞങ്ങളുമായി ബന്ധപ്പെടുക.

Fr. Wilson Mathew (Director)
Clinical Psychologist
Manomaya Psychotherapeutic & Counselling Centre
Sasthri Nagar Shopping Complex
Mini Bypass Road, Near Passport Office
Eranjhipalam (P.O.), Calicut - 673006
Ph: 9495548035, 9497303165

# Pastoral Centre Programme




**September 2014**

| | | |
|---|---|---|
| 2-30 | - | Postulants Course |
| 5-6 | - | Zion |
| 7 | - | Onam |
| 8-11 | - | MPC |
| 8-12 | - | Jesus Youth |
| 9 | - | Marian Singles |
| 10 | - | CMA Executive |
| 13 | - | Pastoral Council |
| 14-19 | - | Priest's Retreat |
| 21-26 | - | Priest's Retreat |
| 27 | - | Meeting of the Parish Convenors of the Lahari Vimuktha Varsham |
| 28 | - | Logos Exam |
| 28-Oct 2 | - | Zion Retreat |

**Fr. Mathew Periappuram**
Director, Pastoral Centre

# Bishop's Programme



## *September 2014*

| | |
|---|---|
| *1 Mon ....................* | *Visitors' Day* |
| *2 Tue ........................* | *Postulants' Class* |
| *Afternoon ......* | *Kunnoth Seminary* |
| *3Wed .......................* | *Kunnoth Seminary* |
| *5 Fri ........................* | *Out of Station* |
| *6 Sat 7 Sun ............* | *Dwaraka : Pastoral Visit* |
| *8 Mon Morning ......* | *Adikolly : Foundation Stone Laying of the new Church* |
| *Afternoon .........* | *Sulthan Bathery : Blessing of School* |
| *9 Tue .......................* | *Kaniyaram : Quiz Programme Inauguration* |
| *11 Thu .....................* | *Dwaraka : Angel Meet Inauguration* |
| *12 Fri .....................* | *Out of Station* |
| *13 Sat ......................* | *Pastoral Council* |
| *14 Sun 19 Fri ..........* | *Retreat for Priests 1st Batch* |
| *21 Sun 26 Fri ..........* | *Retreat for Priests 2nd Batch* |
| *27 Sat ................* | *Meeting of the Parish Convenors of the Lahari Vimuktha Varsham* |
| *28 Sun ....................* | *Panamaram: Pastoral Visit* |
| *30 Tue ..................* | *Machikolly: Blessing of the newly constructed Church* |

***October 2014***

| | |
|---|---|
| *1 Wed 09 Thu ..........* | *Out of Station* |
| *10 Fri .................* | *Biowin Factory Inauguration* |
| *11 Sat ....................* | *Nadavayal : CMC Provincial House Blessing of Annex* |
| *13 Mon ................* | *Divine Providence Seminary* |
| *14 Tue .................* | *Out of Station* |
| *15 Wed ................* | *Visitors' Day* |
| *16 Thu 18 Sat .......* | *Bangalore : CBCI Labour Commission Meeting* |
| *19 Sun ..................* | *Bangalore: Blessing of Church at Lingarajapuram* |
| *21 Tue ..................* | *Postulants' Class* |
| *22 Wed ................* | *Mahi* |
| *23 Thu 24 Fri .........* | *Out of Station* |
| *25 Sat ..................* | *Engaged* |
| *26 Sun .................* | *Irumanathur: Blessing of Chapel* |
| *27 Mon ................* | *Visitors' Day* |
| *28 Tue .................* | *Amarakunni : Blessing of the Foundation Stone of the new Church* |
| *29 Wed 31 Fri .........* | *Out of Station* |

• • • • •